# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.06.2024 –ലെ യോഗത്തിന്റെ നടപടിവിവരം

## ഉള്ളടക്കം


| ഖണ്ഡിക നമ്പർ | വിഷയം | പേജ് നമ്പർ |
|---|---|---|
| **1** | **തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2023-24 വർഷത്തെ പദ്ധതി പുരോഗതി** | 1 |
| **2** | **വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.06.2023, 22.06.2023, 03.07.2023, 26.09.2023, 26.10.2023, 14.11.2023, 04.01.2024, 22.01.2024,06.03.2024 എന്നീ തീയതികളിൽ നടന്ന യോഗതീരുമാന പ്രകാരം തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ** | 4 |
| **2.1** | **കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.06.2023 ന കൂടിയ യോഗതീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ** | 4 |
| 4.46 | ആലപ്പുഴ മുനിസിപ്പാലിറ്റി | 4 |
| **2.2** | **കോഓർഡിനേഷൻ കമ്മിറ്റിയുടെ 22.06.2023–ലെ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ** | 4 |
| 4.7 | പെരുമ്പാവൂർ നഗരസഭ | 4 |
| 2.3 | **കോഓർഡിനേഷൻ കമ്മിറ്റിയുടെ 03.07.2023–ലെ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ** | 5 |
| 4.13 | കോട്ടയം നഗരസഭ | 5 |
| 2.4 | **കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.09.2023–ലെ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ** | 6 |
| 4.38 | കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത് | 6 |
| 4.43 | Assert Farming Solution Pvt.Ltd | 7 |
| 2.5 | **കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.10.2023–ലെ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ** | 9 |
| 3.2 | ആംബുലൻസ് | 9 |
| 4.5 | കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് | 11 |
| 4.7 | കായംകുളം നഗരസഭ | 11 |
| 4.13 | കൊല്ലം കോർപ്പറേഷൻ | 12 |
| 4.18 | വട്ടവട ഗ്രാമപഞ്ചായത്ത് | 13 |
| 4.33 | റബ്ഫാം പ്രൊഡ്യൂസർ കമ്പനി **(RUBFARM)** | 14 |
| 2.6 | **കോഓർഡിനേഷൻ കമ്മിറ്റിയുടെ** 14.11.2023**–ലെ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ** | 15 |
| 3.6 | പ്രീ ഫാബ് സാങ്കേതികവിദ്യ | 15 |
| 4.56 | കാറളം ഗ്രാമപഞ്ചായത്ത് | 15 |
| 4.71 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 15 |
| 4.77 | തൂണേരി ബ്ലോക്ക് പഞ്ചായത്ത് | 16 |
| 2.7 | **കോഓർഡിനേഷൻ കമ്മിറ്റിയുടെ 04.01.2024 ലെ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ** | 17 |
| 4.13 | റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത് | 17 |
| **2.8** | **കോഓർഡിനേഷൻ കമ്മിറ്റിയുടെ 22.01.2024–ലെ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ** | 18 |
| 4.6 | എടവനക്കാട് ഗ്രാമപഞ്ചായത്ത് | 18 |
| 4.14 | തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് | 18 |
| 4.27 | വളവന്നൂർ ഗ്രാമപഞ്ചായത്ത് | 19 |
| 4.28 | കൽപ്പകഞ്ചേരി ഗ്രാമപഞ്ചായത്ത് | 20 |
| 4.31 | വിളയൂർ ഗ്രാമപഞ്ചായത്ത് | 21 |
| 4.33 | ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് | 21 |
| 4.34 | കോഡൂർ ഗ്രാമപഞ്ചായത്ത് | 22 |
| 4.36 | പാലക്കാട് ജില്ലാ പഞ്ചായത്ത് | 23 |

| | | |
|---|---|---|
| 4.37 | കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ | 23 |
| 4.47 | പുളിമാത്ത് ഗ്രാമപഞ്ചായത്ത് | 24 |
| 4.70 | പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് | 25 |
| 4.80 | വെച്ചൂർ ഗ്രാമപഞ്ചായത്ത് | 25 |
| 4.83 | തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 26 |
| 4.96 | ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത് | 27 |
| 2.9 | **കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.03.2024 ലെ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ** | 27 |
| 4.7 | ഇടമലക്കുടി ഗ്രാമപഞ്ചായത്ത് | 27 |
| 4.12 | കൊളച്ചേരി ഗ്രാമപഞ്ചായത്ത് | 28 |
| 4.13 | കവിയൂർ ഗ്രാമപഞ്ചായത്ത് | 29 |
| 4.17 | പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് | 30 |
| 4.41 | കോഴിക്കോട് ജില്ലാ പഞ്ചായത്ത് | 31 |
| 4.53 | ചെല്ലാനം ഗ്രാമപഞ്ചായത്ത് | 32 |
| 4.55 | കർണ്ണാടക ആന്റി ബയോട്ടിക്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് | 32 |
| 4.60 | കേരള സ്റ്റേറ്റ് ബുക്ക് മാർക്ക് | 33 |
| 4.67 | കോടഞ്ചേരി ഗ്രാമപഞ്ചായത്ത് | 35 |
| **3** | **പൊതുവിഷയം** | 36 |
| 3.1 | 2023-24-ലെ 'ക്യൂ'ബിൽ | 36 |
| 3.2 | ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകളുടെ പ്രോജക്ട് നിർവ്വഹണം | 37 |
| 3.3 | 2024-25-ലെ വാർഷിക പദ്ധതി ഭേദഗതി | 37 |
| 3.4 | ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ സേവിംഗ്സ് തുക | 37 |
| 3.5 | തനത്ഫണ്ട് ഉപയോഗിച്ചുള്ള പ്രോജക്ടുകൾ | 37 |
| 3.6 | ഇലക്ട്രിക് പ്രവൃത്തികൾക്കുള്ള ജില്ലതല കമ്മിറ്റി | 38 |
| 3.7 | തദ്ദേശഭരണ സ്ഥാപനങ്ങളുടെ റോഡ് ആസ്തികൾ | 38 |
| 3.8 | കേരള വാട്ടർ അതോറിറ്റി മുഖേനയുള്ള കുടിവെള്ള പ്രോജക്ടുകൾ | 40 |
| 3.9 | അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി | 41 |
| 3.10 | തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽപ്പെടാത്ത പ്രോജക്ടുകൾ | 41 |
| 3.11 | സ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ | 41 |
| 3.12 | വസ്തു നികുതി പരിഷ്കരണത്തിന് ഫീൽഡ്തല പരിശോധന | 42 |
| 3.13 | ജീവിതശൈലി രോഗങ്ങളുടെ പരിശോധനയ്ക്ക് മൊബൈൽ യൂണിറ്റ് | 42 |
| 3.14 | KSEB, KWA ചാർജ്ജ് | 42 |
| 3.15 | അടുക്കള നവീകരണം | 43 |
| 3.16 | പാലിയേറ്റീവ് പരിചരണം | 43 |
| 3.17 | സ്റ്റുഡന്റ് പോലീസ് കേഡറ്റ് | 44 |
| 3.18 | കൃഷി ആവശ്യത്തിന് ന്യൂട്രിഫിഷ് ജൈവവളം | 44 |
| 3.19 | മൃഗസംരക്ഷണ മേഖലയിലെ പ്രോജക്ട് നിർവ്വഹണം | 44 |
| 3.20 | 2023-24ൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക ചെലവ് | 44 |
| 3.21 | വകുപ്പ്/നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ച പദ്ധതി ചെലവ് | 45 |
| 3.22 | കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തുടർനടപടി റിപ്പോർട്ട് | 45 |
| **4** | **പ്രത്യേക വിഷയം** | 46 |
| 4.1 | തഴവ ഗ്രാമപഞ്ചായത്ത് | 46 |
| 4.2 | ആറ്റിങ്ങൽ നഗരസഭ | 47 |
| 4.3 | കൊടുങ്ങല്ലൂർ നഗരസഭ | 47 |
| 4.4 | അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത് | 48 |
| 4.5 | കുട്ടിക്കൽ ഗ്രാമപഞ്ചായത്ത് | 48 |
| 4.6 | പൊന്നാനി നഗരസഭ | 49 |
| 4.7 | കരവാളൂർ ഗ്രാമപഞ്ചായത്ത് | 50 |
| 4.8 | ചേർത്തല തെക്ക് ഗ്രാപഞ്ചയത്ത് | 50 |

| | | |
|---|---|---|
| 4.9 | പൂന്നയൂർകുളം  ഗ്രാമപഞ്ചായത്ത് | 51 |
| 4.10 | പാലിയേറ്റീവ് നേഴ്സമാരുടെ വേതനം | 52 |
| 4.11 | ആരോഗ്യവകുപ്പ് –ഇ– ഹെൽത്ത് കേരള പ്രോജക്ട് | 52 |
| 4.12 | പീരുമേട് മാർക്കറ്റിംഗ് കോഓപ്പറേറ്റീവ് സൊസൈറ്റി | 53 |
| 4.13 | ദി കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് | 54 |
| 4.14 | ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി | 54 |
| 4.15 | കടത്തനാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് | 55 |
| 4.16 | തൃശ്ശൂർ ജില്ലാ പഞ്ചായത്ത് | 55 |
| 4.17 | തലക്കാട് ഗ്രാമപഞ്ചായത്ത് | 56 |
| 4.18 | കോട്ടയം നഗരസഭ | 57 |
| 4.19 | കോട്ടയം നഗരസഭ | 57 |
| 4.20 | മതിലകം ബ്ലോക്ക് പഞ്ചായത്ത് | 58 |
| 4.21 | ഊർങ്ങാട്ടിരി  ഗ്രാമപഞ്ചായത്ത് | 59 |
| 4.22 | പോത്തുകല്ല് പഞ്ചായത്ത് | 59 |
| 4.23 | ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് | 60 |
| 4.24 | ആറളം ഗ്രാമപഞ്ചായത്ത് | 60 |
| 4.25 | കൊടുവായൂർ ഗ്രാമപഞ്ചായത്ത് | 61 |
| 4.26 | ആലപ്പാട് ഗ്രാമപഞ്ചായത്ത് | 61 |
| 4.27 | കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ്  വെൽഫയർ സൊസൈറ്റി | 62 |
| 4.28 | മത്സ്യഫെഡിന്റെ ന്യൂട്രിഫിഷ് ജൈവവളം | 63 |
| 4.29 | ആലപ്പുഴ ജില്ലാ പഞ്ചായത്ത് | 64 |
| 4.30 | മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പഞ്ചായത്ത് | 64 |
| 4.31 | കൊടകര ബ്ലോക്ക് പഞ്ചായത്ത് | 65 |
| 4.32 | മുള്ളൻകൊല്ലി  ഗ്രാമപഞ്ചായത്ത് | 65 |
| 4.33 | മൈലപ്ര  ഗ്രാമപഞ്ചായത്ത് | 66 |
| 4.34 | പടിയൂർ ഗ്രാമപഞ്ചായത്ത് | 67 |
| 4.35 | ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് | 67 |
| 4.36 | കൊല്ലം കോർപ്പറേഷൻ | 68 |
| 4.37 | സ്റ്റുഡന്റ് പോലീസ് കേഡറ്റ് | 69 |

No./400/2024/SRG/LSGD/CC(1)

## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.06.2024 ന നടന്ന യോഗത്തിന്റെ നടപടിവിവരം

യോഗം രാവിലെ 10.30-ന് സംസ്ഥാന ആസൂത്രണബോർഡ് സമൃദ്ധിഹാളിൽ ആരംഭിച്ചു. ബഹു.തദ്ദേശസ്വയംഭരണ-എക്സൈസ് വകുപ്പ് മന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

### 1. തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2023-24 വർഷത്തെ പദ്ധതി പുരോഗതി

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2023-24 ലെ പദ്ധതിയുടെ നിർവ്വഹണവും പുരോഗതിയും ആദ്യം അവലോകനം ചെയ്തു. 2023-24 വർഷത്തെ ആകെ പദ്ധതി ചെലവ് 71.46 ശതമാനമാണ്. പെന്റിംഗ് ബിൽ തുക കൂടി ചേർത്താൽ 80.27 ശതമാനം വരും. വികസന ഫണ്ടിനത്തിൽ 656.11 കോടി രൂപയുടെ 30360 ബിൽ ട്രഷറിയിൽ പെന്റിംഗ് ആണ്. മെയിന്റനൻസ് ഗ്രാന്റ് കൂടി ചേർത്താൽ ആകെ 1135.77 കോടി രൂപയുടെ 40855 ബില്ലുകൾ ട്രഷറിയിൽ പെന്റിംഗ് ഉണ്ട്. ഏറ്റവും ഉയർന്ന പദ്ധതി ചെലവ് തിരുവനന്തപുരം ജില്ലയിലും (74.22 ശതമാനം) ഏറ്റവും കുറവ് എറണാകുളം ജില്ലയിലുമാണ് (67.99 ശതമാനം). പദ്ധതി ചെലവ് സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**2023-24 വാർഷിക പദ്ധതി (31.03.2024 വരെ)**

**തദ്ദേശഭരണ സ്ഥാപനം തിരിച്ചുള്ള ചെലവ് വിവരം (ശതമാനം)**

| ക്രമ നമ്പർ | തദ്ദേശഭരണ സ്ഥാപനം | ജനറൽ | SCP | TSP | CFC | | Total |
|---|---|---|---|---|---|---|---|
| | | | | | അൺ ടൈഡ് | ടൈഡ് | |
| 1 | ഗ്രാമ പഞ്ചായത്ത് | 83.36 | 79.83 | 79.63 | 76.18 | 55.79 | 78.11 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 75.91 | 64.34 | 60.70 | 81.89 | 69.37 | 72.11 |
| 3 | ജില്ലാ പഞ്ചായത്ത് | 60.84 | 54.88 | 60.01 | 64.06 | 53.58 | 58.69 |
| 4 | മുനിസിപ്പാലിറ്റി | 77.07 | 55.26 | 51.72 | 75.86 | 61.27 | 69.26 |
| 5 | കോർപ്പറേഷൻ | 57.34 | 60.72 | 11.09 | 0.00 | 58.18 | 57.70 |
| 6 | ആകെ | 75.72 | 69.34 | 69.50 | 75.36 | 58.41 | 71.46 |

**ജില്ല തിരിച്ചുള്ള ചെലവ് വിവരം (ശതമാനം)**

| | | | | | |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 74.22 | 8 | വയനാട് | 70.85 |
| 2 | മലപ്പുറം | 74.12 | 9 | പാലക്കാട് | 70.84 |
| 3 | ആലപ്പുഴ | 72.78 | 10 | കോഴിക്കോട് | 70.42 |
| 4 | കോട്ടയം | 72.62 | 11 | കണ്ണൂർ | 70.19 |
| 5 | തൃശ്ശൂർ | 71.96 | 12 | പത്തനംതിട്ട | 69.15 |
| 6 | കൊല്ലം | 71.92 | 13 | ഇടുക്കി | 68.52 |
| 7 | കാസർഗോഡ് | 71.30 | 14 | എറണാകുളം | 67.99 |

**ഫണ്ടിന്റെ വിഭാഗം തിരിച്ചുള്ള ചെലവ് (ശതമാനം)**

| ജനറൽ | എസ്.സി.പി | റ്റി.എസ്.പി | സി.എഫ്.സി | | Total |
|---|---|---|---|---|---|
| | | | Untied | Tied | |
| 75.72 | 69.34 | 69.5 | 75.35 | 58.41 | 71.46 |

**പുതിയ പ്രോജക്ടുകളും സ്പിൽ ഓവർ പ്രോജക്ടുകളും തിരിച്ചുള്ള ചെലവ് (ശതമാനം)**

| ക്രമ നമ്പർ | തദ്ദേശഭരണസ്ഥാപനം | ചെലവ് ശതമാനം | | |
|---|---|---|---|---|
| | | പുതിയ പ്രോജക്ടുകൾ | സ്പിൽഓവർ പ്രോജക്ടുകൾ | ആകെ |
| 1 | ഗ്രാമപഞ്ചായത്ത് | 65.87 | 12.25 | 78.11 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 60.97 | 11.14 | 72.11 |
| 3 | ജില്ലാ പഞ്ചായത്ത് | 44.91 | 13.78 | 58.7 |
| 4 | മുനിസിപ്പാലിറ്റി | 55.16 | 15.41 | 70.57 |
| 5 | കോർപ്പറേഷൻ | 37.14 | 20.37 | 57.51 |
| 6 | നഗരസഞ്ചയം | 32.54 | 22.82 | 55.37 |
| | **ആകെ** | **58.53** | **12.93** | **71.46** |

**മുൻ വർഷങ്ങളിൽ മാർച്ച് 31 വരെയുള്ള ചെലവ് (ശതമാനം)**

| വർഷം | മാർച്ച് 31 |
|---|---|
| 2014–15 | 68 |
| 2015–16 | 74 |
| 2016–17 | 67 |
| 2017–18 | 85 |
| 2018–19 | 85 |
| 2019–20 | 54 |
| 2020–21 | 95 |
| 2021–22 | 88 |
| 2022–23 | 80 |
| 2023–24 | 71.46 (including pending bill 80.27) |

**വകുപ്പുതലം/നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി ചെലവിന്റെ വിവരം (ക്യാരി ഓവർ ഉൾപ്പെടെ)**

| ക്രമ നം | വകുപ്പ്/നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതി വിഹിതം (രൂപ ലക്ഷം) | പദ്ധതി ചെലവ് (രൂപ ലക്ഷം) | ശതമാനം |
|---|---|---|---|---|
| 1 | സോയിയിൽ കൺസർവേഷൻ | 2015.08 | 480.30 | 23.84 |
| 2 | എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് | 3,12,177.93 | 107256.06 | 34.36 |
| 3 | ഇൻഡസ്ട്രീസ് ആന്റ് കോമേഴ്സ് | 6,714.62 | 2463.95 | 36.70 |
| 4 | ഫിഷറീസ് | 3,378.54 | 1659.22 | 49.11 |
| 5 | നഗരകാര്യ വകുപ്പ് | 1,18,005.31 | 58,863.14 | 49.88 |
| 6 | പട്ടികവർഗ്ഗ വികസന വകുപ്പ് | 1,336.18 | 705.96 | 52.83 |
| 7 | പട്ടികജാതി വികസന വകുപ്പ് | 19,212.71 | 12177.54 | 63.38 |
| 8 | ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് | 190.50 | 122.15 | 64.12 |
| 9 | മൃഗസംരക്ഷണ വകുപ്പ് | 24,967.16 | 16205.06 | 64.91 |
| 10 | വിദ്യാഭ്യാസം | 18,686.81 | 121,54.92 | 65.04 |
| 11 | കൃഷി വകുപ്പ് | 39,592.22 | 27204.02 | 68.71 |
| 12 | റൂറൽ ഡെവലപ്മെന്റ് | 1,84,942.62 | 129612.91 | 70.08 |
| 13 | സാമൂഹ്യക്ഷേമ /വനിതാശിശു വികസന വകുപ്പ് | 63,754.12 | 44686.37 | 70.09 |

| | | | | |
|---|---|---|---|---|
| 14 | ആരോഗ്യം | 26,078.87 | 18955.41 | 72.68 |
| 15 | ആയുർവേദം | 2,407.08 | 1822.87 | 75.73 |
| 16 | ഹോമിയോ | 366.20 | 279.72 | 76.38 |
| 17 | ക്ഷീരവികസനം | 10,258.24 | 8361.92 | 81.51 |
| 19 | ജില്ലാ പഞ്ചായത്തും ഗ്രാമപഞ്ചായത്തും | 1,07,259.43 | 90419.26 | 84.30 |
| 19 | സിദ്ധ | 12.53 | 12.49 | 99.68 |

## വികസനഫണ്ടിൽ ഓരോ വിഭാഗത്തിന്റേയും ജില്ല തിരിച്ചുള്ള ചെലവ് (ശതമാനം)

**ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത്**

| ക്രമ നം | ജില്ലയുടെ പേര് | ജില്ലാ പഞ്ചായത്ത് | | | ബ്ലോക്ക് പഞ്ചായത്ത് | | | ഗ്രാമപഞ്ചായത്ത് | | |
|---|---|---|---|---|---|---|---|---|---|---|
| | | ജനറൽ | എസ്.സി.പി | റ്റി.എസ് .പി | ജനറൽ | എസ്. സി.പി | റ്റി.എ സ്.പി | ജനറൽ | എസ്. സി.പി | റ്റി.എ സ്.പി |
| 1 | തിരുവനന്തപുരം | 67.53 | 62.18 | 67.75 | 76.74 | 72.62 | 57.18 | 85.38 | 77.35 | 83.60 |
| 2 | കൊല്ലം | 62.48 | 66.67 | 66.67 | 77.17 | 61.20 | 64.93 | 87.52 | 82.43 | 82.20 |
| 3 | പത്തനംതിട്ട | 54.51 | 44.43 | 62.54 | 77.92 | 68.04 | 58.86 | 80.33 | 78.92 | 82.34 |
| 4 | ആലപ്പുഴ | 58.36 | 44.99 | 66.67 | 74.13 | 64.62 | 57.21 | 81.36 | 77.97 | 76.71 |
| 5 | കോട്ടയം | 58.92 | 55.27 | 53.38 | 75.96 | 64.36 | 63.22 | 84.68 | 76.55 | 73.95 |
| 6 | ഇടുക്കി | 54.58 | 52.28 | 59.97 | 71.56 | 48.67 | 57.33 | 80.55 | 72.82 | 85.26 |
| 7 | എറണാകുളം | 57.83 | 60.74 | 60.46 | 81.71 | 64.38 | 53.07 | 83.15 | 79.07 | 87.74 |
| 8 | തൃശ്ശൂർ | 63.93 | 55.92 | 56.80 | 79.75 | 65.04 | 68.50 | 84.86 | 81.22 | 58.77 |
| 9 | പാലക്കാട് | 57.85 | 41.25 | 61.92 | 71.85 | 64.41 | 59.40 | 80.92 | 76.67 | 62.29 |
| 10 | മലപ്പുറം | 59.00 | 60.56 | 48.43 | 75.65 | 68.55 | 39.92 | 87.36 | 87.64 | 75.30 |
| 11 | കോഴിക്കോട് | 60.35 | 46.55 | 65.72 | 78.22 | 62.76 | 68.35 | 84.45 | 85.14 | 87.75 |
| 12 | വയനാട് | 78.69 | 66.95 | 55.19 | 76.29 | 59.89 | 63.63 | 82.07 | 78.98 | 81.30 |
| 13 | കണ്ണൂർ | 62.99 | 66.65 | 63.04 | 72.13 | 62.05 | 60.92 | 79.60 | 83.22 | 84.34 |
| 14 | കാസർഗോഡ് | 58.38 | 64.80 | 70.93 | 72.36 | 62.82 | 66.22 | 77.95 | 77.25 | 87.13 |

**മുനിസിപ്പാലിറ്റി**

| ക്രമ നമ്പർ | ജില്ലയുടെ പേര് | മുനിസിപ്പാലിറ്റി | | |
|---|---|---|---|---|
| | | ജനറൽ | എസ്.സി.പി | റ്റി.എസ്.പി |
| 1 | തിരുവനന്തപുരം | 82.00 | 61.38 | 18.18 |
| 2 | കൊല്ലം | 79.66 | 60.16 | 19.43 |
| 3 | പത്തനംതിട്ട | 83.64 | 52.48 | 71.07 |
| 4 | ആലപ്പുഴ | 77.83 | 54.33 | 63.72 |
| 5 | കോട്ടയം | 70.39 | 53.47 | 53.00 |
| 6 | ഇടുക്കി | 77.56 | 52.55 | 40.54 |
| 7 | എറണാകുളം | 71.80 | 51.99 | 37.60 |
| 8 | തൃശ്ശൂർ | 73.78 | 57.00 | 0.00 |
| 9 | പാലക്കാട് | 81.06 | 56.92 | 45.86 |
| 10 | മലപ്പുറം | 80.11 | 55.09 | 10.59 |
| 11 | കോഴിക്കോട് | 80.98 | 60.84 | 21.28 |
| 12 | വയനാട് | 78.60 | 61.83 | 58.04 |
| 13 | കണ്ണൂർ | 73.23 | 45.09 | 36.04 |
| 14 | കാസർഗോഡ് | 71.74 | 29.70 | 32.13 |

**കോർപ്പറേഷൻ**

| ക്രമ നമ്പർ | കോർപ്പറേഷന്റെ പേര് | ജനറൽ | എസ്.സി.പി | റ്റി.എസ്.പി |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 65.78 | 65.99 | 1.79 |
| 2 | കൊല്ലം | 55.73 | 66.47 | 1.16 |
| 3 | എറണാകുളം | 72.38 | 43.38 | 19.85 |
| 4 | തൃശ്ശൂർ | 44.86 | 49.91 | 0.00 |
| 5 | കോഴിക്കോട് | 43.57 | 53.80 | 0.00 |
| 6 | കണ്ണൂർ | 53.57 | 66.64 | 6.11 |

## 2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.06.2023, 22.06.2023, 03.07.2023, 26.09.2023, 26.10.2023, 14.11.2023, 04.01.2024, 22.01.2024, 06.03.2024 എന്നീ തീയതികളിൽ നടന്ന യോഗതീരുമാന പ്രകാരം തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

### 2.1 കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.06.2023 ന് കൂടിയ യോഗതീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

**2.1 ഖണ്ഡിക 4.46**

**ആലപ്പുഴ മുനിസിപ്പാലിറ്റി**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.02.2023 ലെ കത്തും ആലപ്പുഴ മുനിസിപ്പൽ സെക്രട്ടറിയുടെ 02.01.2023 ലെ E2-22502/21-ാം നമ്പർ കത്ത് (SRG/ 330/23 - CC/85/2023)**

**വിഷയം:-** അമൃത് പദ്ധതിയിൽ ലോൺ എടുത്ത തുക സി.എഫ്.സി (ടൈഡ്) ഗ്രാന്റിൽ നിന്നും തിരികെ അടയ്ക്കുന്നതിനു അനുമതി സംബന്ധിച്ച്.

ആലപ്പുഴ നഗരസഭയ്ക്ക് അമൃത് 1.0 പദ്ധതിയിൽ 222.7 കോടി രൂപ അനുവദിച്ചിരുന്നു. ഈ തുക 50:30:20 അനുപാതത്തിൽ കേന്ദ്രം, സംസ്ഥാനം, നഗരസഭാ വിഹിതമായാണ് കണക്കാക്കുന്നത്. ഇതിൽ ലോൺ വിഹിതം 23.85 കോടി രൂപയാണ്. 10 തുല്യ ഗഡുക്കളായി 7.5 ശതമാനം പലിശയോടെ പ്ലാൻ ഫണ്ടിൽ നിന്നാണ് ഈ തുക തിരികെ അടയ്ക്കുന്നത്. എന്നാൽ വെള്ളപ്പൊക്കം, കൊവിഡ് എന്നിവ മൂലം യഥാസമയം ലോൺ തിരികെ അടച്ചിട്ടില്ല. ആകെ 56.00 ലക്ഷം രൂപയാണ് തിരികെ അടച്ചത്. ഈ സാഹചര്യത്തിൽ ലോൺ തുകയുടെ ഗഡുക്കൾ ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) ൽ നിന്ന് അടയ്ക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**15.06.2023 ലെ തീരുമാനം :-** ഈ പദ്ധതിയിലെ മാനദണ്ഡങ്ങൾ, നിബന്ധന തുടങ്ങിയവ സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ അമൃത് പ്രോജക്ട് ഡയറക്ടറെ ചുമതലപ്പെടുത്തി.

അടിയന്തിരമായി റിപ്പോർട്ട് നൽകാൻ 06.06.2024-ലെ യോഗം നിർദ്ദേശിച്ചു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ഡയറക്ടർ, അമൃത് പ്രോജക്ട്<br>2)തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്** |

### 2.2 കോഓർഡിനേഷൻ കമ്മിറ്റിയുടെ 22.06.2023 ന് കൂടിയ യോഗതീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

**2.2 ഖണ്ഡിക 4.47**

**പെരുമ്പാവൂർ നഗരസഭ**

**പെരുമ്പാവൂർ നഗരസഭാ സെക്രട്ടറിയുടെ 26.05.2023-ലെ PH3- S097/23-ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG/ 835/23).**

**വിഷയം:-** പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് ഭവനപുനരുദ്ധാരണത്തിനു ധനസഹായം നൽകുന്നതു സംബന്ധിച്ച്.

ഭവനപുനരുദ്ധാരണത്തിന് കഴിഞ്ഞ വർഷം (2022-23) പ്രോജക്ട് ഏറ്റെടുത്തിരുന്നു. ഗുണഭോക്തൃ ലിസ്റ്റിലുള്ള താഴെ പറയുന്ന പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന കുടുംബങ്ങൾ താമസിക്കുന്നത് പുറമ്പോക്ക് ഭൂമിയിലാണ്.

1) ശ്രീമതി ഉഷ കുട്ടപ്പൻ, കണ്യാറപറമ്പിൽ, വാർഡ് 23
2) ശ്രീമതി ശാന്ത സുനിൽ, കരവട്ട്, വാർഡ് 26
3) ശ്രീമതി ഉഷരാജൻ, പാറപ്പുറത്ത്, വാർഡ് 15
4) ശ്രീ. ഷിബു എ, എരേക്കാട്ടു കുടി, വാർഡ് 26
5) ശ്രീമതി സുജ ശിവദാസ്, തേലക്കാട്ടു കുടി, വാർഡ് 9

ഇവർ റവന്യൂ അധികാരികളിൽ നിന്നു കൈവശരേഖ ഹാജരാക്കിയിട്ടുണ്ട്. കൈവശ രേഖയുടെ അടിസ്ഥാനത്തിൽ ഭവനപുനരുദ്ധാരണത്തിന് ധനസഹായം നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

<u>**22.06.2023 ലെ തീരുമാനം:-**</u> ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

<u>**04.01.2024-നു നൽകിയ റിപ്പോർട്ട്:-**</u>ഈ കുടുംബങ്ങൾ സാമ്പത്തികമായി പിന്നോക്കാവസ്ഥയിൽ നിൽക്കുന്നവരാണെന്നും ഇവർക്ക് മുകളിൽ പറഞ്ഞ രീതിയിലുള്ള ആനുകൂല്യത്തിന് അർഹരാണെന്നും അറിയിച്ചു.

<u>**04.01.2024-ലെ തീരുമാനം:-**</u> ഏതു തരത്തിലുള്ള പുറമ്പോക്ക് ഭൂമിയാണെന്നു വ്യക്തമാക്കി നൽകാൻ നഗരകാര്യ ഡയറക്ടറോട് നിർദ്ദേശിച്ചു. അടിയന്തിരമായി റിപ്പോർട്ട് നൽകാൻ 06.06.2024-ലെ യോഗം നിർദ്ദേശിച്ചു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) നഗരകാര്യ ഡയറക്ടർ<br>2)തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്** |

<u>**2.3 കോഓർഡിനേഷൻ കമ്മിറ്റിയുടെ 03.07.2023 നു കൂടിയ യോഗതീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**</u>

<u>**2.3 ഖണ്ഡിക 4.13**</u>

<u>**കോട്ടയം നഗരസഭ**</u>

**ശ്രീ കെ. ചന്ദ്രൻപിള്ള, പ്രതീക്ഷ, കാരാപ്പുഴയുടെ 12.05.2023 ലെ കത്ത് (SRG/ 802/23)**

**വിഷയം:-** കോട്ടയം നഗരസഭയിലെ പുത്തൻ തോടിൽ നിർമ്മിച്ച പാലത്തിനു ബിൽതുക നൽകുന്നത് സംബന്ധിച്ച്.

കോട്ടയം നഗരസഭയിൽ 2006-2011 കാലഘട്ടത്തിൽ MLASDF സ്കീമിൽ രണ്ടാം വാർഡിൽ പുത്തൻതോടിന് കുറുകെ താൽക്കാലിക നടപ്പാലം നിർമ്മിച്ചു. നിർമ്മാണം പൂർത്തീകരിച്ച് നഗരസഭയുടെ ശുപാർശയോടെ ഫൈനൽ ബിൽ ജില്ലാ കളക്ടർക്കു നൽകിയിരുന്നു. എന്നാൽ പ്രകൃതിക്ഷോഭം മൂലം നടപ്പാലത്തിന് കേടു വന്നതിനാൽ ബിൽ തുക നൽകിയില്ല. ഇപ്പോൾ ഹൈക്കോടതി ഇതു സംബന്ധിച്ച വിഷയത്തിൽ സ്റ്റേ നൽകിയിട്ടുണ്ടെന്നറിയിച്ചിരിക്കുന്നു. നടപ്പാലം നിർമ്മിച്ച 74 വയസ്സുള്ള ശ്രീ. കെ.ചന്ദ്രൻപിള്ള വിവിധ രോഗങ്ങളാലും കടുത്ത സാമ്പത്തിക ബുദ്ധിമുട്ടുകളാലും വലിയ പരാധീനത അനുഭവിക്കുന്നു. ഈ സാഹചര്യത്തിൽ ബിൽതുകയും പലിശയും അനുവദിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നതു സംബന്ധിച്ച്.

**03.07.2023 ലെ തീരുമാനം :-** പ്രളയംമൂലം നടപ്പാലത്തിനു കേടുപാടുകൾ വന്നത് പാലം നിർമ്മിച്ച കരാറുകാരന്റെ വീഴ്ചയല്ലെന്ന് യോഗം നിരീക്ഷിച്ചു. ഇത് കോഓർഡിനേഷൻ കമ്മിറ്റി പരിഗണിക്കേണ്ട വിഷയമല്ലെങ്കിലും കോട്ടയം നഗരസഭ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രവൃത്തി ആയതിനാലും അപേക്ഷകൻ പ്രായാധിക്യത്തിന്റെ അവശതകൾ അനുഭവിക്കുന്ന വ്യക്തിയാണെന്നത് പരിഗണിച്ചും ഇതിന്മേൽ പ്രത്യേക പരിഗണന നൽകി നടപടി സ്വീകരിക്കാൻ കോട്ടയം ജില്ലാ കളക്ടറോട് നിർദ്ദേശിച്ചിരുന്നുവെങ്കിലും ഇതുവരെ റിപ്പോർട്ട് ലഭിച്ചില്ല. 04.01.2024-ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ ഈ വിഷയം കോട്ടയം ജില്ലാ കളക്ടറുമായി ചർച്ച ചെയ്ത് എത്രയും പെട്ടെന്ന് റിപ്പോർട്ട് നൽകാൻ നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തിയെങ്കിലും ഇതുവരെയും റിപ്പോർട്ട് ലഭിച്ചില്ല എന്നത് 06.06.2024-ലെ യോഗം ചർച്ച ചെയ്തു.

**06.06..2024 ലെ തീരുമാനം:-** കോട്ടയം ജില്ലാ കളക്ടറുമായി ഈ വിഷയം പ്രത്യേകം ചർച്ച ചെയ്യാൻ തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി. ഒപ്പം ഈ വിഷയം ചീഫ് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്താനും തീരുമാനിച്ചു. ഇതു സംബന്ധിച്ച് തുടർനടപടി സ്വീകരിക്കാൻ തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്<br>2)നഗരകാര്യ ഡയറക്ടർ<br>3.)ജില്ലാ കളക്ടർ, കോട്ടയം<br>4)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്** |

**2.4 കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.09.2023-ൽ നടന്ന യോഗ തീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**2.4 ഖണ്ഡിക 4.38**

**കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത്**

**കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.08.2023 ലെ കത്തും കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 27.06.2023 ലെ 4(1)-ാം നമ്പർ തീരുമാനവും (SRG/ 1167/23 - CC/493/23).**

**വിഷയം:-** ലൈഫ് ഭവനപദ്ധതിയിൽ ഗുണഭോക്താക്കളെ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച്.

കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിലെ താഴെ പറയുന്ന നാലു ഗുണഭോക്താക്കൾ യഥാസമയം ലൈഫ് ഭവന പദ്ധതിക്കായി അപേക്ഷ നൽകിയിരുന്നില്ല. ഈ വിഷയം 27.05.2023 ൽ നടന്ന 'കരുതലും കൈത്താങ്ങും' പരാതി പരിഹാര അദാലത്തിൽ വന്നിരുന്നു. അദാലത്തിൽ പരിഗണിച്ച വിഷയം എന്ന നിലയിൽ ഇവരെ ലൈഫ് ഭവനപദ്ധതിയുടെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നതു സംബന്ധിച്ച്

1) ശ്രീ മോഹൻ.കെ, പുളുവിഞ്ചി വീട്, കരിവേടകം
2) ശ്രീമതി ഓമന.സി, കക്കച്ചാൽ, ബന്തടുക്ക
3) ശ്രീ ശങ്കരൻ, കക്കച്ചാൽ ഹൗസ്, ബന്തടുക്ക
4) ശ്രീമതി രോഹിണി. എച്ച്, കക്കച്ചാൽ ഹൗസ്, ബന്തടുക്ക

**26.09.2023-ലെ തീരുമാനം :-** ഇവരുടെ അർഹത സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**14.11.2023-ന് നൽകിയ റിപ്പോർട്ട് :-** കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ മുകളിൽ പറഞ്ഞവരുടെ വീടുകൾ പരിശോധിച്ച് നിലവിൽ വാസയോഗ്യമല്ലായെന്ന് സാക്ഷ്യപത്രം ലഭ്യമാക്കുന്ന മുറയ്ക്ക് ലൈഫ് മാനദണ്ഡ പ്രകാരം ഈ കുടുംബങ്ങളെ ലൈഫ് 2022 ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് പരിഗണിക്കാവുന്നതാണ്.

**14.11.2023-ലെ തീരുമാനം:-** ഇതനുസരിച്ച് തുടർനടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**06.03.2024ന നൽകിയ റിപ്പോർട്ട് –** മുകളിൽ പറഞ്ഞ നാലു പേർക്കും വാസയോഗ്യമായ വീടില്ല എന്ന് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അതിനാൽ ഇവർക്ക് വീട് അനുവദിക്കുന്നത് പരിഗണിക്കാവുന്നതാണ്.

**06.03.2024 ലെ തീരുമാനം:-**ഈ ഗുണഭോക്താക്കൾ ലൈഫ് ഭവന പദ്ധതിയിൽ അപേക്ഷ നൽകിയിരുന്നില്ല എന്നു യോഗം നിരീക്ഷിച്ചു. ഇതടക്കം വിഷയം ഒന്നുകൂടി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറോട് നിർദ്ദേശിച്ച പ്രകാരം റിപ്പോർട്ട് നൽകി.

**06.06.2024 ന നൽകിയ റിപ്പോർട്ട്:-** മുകളിൽ പറഞ്ഞ നാലു ഗുണഭോക്താക്കളും ലൈഫ് 2020 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നില്ല എന്നും അതിനാൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്നും ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

**06.06.2024-ലെ തീരുമാനം:-** നിർദ്ദിഷ്ട സമയത്ത് അപേക്ഷ നൽകാത്ത കുടുംബമായതിനാൽ ആവശ്യം നിരസിച്ചു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്** |

**2.4 ഖണ്ഡിക 4.43**

**Assert Farming Solution Pvt. Ltd.**

**Assert Farming Solution Pvt. Ltd. മാനേജിംഗ് ഡയറക്ടറുടെ 09.08.2022 ലെ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.02.2023 ലെ യോഗ തീരുമാനവും 2.3 ഖണ്ഡിക - 4.1) (SRG 833/23)**

**വിഷയം:-** സ്റ്റാർട്ടപ്പ് കമ്പനികളിൽ നിന്ന് ടെണ്ടർ ഒഴിവാക്കി ഉല്പന്നങ്ങൾ / സേവനങ്ങൾ വാങ്ങുന്നതു സംബന്ധിച്ച്.

സ്റ്റോർപർച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ 05.07.2022 ലെ 2/2022/SPD നമ്പർ ഉത്തരവു പ്രകാരം സ്റ്റേറ്റ് യൂണിക്ക് ഐ.ഡിയുള്ള സ്റ്റാർട്ടപ്പുകളിൽ നിന്ന് 50 ലക്ഷം രൂപവരെയുള്ള എല്ലാതരം ഉല്പന്നങ്ങളും സേവനങ്ങളും സർക്കാർ സ്ഥാപനങ്ങൾക്ക് ടെണ്ടർ കൂടാതെ വാങ്ങാവുന്നതാണ്. എന്നാൽ തദ്ദേശഭരണസ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥർ ഇത് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ബാധകമല്ല എന്ന് ചൂണ്ടി കാണിച്ച് ASERT - ൽ നിന്നും ടെണ്ടറില്ലാതെ വാങ്ങാൻ തയ്യാറാകുന്നില്ല. അതിനാൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ വാങ്ങൽ നടപടി ക്രമങ്ങളിൽ ഈ ഉത്തരവു ബാധകമാക്കണമെന്ന് ASERT ആവശ്യപ്പെട്ടിരുന്നു. ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം ASERT മരുന്ന് ഉല്പാദിപ്പിക്കുന്നില്ലെന്നും വിതരണക്കാർ മാത്രമാണെന്നും മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ അറിയിച്ചു. ഒപ്പം ASERT എന്ന സ്ഥാപനത്തിന് ഡ്രഗ് ലൈസൻസ് ഇല്ലെന്നും മറ്റു കമ്പനികൾ ഉല്പാദിപ്പിക്കുന്ന മരുന്നുകളുടെ വില്പന ഏജൻസി മാത്രമാണെന്നും മൃഗസംരക്ഷണ വകുപ്പ

14.02.2023 ലെ യോഗത്തിൽ അറിയിച്ചു. മൃഗസംരക്ഷണ വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ASERT Farming Solution Pvt. Ltd ന്റെ ആവശ്യം 14.02.2023 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം നിരസിച്ചു.

എന്നാൽ ഡ്രഗ് ലൈസൻസ് ASERT ന് ഉണ്ടെന്നും ഇതടക്കമുള്ള രേഖകൾ മൃഗസംരക്ഷണവകുപ്പിനു നൽകിയിട്ടുണ്ടെന്നും കമ്പനി അറിയിച്ചിരിക്കുന്നു. ഡ്രഗ് ലൈസൻസിന്റെയടക്കമുള്ള രേഖകളുടെ കോപ്പി കോഓർഡിനേഷൻ കമ്മിറ്റിയുടെ അറിവിലേയ്ക്കും നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 5.07.2022 ലെ 2/2022/SPD നമ്പർ ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്നതു പോലെ ടെണ്ടർ കൂടാതെ ASERT Farming Solution Pvt. Ltd ൽ നിന്ന് ഉല്പന്നങ്ങൾ വാങ്ങാൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്ന ആവശ്യം സംബന്ധിച്ച്

**<u>26.09.2023-ലെ തീരുമാനം:-</u>** 1) 5.07.2022 ലെ 2/2022/SPD നമ്പർ ഉത്തരവിന്റെ തുടർച്ചയായി 22.05.2023 ലെ GO(P)No. 5/2023/SPD നമ്പർ ഉത്തരവു പ്രകാരം സ്റ്റേറ്റ് യൂണിക്ക് ഐ.ഡിയുള്ള സ്റ്റാർട്ടപ്പുകളിൽ നിന്ന് ഉല്പന്നങ്ങൾ വാങ്ങുന്നതിന് വ്യക്തതവരുത്തിയിട്ടുണ്ട്. ഈ ഉത്തരവിൽ തദ്ദേശഭരണസ്ഥാപനങ്ങളേയും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് യോഗം നിരീക്ഷിച്ചു. എന്നാൽ ASERT ന്റെ ആവശ്യം മൃഗസംരക്ഷണവകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 14.02.2023 ലെ കോഓർഡിനേഷൻ കമ്മിറ്റി നിരസിച്ച സ്ഥിതിക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ ASERT ൽ നിന്ന് ഉല്പന്നങ്ങൾ വാങ്ങുന്നതിന് തടസ്സമുണ്ട് എന്ന സാഹചര്യവും യോഗം വിലയിരുത്തി.

2) മൃഗസംരക്ഷണവകുപ്പ് വസ്തുതകൾ മറച്ച് വച്ച് തെറ്റായ വിവരങ്ങൾ മനഃപൂർവ്വം കോഓർഡിനേഷൻ കമ്മിറ്റിക്ക് നൽകിയെന്ന് ASERT അറിയിച്ച സ്ഥിതിക്ക് രേഖകൾ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**<u>06.06.2024 നു നൽകിയ റിപ്പോർട്ട്</u> :- Assert Farming Solution Pvt.Ltd** എന്ന സ്ഥാപനം ഒരു സ്റ്റാർട്ടപ്പ് ആയി സ്റ്റാർട്ടപ്പ് ഇന്ത്യ, സ്റ്റാർട്ടപ്പ് മിഷൻ എന്നിവയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ സ്ഥാപനത്തിന് വെറ്ററിനറി മരുന്നുകൾ സംബന്ധിച്ച് **' License to sell, Stock or exhibit or offer for sale or distribute druggs'** ആണ് ഉള്ളതെന്നും **Drugs Manufacturing License** ഇല്ലായെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്റ്റാർട്ടപ്പുകൾക്ക് നൽകിയിട്ടുള്ള ആനുകൂല്യം **Assert Farming Solutions Pvt. Ltd.** എന്ന സ്ഥാപനത്തിനും നൽകാവുന്നതാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ ശുപാർശ ചെയ്തു.

**<u>06.06.2024 ലെ തീരുമാനം:-</u> ASSERT**-ൽ നിന്ന് മരുന്ന് വാങ്ങുന്നതു സംബന്ധിച്ച് സർക്കാരിന്റെ 05.07.2022-ലെ 2/2022/**SPD** നമ്പർ ഉത്തരവിലും 22.05.2023-ലെ 5/2023/**SPD** നമ്പർ ഉത്തരവിലും നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ച് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നടപടി സ്വീകരിക്കാവുന്നതാണ്.

| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്** |
| --- | --- |

## 2.5 കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.10.2023-ലെ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

### 2.5 ഖണ്ഡിക 3.2

### ആംബുലൻസ്

കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.06.2023-ലെ യോഗ തീരുമാനം (ഖണ്ഡിക 3.10) പ്രകാരം കേരളത്തിൽ ഇപ്പോൾ പ്രവർത്തിക്കുന്ന ആംബുലൻസിന്റെ വിവരം പുതുക്കിയ പ്രൊഫോർമയിൽ എടുക്കാൻ യോഗം തീരുമാനിച്ചു.

ആംബുലൻസുകളുടെ എണ്ണമടക്കമുള്ള വിവരങ്ങൾ ശേഖരിച്ച് നിലവിലെ ആംബുലൻസുകളുടെ പരിപാലനം, പുതിയത് ആവശ്യമുള്ള പ്രദേശത്ത് എങ്ങനെ വാങ്ങാം/ലഭ്യമാക്കാം എന്നതു സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ താഴെപ്പറയും പ്രകാരം കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു.

| | |
|---|---|
| ആരോഗ്യ വകുപ്പ് ഡയറക്ടർ | കൺവീനർ |
| ശ്രീമതി. ജോൽസന മോൾ<br>(ജോയിന്റ് ഡയറക്ടർ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്) | കോ കൺവീനർ |
| ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ | അംഗം |
| തദ്ദേശസ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടർ | അംഗം |
| തദ്ദേശസ്വയംഭരണ വകുപ്പ് അർബൻ ഡയറക്ടർ | അംഗം |
| ട്രാൻസ്പോർട്ട് കമ്മീഷണർ | അംഗം |
| കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ | അംഗം |
| എസ്.ആർ.ജി കൺവീനർ | അംഗം |

മുകളിൽ പറഞ്ഞ കമ്മിറ്റി കൂടി റിപ്പോർട്ട് നൽകിയിട്ടില്ല എങ്കിലും 15.06.2023-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് നൽകി.

**പ്രിൻസിപ്പൽ ഡയറക്ടർ 04.01.2024-ന നൽകിയ റിപ്പോർട്ട്**

**തദ്ദേശഭരണ സ്ഥാപനങ്ങളുടെയും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ആരോഗ്യസ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ആംബുലൻസുകൾ സംബന്ധിച്ച വിവരം**

| ക്രമ നം | ജില്ല | തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ളത് (എണ്ണം) | | | | | PHC/FHCയുടെ ഉടമസ്ഥത യിലുള്ളത് (എണ്ണം) | CHC യുടെ ഉടമസ്ഥത യിലുള്ളത് (എണ്ണം) | താലൂക്ക്, ജനറൽ ജില്ലാ ആശുപത്രി യുടെ ഉടമസ്ഥത യിലുള്ളത് (എണ്ണം) |
|---|---|---|---|---|---|---|---|---|---|
| | | GP | BP | DP | Mty | Cor | | | |
| 1 | തിരുവനന്തപുരം | 24 | 1 | | 4 | 12 | 39 | 27 | 12 |
| 2 | കൊല്ലം | 14 | | | 3 | 2 | 13 | 12 | 17 |
| 3 | പത്തനംതിട്ട | 6 | | | 1 | | 18 | 11 | 15 |
| 4 | ആലപ്പുഴ | 5 | 1 | | 4 | | 5 | 12 | 25 |
| 5 | കോട്ടയം | 36 | | | 5 | | 10 | 3 | 8 |
| 6 | ഇടുക്കി | 10 | 5 | | 1 | | 17 | 12 | 7 |
| 7 | എറണാകുളം | 43 | 1 | | 12 | | 16 | 3 | 9 |
| 8 | തൃശ്ശൂർ | 27 | 3 | | 4 | | 12 | 7 | 15 |
| 9 | പാലക്കാട് | 23 | 2 | | | | 8 | 10 | 7 |
| 10 | മലപ്പുറം | 4 | 2 | | 1 | | 12 | 6 | 15 |
| 11 | കോഴിക്കോട് | 16 | | | 1 | 2 | 26 | 2 | 12 |
| 12 | വയനാട് | 5 | 1 | | 2 | | 6 | 8 | 10 |
| 13 | കണ്ണൂർ | 7 | 1 | | 2 | | 4 | 9 | 20 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 14 | കാസർഗോഡ് | 9 | 2 | | | | 3 | 5 | 6 |
| **ആകെ** | | **229** | **19** | | **40** | **16** | **189** | **127** | **178** |

ആകെ ആംബുലൻസുകളുടെ എണ്ണം 798

ആംബുലൻസ് ഇല്ലാത്ത ആരോഗ്യ സ്ഥാപനങ്ങൾ സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർ 26.10.2023-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ നൽകിയ വിവരങ്ങളുടെ സംക്ഷിപ്ത രൂപം താഴെപറയും പ്രകാരമാണ്.

| Sl No | Name of District | Number of Institutions without Ambulances | District-wise Percentage in Total number of Institutions without ambulances |
|---|---|---|---|
| 1 | Thiruvananthapuram | 21 | 3.41 |
| 2 | Kollam | 31 | 5.04 |
| 3 | Pathanamthitta | 20 | 3.25 |
| 4 | Alappuzha | 70 | 11.38 |
| 5 | Kottayam | 27 | 4.39 |
| 6 | Idukki | 21 | 3.41 |
| 7 | Ernakulam | 79 | 12.84 |
| 8 | Thrissur | 78 | 12.68 |
| 9 | Palakkad | 78 | 12.68 |
| 10 | Malappuram | 40 | 6.50 |
| 11 | Kozhikkod | 42 | 6.82 |
| 12 | Wayanad | 23 | 3.73 |
| 13 | Kannur | 42 | 6.82 |
| 14 | Kasargod | 43 | 6.99 |
| | **Total** | **615** | **100** |

മുകളിൽ പറഞ്ഞ കമ്മിറ്റിയുടെ യോഗം 08.01.2024-ന കൂടാൻ തീരുമാനിച്ചിട്ടുണ്ടെന്നും മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിന്റെ അഭിപ്രായം കൂടി തേടി വിശദമായ റിപ്പോർട്ട് ഉടനെ നൽകുമെന്നും ആരോഗ്യവകുപ്പ് ഡയറക്ടർ യോഗത്തിൽ അറിയിച്ചു.

**<u>04.01.2024 ലെ തീരുമാനം:-</u>** ആരോഗ്യവകുപ്പ് ഡയറക്ടർ കൺവീനറായി രൂപീകരിച്ചിട്ടുള്ള കമ്മിറ്റി ആംബുലൻസിന്റെ വിവരങ്ങൾ സംബന്ധിച്ച് പരിശോധന നടത്തി അടിയന്തിരമായി റിപ്പോർട്ട് നൽകാൻ നിർദ്ദേശിച്ചു. സ്വകാര്യ മേഖല/സന്നദ്ധ സംഘടനകൾ/മറ്റ് സ്ഥാപനങ്ങൾ എന്നിവരുടെ നിയന്ത്രണത്തിലുള്ള ആംബുലൻസുകളും പൊതുജനങ്ങളുടെ സേവനത്തിന് ലഭ്യമാകും എന്ന് യോഗം വിലയിരുത്തി. ഇതടക്കം എത്ര ആംബുലൻസുകൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആവശ്യത്തിന് ലഭ്യമാകും എന്ന വിവരം കൂടി കമ്മിറ്റിയുടെ റിപ്പോർട്ടിൽ ഉൾപ്പെടുത്തണം. മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിന്റെ കൂടി അഭിപ്രായം തേടി വിശദമായ റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്ക് മുൻപ് നൽകണം. റിപ്പോർട്ട് തയ്യാറാക്കുമ്പോൾ ഇത്തരം സാഹചര്യങ്ങൾ കൂടി പരിഹരിക്കണമെന്ന് യോഗം നിർദ്ദേശിച്ചു. ഇത് സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം 08.01.2024-ന് ആരോഗ്യവകുപ്പ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ കൂടി. ബന്ധപ്പെട്ടവർ റിപ്പോർട്ട് നൽകാമെന്നറിയിച്ചിട്ടുണ്ടെങ്കിലും റിപ്പോർട്ട് ലഭിച്ചിട്ടില്ല.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ആരോഗ്യവകുപ്പ് ഡയറക്ടർ**<br>**2)റൂറൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്**<br>**3)അർബൻ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്**<br>**4)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്** |

**2.5 ഖണ്ഡിക 4.5**

**കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത്**

**കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 24.07.2023 ലെ കത്തും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 08.08.2023 ലെ LSGD/BOKHD (KSD)/36/2023 –ാം നമ്പർ കത്തും (SRG/ 1093/23).**

മാലിന്യ സംസ്കരണവും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതും സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 76/24* | *അടങ്കൽ* | *23,85,914 രൂപ* |
| | *ശുചിത്വമിഷൻ വിഹിതം* | *18,85,914 രൂപ* |
| | *സി.എഫ്.സി റ്റൈഡ് ഗ്രാന്റ്* | *5,00,000 രൂപ* |
| *പേര്* | **RRF ലേക്ക് ആവശ്യമായ യന്ത്രങ്ങൾ വാങ്ങുന്നത് സംബന്ധിച്ച്.** | |

കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിലെ അഞ്ചു ഗ്രാമപഞ്ചായത്തുകളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് പള്ളിക്കര ഗ്രാമപഞ്ചായത്തിലെ വെളുത്തോളി റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്ററിൽ ശേഖരിക്കാനും മാലിന്യ സംസ്കരണത്തിനുമാണ് പ്രോജക്ട്. ഇവിടെ 2022–23 ൽ RRF കെട്ടിട നിർമ്മാണവും അനുബന്ധ സൗകര്യങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്. ഒപ്പം ഇങ്ങനെ ശേഖരിക്കുന്ന മാലിന്യങ്ങളിൽ നിന്നും പി.വി.സി പൈപ്പുപോലുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിച്ച് വരുമാനദായക പദ്ധതിയായി വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി യന്ത്രസാമഗ്രികൾ വാങ്ങുന്നതിനാണ് പ്രോജക്ട്. ഇതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്

**26.10.2023–ലെ തീരുമാനം :–** ഈ പ്രോജക്ടിന്റെ സാങ്കേതിക –സാമ്പത്തിക സാധ്യത പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**06.03.2024 ന നൽകിയ റിപ്പോർട്ട് :–** ഈ പ്രോജക്ട് നടപ്പാക്കാൻ കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അനുമതിയോടെ **EPR (Extended Producer Responsibility)** പോർട്ടലിൽ **PWP(Plastic Waste Processors)** ആയി ബ്ലോക്ക് പഞ്ചായത്ത് രജിസ്റ്റർ ചെയ്യണം. പ്ലാന്റിനു സ്ഥാപിക്കാനുദ്ദേശിക്കുന്ന യന്ത്രങ്ങളുടെ സാങ്കേതിക പരിശോധന ജില്ലാതല സാങ്കേതിക സമിതിയാണ് ( 19.08.2023ലെ 1688/23/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരമുള്ളത്) നടത്തേണ്ടത്.

**06.03.2024–ലെ തീരുമാനം:–**ഈ പ്രോജക്ടിന്റെ സാങ്കേതിക സാമ്പത്തിക ഫീസിബിലിറ്റിയും സുസ്ഥിരതയും പരിശോധിച്ച് റിപ്പോർട്ട് നൽകാനാണ് 26.10.2023–ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം നിർദ്ദേശിച്ചത്. ശുചിത്വ മിഷൻ നൽകിയ റിപ്പോർട്ടിൽ ഇത്തരം കാര്യങ്ങൾ ഇല്ല. കോഓർഡിനേഷൻ കമ്മിറ്റി ആവശ്യപ്പെട്ട വിവരങ്ങൾ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ നിർദ്ദേശിക്കുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ 2)തദ്ദേശസ്വയംഭരണ(ഡബ്ല്യൂ.എം) വകുപ്പ്** |

**2.5 ഖണ്ഡിക 4.7**

**കായംകുളം നഗരസഭ**

**കോട്ടയം ഷാരോൺ വാട്ടർസൊല്യൂഷൻ ഉടമയുടെ 03.08.2023 ലെ കത്തും നഗരകാര്യ ഡയറക്ടർ സർക്കാരിനു നൽകിയ 16.03.2022 ലെ DC1–5101/2021–ാം നമ്പർ കത്തും (SRG/ 1092/23).**

**വിഷയം:–** കായംകുളം നഗരസഭയിൽ സ്ഥാപിച്ച Effluent Treatment Plant ൽ അധികമായി ചെയ്ത പ്രവൃത്തിയുടെ ബിൽതുക നൽകുന്നതു സംബന്ധിച്ച്.

കായംകുളം നഗരസഭയിൽ 2018-19 ൽ അറവുശാലയിൽ Effluent Treatment Plant (ETP) സ്ഥാപിക്കുന്നതിന് 33,85,000 രൂപയുടെ അടങ്കൽ തുകയിൽ പ്രോജക്ട് എടുത്തിരുന്നു. ഇത് ടെണ്ടർ ചെയ്തപ്പോൾ 23,50,000 രൂപ ക്വാട്ട് ചെയ്ത കോട്ടയം ഷാരോൺ വാട്ടർ സൊല്യൂഷൻ എന്ന സ്ഥാപനത്തെ പ്രവൃത്തി ഏല്പിച്ചു. ഇതനുസരിച്ച് 31.01.2019 ൽ കരാറുകാരനുമായി എഗ്രിമെന്റ് വച്ചു. പ്രവൃത്തി പൂർത്തിയാക്കി 28.03.2019 ന് ബിൽതുക കരാറുകാരന് നൽകി. എന്നാൽ നഗരസഭ ആവശ്യപ്പെട്ട പ്രകാരം ഇ.റ്റി.പിയോടനുബന്ധിച്ച് 11.50 ലക്ഷം രൂപയുടെ അധിക പ്രവൃത്തി ചെയ്തു. ഇതിന്റെ ബിൽതുക കരാറുകാരന് ലഭിച്ചില്ല. പ്രോജക്ടിന്റെ ആകെ അടങ്കൽ തുകയായ 33.85 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തി ചെലവായ തുക നൽകണമെന്നതു സംബന്ധിച്ച്

**<u>26.10.2023 തീരുമാനം</u> :-** നഗരസഭ രേഖാമൂലം ആവശ്യപ്പെട്ടിട്ടാണോ കരാറുകാരൻ അധിക പ്രവൃത്തി ചെയ്തതെന്നതടക്കമുള്ള വിവരങ്ങൾ, അധിക പ്രവൃത്തി ചെയ്തതിന്റെ വാല്യുവേഷൻ തുക എത്രയാണെന്ന് എന്നിവ മുനിസിപ്പൽ എഞ്ചിനീയർ പരിശോധിച്ച് അതിന്റെ റിപ്പോർട്ട് സഹിതം നൽകാൻ നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തി.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) നഗരകാര്യ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് 2)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്** |

**<u>2.5 ഖണ്ഡിക 4.13</u>**

**<u>കൊല്ലം കോർപ്പറേഷൻ</u>**

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 3.10.2023 ലെ കത്തും കൊല്ലം കോർപ്പറേഷൻ സെക്രട്ടറിയുടെ 21.08.2023 ലെ PC4/25890/17-ാം നമ്പർ കത്തും (SRG/1365/23 -** CC/697/2023)

**വിഷയം:-** കൊല്ലം കോർപ്പറേഷനിൽ ചിന്നക്കടയിൽ അമിനിറ്റി സെന്ററിനു വേണ്ടി ഭാഗികമായി പൂർത്തീകരിച്ച കെട്ടിടം വഴിയോര വിശ്രമ കേന്ദ്രത്തിനു നൽകുന്നതു സംബന്ധിച്ച്

കൊല്ലം കോർപ്പറഷൻ 2018-19 വർഷം ചിന്നക്കട ക്ലോക്ക് ടവറിനു സമീപം അമിനിറ്റി സെന്റർ നിർമ്മിക്കുന്നതിനായി പ്രോജക്ട് എടുത്തിരുന്നു. (പ്രോജ.നം. 774/18- അടങ്കൽ 1.10 കോടി രൂപ). 80.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനെ പ്രവൃത്തി ഏല്പിച്ചു. ഗ്രൗണ്ട് ഫ്ലോറിന്റെ റൂഫ്, ഒന്നാം നിലയുടെ പില്ലറുകൾവരെ സ്ട്രക്ചറൽ വർക്ക് പൂർത്തിയാക്കി. ഈ കെട്ടിടം മാസ്റ്റർ പ്ലാൻ പ്രകാരം നാഷണൽ ഹൈവേയുടെ 25 മീറ്റർ വൈഡനിംഗിൽ ഉൾപ്പെടുന്നതിനാലും KMBR ചട്ടം പാലിക്കുന്നില്ലാത്തതിനാലും നിർമ്മാണം നിർത്തിവെച്ചിരിക്കുകയാണ്. KMBR ചട്ടത്തിൽ ഇളവനുവദിക്കാൻ കഴിയില്ല എന്ന് 30.07.2022 ൽ സർക്കാർ കോർപ്പറേഷനെ അറിയിച്ചിട്ടുണ്ട്. ഈ കെട്ടിടത്തിന്റെ നിർമ്മാണത്തിനായി 17,41,884 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇനി 1,91,809 രൂപ കൂടി നിർമ്മാണ ഏജൻസിക്ക് നൽകണം. നിർമ്മാണം നിർത്തിവച്ചിരിക്കുന്ന ഈ കെട്ടിടം ജനോപകാരപ്രദമായ രീതിയിൽ നിർമ്മിച്ച് വഴിയോര വിശ്രമകേന്ദ്രമാക്കി മാറ്റാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**<u>26.10.2023-ലെ തീരുമാനം :-</u>** ഇത് അർബൻ ഡയറക്ടറും തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറും സംയുക്തമായി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ നിർദ്ദേശിച്ചു. ഇതനുസരിച്ച് റിപ്പോർട്ട് നൽകി.

**<u>04.01.2024-നു നൽകിയ റിപ്പോർട്ട്</u> :-** ഇത് മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ടതായതിനാൽ ഈ വിഷയത്തിന്മേൽ ചീഫ് ടൗൺ പ്ലാനറുടെ അഭിപ്രായം കൂടി തേടി തീരുമാനമെടുക്കുന്നതാണ് ഉചിതമെന്നറിയിച്ചിരിക്കുന്നു.

**04.01.2024-ലെ തീരുമാനം:-** ചീഫ് ടൗൺ പ്ലാനറുടെ അഭിപ്രായം കൂടി തേടി അടുത്ത യോഗത്തിന് മുൻപ് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി

**06.06.2024 ൽ നൽകിയ റിപ്പോർട്ട്:-** ചിന്നക്കടയിൽ നിർമ്മിച്ച അമിനിറ്റി സെന്ററിന്റെ നിർമ്മാണത്തിൽ പല രീതിയിലുള്ള ചട്ടലംഘനം നടന്നിട്ടുണ്ട്. കൂടാതെ മതിയായ പാർക്കിംഗ് സൗകര്യം ഇല്ല. റെയിൽവേ ട്രാക്കിൽ നിന്ന് 30 മീറ്റർ അകലത്തിനുള്ളിലാണ് നിർമ്മാണം നടത്തിയത് തുടങ്ങിയ പോരായ്മകളും ഉണ്ട്. ഇത്തരം പോരായ്മകൾ ഉണ്ടെങ്കിൽ കൂടി നിർമ്മാണം നഗരസഭയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്താണ് എന്നതും യാത്രക്കാർക്ക് യാത്രാവേളയിൽ ശുചീകരണ സൗകര്യം ഉറപ്പാക്കാനാണ് ഇപ്പോൾ ഇത് ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നത് എന്നത് പരിഗണിച്ച് റോഡ് വികസനം വരുന്ന മുറയ്ക്ക് ഈ നിർമ്മാണം പൊളിച്ചു നീക്കേണ്ടതാണെന്ന വ്യവസ്ഥയോടെ അനുമതി പരിഗണിക്കാവുന്നതാണെന്ന് ചീഫ് ടൗൺ പ്ലാനർ അറിയിച്ചിരിക്കുന്നു.

**06.06.2024-ലെ തീരുമാനം:-** ഇത്തരം വീഴ്ചകൾ ഇനി ആവർത്തിക്കരുതെന്ന് നിർദ്ദേശിക്കുന്നു. ചീഫ് എഞ്ചിനീയർ ശുപാർശ ചെയ്തതുപോലെ റോഡ് വികസനം വരുന്ന മുറയ്ക്ക് ഈ നിർമ്മാണം പൊളിച്ചു നീക്കേണ്ടതാണെന്ന നിബന്ധനയോടെ ഈ കെട്ടിടം വഴിയോര വിശ്രമകേന്ദ്രമാക്കി മാറ്റാൻ അനുമതി നൽകുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്** |

**2.5 ഖണ്ഡിക 4.18**
**വട്ടവട ഗ്രാമപഞ്ചായത്ത്**
**തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 22.06.2023 ലെ LSGD/PD/42807/ 2023/DPLAI നമ്പർ കത്തും വട്ടവട ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 06.06.2023 ലെ DGPM09/GPO/23/856-ാം നമ്പർ കത്തും (SRG/918/23).**

**വിഷയം:-** വട്ടവട ഗ്രാമപഞ്ചായത്തിൽ നിർമ്മാണ പ്രവൃത്തികൾക്ക് അധിക നിരക്ക് നിശ്ചയിക്കണമെന്നതു സംബന്ധിച്ച്.

വട്ടവട ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾക്ക് നിലവിൽ മൂന്നാർ കോസ്റ്റ് ഇൻഡക്സിന്റെ അടിസ്ഥാനത്തിൽ 10 ശതമാനം അധികനിരക്കിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. നിർമ്മാണ സാമഗ്രികൾ ഇവിടെയെത്താൻ ദൂരക്കൂടുതലുള്ളതു കൊണ്ട് 20 ശതമാനമെങ്കിലും അധിക നിരക്ക് ലഭ്യമായെങ്കിൽ മാത്രമേ കരാറുകാർ പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറാവൂ എന്നറിയിച്ചിരിക്കുന്നു. അതിനാൽ വട്ടവട ഗ്രാമപഞ്ചായത്തിന് തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ പ്രത്യേകം കോസ്റ്റ് ഇൻഡക്സ് നിശ്ചയിച്ച് നൽകണമെന്നതു സംബന്ധിച്ച്

**26.10.2023-ലെ തീരുമാനം :-** ഈ പ്രദേശത്തെ മാർക്കറ്റ് നിരക്ക് കൂടി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി

**06.03.2024 ന നൽകിയ റിപ്പോർട്ട് :-** നിലവിൽ മൂന്നാർ കോസ്റ്റ് ഇൻഡക്സ് പ്രകാരം തയ്യാറാക്കുന്ന എസ്റ്റിമേറ്റ് റേറ്റിനേക്കാൾ 30 മുതൽ 50 ശതമാനം വരെ അധികമാണ് കോവിലൂരിലെ (വട്ടവട) റേറ്റ്. ദേവികുളം ബ്ലോക്കിന്റെ പരിധിയിൽ വരുന്ന വട്ടവട ഗ്രാമപഞ്ചായത്തിലെ നിലവിലെ സാഹചര്യം കണക്കിലെടുത്ത് വട്ടവട ഗ്രാമപഞ്ചായത്തിലെ നിർമ്മാണ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ താഴെപ്പറയുന്ന പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള നിർമ്മാണ സാമഗ്രികൾക്ക് ബേസിക് മെറ്റീരിയൽ കോസ്റ്റിന്റെ 20

ശതമാനം അഡീഷണൽ കൺവേയൻസ് എന്ന നിലയിൽ **Observed Data** യിൽ ഉൾക്കൊള്ളിക്കുന്നത് പരിഗണിക്കാവുന്നതാണ്.

Comparison of Rates at Koviloor, Vattavada

| Sl No | Item Code | Item | Unit | DSR 2018 Rate (inclussing of carriage) | DSR Rate with cost index of Munnar@ 39.83 (In Rs)(a) | Current Market Rate at Koviloor (In Rs) (b) | Current Marker Rate Devikulam (c) | % Excess of (B) above (a) |
|---|---|---|---|---|---|---|---|---|
| 1 | 367+2209 | Cement | Tonne | 5032.24 | 7036.58 | 9600 | 9000 | 36.43 |
| 2 | 982+2203 | Sand | Cum | 1453.77 | 2023.81 | 3178 | 3780 | 56.34 |
| 3 | 0293+2206 | 40 MM Metal | Cum | 1412.79 | 1975.5 | 3107.72 | 2894 | 57.31 |
| 4 | 0295+2202 | 20 MM Metal | Cum | 1453.77 | 2032.81 | 3001.77 | 2750 | 47.67 |
| 5 | 0297+2202 | 10 MM Metal | Cum | 1453.77 | 2032.81 | 3107.72 | 2986 | 52.88 |
| 6 | MR1 | 8 inch Solid Block 40x20x20 | Each | 48 | 48 | 70 | 48 | 45.83 |
| 7 | MR 4 | 6 inch Solid Block 40x20x15 | Each | 35 | 35 | 56 | 35 | 60 |
| 8 | MR 5 | 4 inch Solid Block 40x20x15 | Each | 26 | 18 | 45 | 26 | 73.08 |
| 9 | MR | GI Sheet | Sqm | 367 | 367 | 465 | 367 | 26.7 |
| 10 | 1549+2205 | GI -Pipe-40 MM Dia | Kg | 68.13 | 95.27 | 99 | 95.41 | 3.92 |
| 11 | 1005+2205 | Tmt bar | Kg | 46.09 | 64.15 | 90 | 80 | 39.64 |

**06.03.2024 -ലെ തീരുമാനം :-** ഇതിന്മേൽ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ അഭിപ്രായം കൂടി തേടി റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് 2)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്** |

**2.5 ഖണ്ഡിക 4.33**

**റബ്ഫാം പ്രൊഡ്യൂസർ കമ്പനി (RUBFARM)**
**റബ്ഫാം പ്രൊഡ്യൂസർ കമ്പനി ചെയർമാന്റെ 20.06.2023 ലെ കത്ത് (SRG** 1050/23)

**വിഷയം:-** റബ്ബർ നിർമ്മിതമായ ചെടിച്ചട്ടികൾ കൃഷി ആവശ്യത്തിനും മറ്റും ഉപയോഗിക്കുന്നതു സംബന്ധിച്ച്.

റബ്ബർ ഉല്പാദന മേഖലയിലെ ഒരു ഫാർമർ പ്രൊഡ്യൂസർ കമ്പനിയാണ് RUBFARM. ചെറുകിട റബ്ബർ കർഷകരുടെ കൂട്ടായ്മ എന്ന നിലയിലാണ് ഇതു രൂപീകരിച്ചിരിക്കുന്നത്. പ്രകൃതിദത്ത റബ്ബർ ഉപയോഗിച്ച് കൊണ്ടുള്ള റബ്ബർ ചെടിചട്ടികൾ RUBFARM ഉല്പാദിപ്പിക്കുന്നുണ്ട്. കുറഞ്ഞത് 10 വർഷമെങ്കിലും ഇത് ഉപയോഗിക്കാമെന്നറിയിച്ചിട്ടുണ്ട്. കൃഷി ആവശ്യത്തിന് ഗ്രോബാഗിനു പകരം റബ്ബർ ചെടിചട്ടികൾ ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കണമെന്നും ഇതിന് സബ്സിഡി നൽകാൻ നടപടി സ്വീകരിക്കണമെന്നുമുള്ള ആവശ്യം സംബന്ധിച്ച്.

**26.10.2023-ലെ തീരുമാനം :-** റബ്ബർ ബോർഡിന്റെയും കൃഷി ഡയറക്ടറുടെയും അഭിപ്രായം തേടി റബ്ബർ ചട്ടിയുടെ ഉപയോഗം സംബന്ധിച്ച സാങ്കേതിക വശം കൂടി പരിശോധിച്ചും സ്പെസിഫിക്കേഷൻ, വലുപ്പം തുടങ്ങിയവ സംബന്ധിച്ചും റിപ്പോർട്ട് നൽകുവാൻ ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ 2)തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്** |

**2.6 <u>കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.11.2023-ലെ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ</u>**

**<u>2.6 ഖണ്ഡിക 3.6</u>**

**<u>പ്രീ ഫാബ് സാങ്കേതികവിദ്യ</u>**

നിർമ്മാണ മേഖലയിൽ പ്രീ ഫാബ് സാങ്കേതികവിദ്യ ഉപയോഗിക്കുന്ന സ്ഥാപനങ്ങളുടെ ഒരു പാനൽ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ തയ്യാറാക്കണം. ഈ സാങ്കേതികവിദ്യ എവിടെയൊക്കെ ഉപയോഗിക്കാമെന്നതടക്കമുള്ള ചട്ടക്കൂട് തയ്യാറാക്കണം. ഇതിനായി കിലയുടെ സഹായവും തേടാവുന്നതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)ചീഫ് എഞ്ചിനീയർ, തസ്വഭവ<br>2)ഡയറക്ടർ ജനറൽ, കില<br>3)തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്** |

**<u>2.6 ഖണ്ഡിക 4.56</u>**

**<u>കാറളം ഗ്രാമപഞ്ചായത്ത്</u>**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.07.2023 ലെ കത്തും കാറളം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 10.02.2023 ലെ 29(1)-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/ 1011/23 - CC/190/23).**

**വിഷയം-** കുടുംബശ്രീ യൂണിറ്റിൽ നിന്നും LED ലൈറ്റുകൾ വാങ്ങുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം:* 160/23**<br>(പുതിയ നമ്പർ 145/24) | ***അടങ്കൽ*** | ***60,000 രൂപ***<br>*(വികസനഫണ്ട് ജനറൽ)* |
| ***പേര്*** | **കാറളം ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീയിൽ നിന്നും LED ബൾബ് വാങ്ങൽ** | |

കാറളം ഗ്രാമപഞ്ചായത്തിൽ സൂര്യപ്രഭ LED യൂണിറ്റ് എന്ന പേരിൽ ഒരു സംരംഭക യൂണിറ്റ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. RAY-2 എന്ന പേരിൽ ബൾബു നിർമ്മിച്ചു വിതരണം ചെയ്യാനുള്ള തയ്യാറെടുപ്പിലാണ്. 06.09.2018 ലെ 2385/2018/LSGD നമ്പർ ഉത്തരവു പ്രകാരം കുടുംബശ്രീ വനിതകളുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുള്ള ബൾബ് നിർമ്മാണം / സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗ് യൂണിറ്റുകളിൽ നിന്ന് ടെണ്ടർനടപടി കൂടാതെ LED ബൾബുകൾ വാങ്ങുന്നതിനും സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗ് വർക്കുകൾ ഈ യൂണിറ്റുകളെ ഏല്പിക്കുന്നതിനും അനുമതിയുണ്ട്. മുകളിൽ പറഞ്ഞ ഉത്തരവിൽ ഓരോ ജില്ലകളിലേയും അംഗീകരിച്ച കുടുംബശ്രീ യൂണിറ്റുകളുടെ പേര് പറഞ്ഞിട്ടുണ്ട്. പുതിയ യൂണിറ്റായതിനാൽ മുകളിൽ പറഞ്ഞ യൂണിറ്റിന്റെ പേര് ഉത്തരവിൽ ഇല്ല. ഈ യൂണിറ്റിന്റെ ഗുണനിലവാര പരിശോധന നടത്തി തൃശ്ശൂർ ഗവ.എഞ്ചിനീയറിംഗ് കോളേജിൽ നിന്നു സാക്ഷി പത്രം ലഭിച്ചിട്ടുണ്ട്. ഈ യൂണിറ്റിൽ നിന്ന് ടെണ്ടർ ഒഴിവാക്കി LED ബൾബ് വാങ്ങാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**<u>14.11.2023 ലെ തീരുമാനം :-</u>** ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) **എക്സിക്യൂട്ടിവ് ഡയറക്ടർ, കുടുംബശ്രീ**<br>2) **തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്** |

**<u>2.6 ഖണ്ഡിക 4.71</u>**

**<u>കണ്ണൂർ ജില്ലാ പഞ്ചായത്ത്</u>**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.08.2023 ലെ കത്തും കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 29.07.2023 ലെ B8-1407/2023-ാം നമ്പർ കത്തും (SRG/1113/23 - CC/567/23).**

**വിഷയം:-** ജന്റർ റിസോഴ്സ് സെന്ററിന്റെ നടത്തിപ്പിനായി വാച്ച്മാനടക്കമുള്ളവരെ നിയമിക്കുന്നത് സംബന്ധിച്ച്.

| *പ്രോ.നം:* 100/24 | ***അടങ്കൽ*** | ***8,00,000 രൂപ*** |
|---|---|---|
| | *വികസനഫണ്ട് - ജനറൽ* | *5,00,000 രൂപ* |
| | *തനത് ഫണ്ട്* | *3,00,000 രൂപ* |
| ***പേര്*** | **ജന്റർ റിസോഴ്സ് സെന്റർ തുടർ പ്രവർത്തനം** | |

കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ചുട്ടകപ്പാറയിലെ ആസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ജന്റർ റിസോഴ്സ് സെന്ററിലേക്ക് കൗൺസിലർ കം കോഓർഡിനേറ്റർ, വാച്ച്മാൻ, കാഷ്വൽ സ്വീപ്പർ എന്നിവരെ 2021-22 വർഷം നിയമിച്ചിരുന്നു. ഇതിന്മേൽ ഓഡിറ്റ് കുറിപ്പുണ്ട്. അതിനാൽ ഇപ്രകാരം നിയമിച്ചതിന് സാധൂകരണം നൽകണമെന്നും ഈ വർഷവും ഇവരെ നിയമിക്കുന്നതിനുള്ള പ്രോജക്ടിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്. ജന്റർ റിസോഴ്സ് സെന്ററിനോട് ചേർന്ന് 2400 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ഒരു പരിശീലന കേന്ദ്രവും ഉണ്ട്.

**14.11.2023-ലെ തീരുമാനം :-** 1)ഓഡിറ്റ് കുറിപ്പുള്ള വിഷയം (2021-22 വർഷത്തെ) വകുപ്പുതല പരിഗണനയ്ക്ക് നൽകാൻ നിർദ്ദേശിക്കുന്നു.

2) ഈ വർഷം മുകളിൽ പറഞ്ഞ രീതിയിൽ നിയമനം നടത്തുന്നതു സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | 1) **എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ**<br>**2)തദ്ദേശസ്വയംഭരണ (എ.എ/ഐ.എ)വകുപ്പ്** |

**2.6 ഖണ്ഡിക 4.77**
**തൂണേരി ബ്ലോക്ക് പഞ്ചായത്ത്**
**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.10.2023 ലെ കത്ത് (SRG/1392/23 - CC/318/23).**

**വിഷയം:-** സ്വയംതൊഴിൽ കണ്ടെത്തുന്നതിന് മൊബൈൽ ലാബ് തുടങ്ങാൻ ധനസഹായം നൽകുന്നതു സംബന്ധിച്ച്.

| *പ്രോ.നം:* 6/24 | ***അടങ്കൽ*** | ***11,00,000 രൂപ*** |
|---|---|---|
| | *വികസനഫണ്ട് - ജനറൽ* | *3,00,000 രൂപ* |
| | *ലോൺ* | *8,00,000 രൂപ* |
| ***പേര്*** | **സായൂജ്യം - മൊബൈൽ ലാബ്** | |

ബ്ലോക്കു പഞ്ചായത്തിലെ ഓരോ ഗ്രാമപഞ്ചായത്തിൽ നിന്നും രണ്ടു വനിതകളെ വീതം കണ്ടെത്തി ജീവിതശൈലി രോഗങ്ങളുടെ പരിശോധനയ്ക്കായി മൊബൈൽ യൂണിറ്റു തുടങ്ങുകയാണ് ലക്ഷ്യം. സ്വയംതൊഴിൽ സംരംഭം എന്ന നിലയിൽ രണ്ടു പേർക്ക് വീതം പരിശീലനം നൽകുന്നു. നിശ്ചിത ഫീസ് ഈടാക്കി സ്വയംതൊഴിൽ സംരംഭം എന്ന നിലയിലുള്ള ഈ പ്രോജക്ട് മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കുമാണ് നടപ്പാക്കാവുന്നത്. ഈ പ്രോജക്ട് ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് നേരിട്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**14.11.2023 ലെ തീരുമാനം :-** മൊബൈൽ യൂണിറ്റുകളുടെ ബയോമെഡിക്കൽ വേസ്റ്റ് എങ്ങനെ കൈകാര്യം ചെയ്യണം, യൂണിറ്റ് തുടങ്ങുന്നവരുടെ യോഗ്യത എന്താണ്, എന്തൊക്കെ സുരക്ഷാ മാർഗ്ഗങ്ങളാണ് സ്വീകരിക്കേണ്ടത് തുടങ്ങിയവ സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ ആരോഗ്യവകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി. ഇതു പ്രകാരം റിപ്പോർട്ട് നൽകി.

**06.06.2024-ലെ റിപ്പോർട്ട് :-** ഒരു ലാബ് പ്രവർത്തിപ്പിക്കുന്നതിന് അടിസ്ഥാനപരമായി കുറഞ്ഞത് എം.എൽ.ടി ഡിപ്ലോമ യോഗ്യതയും പാരാമെഡിക്കൽ കൗൺസിൽ

രജിസ്ട്രേഷനുമുള്ള ഒരു ലാബ് ടെക്നീഷ്യൻ ഉണ്ടായിരിക്കണം. കൂടാതെ ജൈവ സുരക്ഷ ഉറപ്പാക്കുന്നതിലേയ്ക്കായി സ്റ്റാൻഡേർഡ് മുൻകരുതൽ എടുക്കുന്നതിൽ പ്രാവീണ്യം, അണു വിമുക്തമായ രക്തശേഖരണം, ഡിസ്പോസിബിൾ സൂചികൾ, സിറിഞ്ചുകൾ, കൈയ്യുറകൾ, സൂചി ഡിസ്ട്രോയർ എന്നിവ ആവശ്യമാണ്. പരിശോധനയുടെ ഭാഗമായി ഉണ്ടാകുന്ന ബയോമെഡിക്കൽ മാലിന്യം ദേശീയ മാനദണ്ഡങ്ങൾ അനുസരിച്ച് മാലിന്യങ്ങൾ വേർതിരിക്കുകയും നീക്കം ചെയ്യുകയും വേണം. ഇമേജ് വഴി ബയോമെഡിക്കൽ മാലിന്യം നീക്കം ചെയ്യുന്നതിന് 'ഇമേജു'മായി ഇത് രജിസ്റ്റർ ചെയ്യുകയും വേണം. ഈ പ്രോജക്ടിന്റെ വിഷയത്തിൽ പരിശീലനത്തിന് തെരഞ്ഞെടുക്കുന്ന വ്യക്തികളുടെ വിദ്യാഭ്യാസ യോഗ്യതയെ കുറിച്ചോ പരിശീലനത്തിന്റെ വിശദാംശങ്ങളെക്കുറിച്ചോ പരാമർശിച്ചിട്ടില്ല. ആവശ്യത്തിന് യോഗ്യതയുള്ള ജീവനക്കാരെ ഉപയോഗിച്ച് ആവശ്യമായ ജൈവസുരക്ഷാ മാനദണ്ഡങ്ങളും ബയോമെഡിക്കൽ മാലിന്യങ്ങളും നിയമപരമായി നീക്കം ചെയ്യുന്നതിനുള്ള പദ്ധതിയും ഉണ്ടാക്കികൊണ്ട് മാത്രമേ പ്രോജക്ട് നടപ്പാക്കാവൂ എന്നറിയിച്ചിരിക്കുന്നു.

**<u>06.06.2024-ലെ തീരുമാനം :-</u>** പൊതു തീരുമാനം ഖണ്ഡിക 3.13 ബാധകമാണ്

| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ് |
|---|---|

**<u>2.7 കോഓർഡിനേഷൻ കമ്മിറ്റിയുടെ 04.01.2024-ലെ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ</u>**

**<u>2.7 ഖണ്ഡിക 4.13</u>**

**<u>റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത്</u>**

**റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 02.06.2023-ലെ കത്തും റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ 16.03.2023-ലെ കത്തും അസിസ്റ്റന്റ് എഞ്ചിനീയർ അനുബന്ധമായി നൽകിയ കുറിപ്പും (SRG/1647/23)**

**വിഷയം:-** റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിൽ നിർമ്മിച്ച ഗ്യാസ് ക്രിമിറ്റോറിയത്തിന്റെ ബിൽ തുക നൽകുന്നത് സംബന്ധിച്ച്

റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിൽ 2015-16-ൽ ഗ്യാസ് ക്രിമിറ്റോറിയം നിർമ്മിക്കാൻ പ്രോജക്ട് ഏറ്റെടുത്തിരുന്നു. റാന്നി പഴവങ്ങാടി, റാന്നി അങ്ങാടി, റാന്നി, ചെറുകോൽ എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 20.00 ലക്ഷം രൂപ വീതവും MLA SDF-ൽ നിന്ന് 1.20 ലക്ഷം രൂപയും ചേർത്ത് ആകെ 81.20 ലക്ഷം രൂപയാണ് പ്രോജക്ട് അടങ്കൽ. ശ്മശാന നിർമ്മാണത്തിന് 29.09.2015-ന് കോസ്റ്റ് ഫോർഡുമായി അസിസ്റ്റന്റ് എഞ്ചിനീയർ കരാറിൽ ഏർപ്പെട്ട് നിർമ്മാണം ആരംഭിച്ചു. 2018-ൽ ഉണ്ടായ മഹാപ്രളയവും തുടർന്നുണ്ടായ കൊവിഡ് മഹാമാരിയും ക്രിമിറ്റോറിയത്തിന്റെ നിർമ്മാണത്തെ ബാധിച്ചു. കൂടാതെ ക്രിമിറ്റോറിയത്തിന്റെ ബറിയൽ ചേമ്പറിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് നാട്ടുകാർ പല തവണ നിർമ്മാണം തടഞ്ഞു. 2023 മാർച്ചിൽ ശ്മശാനത്തിന്റെ നിർമ്മാണം പൂർത്തിയാവുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ആകെ ബിൽ തുക 77,28,815 രൂപ. 2016-17-ൽ 16.00 ലക്ഷം രൂപ, 2017-18-ൽ 16.00 ലക്ഷം രൂപ, 2021-22 വർഷം 10.00 ലക്ഷം രൂപ വീതം നൽകി. ആകെ 42.00 ലക്ഷം രൂപയാണ് നൽകിയത്. ഇനി 35,28,815 രൂപ കൂടി നൽകണം. കരാർ പ്രകാരമുള്ള സമയത്ത് നിർമ്മാണം പൂർത്തിയാക്കിയില്ല എന്നതിനാൽ ഫൈൻ ഈടാക്കേണ്ടതുണ്ട്. എന്നാൽ കരാറുകാരന്റെ മാത്രം വീഴ്ചകൊണ്ടല്ല താമസമുണ്ടായതെന്ന് തദ്ദേശസ്വയംഭരണവകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ഇതു പരിഗണിച്ച് ഫൈൻ ഈടാക്കുന്നതൊഴിവാക്കി ബാക്കി ബിൽ തുക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച് .

**<u>04.01.2024-ലെ തീരുമാനം</u> :-**ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് 2)തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്** |

**<u>2.8 കോഓർഡിനേഷൻ കമ്മിറ്റിയുടെ 22.01.2024-ലെ യോഗ തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ</u>**

**2.8 ഖണ്ഡിക 4.6**

**<u>എടവനക്കാട് ഗ്രാമപഞ്ചായത്ത്</u>**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.09.2023, 13.09.2023 എന്നീ തീയതികളിലെ കത്തുകളും അനുബന്ധരേഖകളും (SRG/1282/23 - CC/701/23).**

**വിഷയം:-** എടവനക്കാട് ഗവ.ആയുർവേദ ഡിസ്പെൻസറിയിൽ പഞ്ചകർമ്മ ചികിത്സാ സൗകര്യമൊരുക്കുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം: 35/24*** | ***അടങ്കൽ*** | ***5,00,000 രൂപ*** |
| | | *(തനത് ഫണ്ട്)* |
| ***പേര്*** | ***എടവനക്കാട് ഗവ.ആയുർവേദ പഞ്ചകർമ്മ ചികിത്സ സൗകര്യം ലഭ്യമാക്കൽ*** | |

എടവനക്കാട് ഗവ. ആയുർവേദ ഡിസ്പെൻസറിയിൽ 2019-20 മുതൽ ഗ്രാമപഞ്ചായത്ത് പഞ്ചകർമ്മ സൗകര്യം ഏർപ്പെടുത്തുന്നുണ്ട്. ആദ്യവർഷത്തെ ചെലവ് സംഭവാനയിൽ നിന്ന് കണ്ടെത്തി. 2021-22 മുതൽ നൂതന പ്രോജക്ടായാണ് നടപ്പാക്കുന്നത്. ആറു മാസത്തേയ്ക്ക് മാത്രം വേതനം നൽകാനാണ് അനുമതി നൽകുന്നത്. യോഗ്യരായ വനിത-പുരുഷ തെറാപ്പിസ്റ്റുകളെ നിയമിച്ച് (2 പേർ) പ്രതിമാസം ഒരാൾക്ക് 20,385 രൂപയിൽ കവിയാത്ത വേതനം നൽകുന്നു. (പ്രതിദിനം 755 രൂപ). വർഷം മുഴുവൻ ഈ സേവനം നൽകുന്ന രീതിയിൽ സ്ഥിരമായി തെറാപ്പിസ്റ്റുകളുടെ നിയമിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. എടവനക്കാട് ഗ്രാമപഞ്ചായത്തു കൂടാതെ ചൂർണ്ണിക്കര, മുളന്തുരുത്തി, മണീട്, ശ്രീമൂലനഗരം, മുളവുകാട്, എന്നീ ഗ്രാമപഞ്ചായത്തുകളും ഇതേ രീതിയിൽ പഞ്ചകർമ്മ ചികിത്സ നടത്തുന്നുണ്ടെന്നും ഈ ഗ്രാമപഞ്ചായത്തുകൾക്കും ഇതേ രീതിയിൽ തെറാപ്പിസ്റ്റുകളെ നിയമിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**<u>221.01.2024 ലെ തീരുമാനം</u> :-**ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ആയുർവേദ ഡയറക്ടറെ ചുമതലപ്പെടുത്തി.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ഡയറക്ടർ ആയുർവേദ വകുപ്പ് 2)തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്** |

**2.8 ഖണ്ഡിക 4.14**

**<u>തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്</u>**

**സർക്കാരിന്റെ 14.11.2023-ലെ ഡി.എ1/360/2023 തസ്വഭവ നമ്പർ കത്ത്, 30.11.2023 -ലെ ഡി.എ1/405/2023 തസ്വഭവ നമ്പർ കത്ത്, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 21.09.2023-ലെ കത്തും തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 18.11.2023-ലെ E3/4828/2017/ TDP നമ്പർ കത്തും തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 20.09.2023-ലെ 7(3) -ാം നമ്പർ തീരുമാനവും തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്**

**ഭരണസമിതിയുടെ 14.11.2023-ലെ 8(2)-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/1548/23, SRG/1590/23)**

**വിഷയം:-** സ്നേഹം മെഡിക്കൽ പാലിയേറ്റീവ് സൊസൈറ്റിയിൽ നിന്ന് മരുന്ന് വാങ്ങുന്നത് സംബന്ധിച്ച്.

ജില്ലാ പഞ്ചായത്തിന്റെ ക്രമനമ്പർ രണ്ടു പ്രകാരമുള്ള ആവശ്യം

(i) കരൾ, വൃക്ക മാറ്റി വച്ചവർക്ക് മരുന്ന് വാങ്ങി നൽകാൻ 66.00 ലക്ഷം രൂപയുടെ പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അനുമതി നൽകിയിരുന്നു. എന്നാൽ ആരോഗ്യ വകുപ്പ് ഡയറക്ടർ പ്രോജക്ട് വെറ്റ ചെയ്തില്ല. രോഗികൾക്ക് 2023 ഏപ്രിൽ, മെയ്, ജൂൺ ജൂലൈ മാസങ്ങളിൽ മരുന്നു നൽകിയ വകയിൽ 22,48,060 രൂപ സ്നേഹം പാലിയേറ്റീവ് സൊസൈറ്റിക്ക് നൽകാനുണ്ടായിരുന്നു. ജില്ലാ പഞ്ചായത്ത് ഭരണ സമിതിയുടെ നിർദ്ദേശ പ്രകാരം ഈ തുക 11.09.2023-ൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറി സ്നേഹം പാലിയേറ്റീവ് കെയർ സൊസൈറ്റിക്ക് അനുവദിച്ച് നൽകി. ഇതിന് സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്.

<u>**22.01.2024-ലെ തീരുമാനം:-**</u>ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ആരോഗ്യവകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ഡയറക്ടർ, ആരോഗ്യവകുപ്പ്<br>2)തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്** |

**2.8 ഖണ്ഡിക 4.27**

<u>**വളവന്നൂർ ഗ്രാമപഞ്ചായത്ത്**</u>

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.12.2023-ലെ കത്തും വളവന്നൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 12.10.2023-ലെ 2(1)-ാം നമ്പർ തീരുമാനവും വളവന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 08.12.2023-ലെ SC1 - 5188/23-ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG/1628/23 - CC/881/23))**

**വിഷയം:-** വളവന്നൂർ ബാഫക്കി യത്തീംഖാന സ്ഥാപനങ്ങൾക്ക് സൗജന്യ കുടിവെള്ളകണക്ഷൻ നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം:* 18/24** | ***അടങ്കൽ*** | *4,90,000 രൂപ (CFC Tied Grant)* |
| ***പേര്*** | ***ബാഫക്കി യത്തീംഖാന കുടിവെള്ള കണക്ഷൻ - തുക ഡിപ്പോസിറ്റ് ചെയ്യൽ*** | |

വളവന്നൂർ - കൽപ്പകഞ്ചേരി കുടിവെള്ള പദ്ധതിക്കായി വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിലേയ്ക്ക് ബാഫക്കി യത്തീംഖാനയുടെ ഉടമസ്ഥതയിലുള്ള 15 സെന്റ് സ്ഥലം സൗജന്യമായി വിട്ടു നൽകി ടാങ്ക് സ്ഥാപിച്ചിട്ടുണ്ട്. ഇവിടെ നിന്ന് കൽപ്പകഞ്ചേരി, വളവന്നൂർ ഗ്രാമപഞ്ചായത്തുകളിലേയ്ക്ക് കുടിവെള്ള വിതരണം നടത്തുന്നുണ്ട്. ബാഫക്കി യത്തീംഖാനയ്ക്കും അനുബന്ധ സ്ഥാപനങ്ങൾക്കും കുടിവെള്ള കണക്ഷനും കുടിവെള്ളവും സൗജന്യമായി നൽകണമെന്ന നിബന്ധനയോടെയാണ് സ്ഥലം കേരള വാട്ടർ അതോറിറ്റിക്ക് വിട്ടു നൽകിയത്.

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 09.02.2012-ലെ 8(12)-ാം നമ്പർ തീരുമാനപ്രകാരം ഈ കുടിവെള്ള പദ്ധതിയിൽ നിന്ന് ബാഫക്കി യത്തീംഖാനയ്ക്കും അനുബന്ധ സ്ഥാപനങ്ങൾക്കും

സൗജന്യമായി കുടിവെള്ളം ലഭ്യമാക്കാൻ നിശ്ചയിക്കുകയും ഇതനനുസരിച്ച് വളവന്നൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റും ബാഫക്കി യത്തീം ഖാന ഓർഫനേജ് കമ്മിറ്റി പ്രസിഡന്റുമായി കരാറിലേർപ്പെട്ടിട്ടുമുണ്ട്. ഇതനുസരിച്ച് യത്തീംഖാനയക്കും അനുബന്ധ സ്ഥാപനങ്ങൾക്കും സൗജന്യമായി കുടിവെള്ളം ലഭ്യമാക്കിയില്ലെങ്കിൽ കരാർ റദ്ദാക്കി നിർമ്മാണ പ്രവൃത്തികൾ നീക്കം ചെയ്യേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ വളവന്നൂർ യത്തീംഖാനയ്ക്കും അനുബന്ധ സ്ഥാപനങ്ങൾക്കും സൗജന്യ കുടിവെള്ള കണക്ഷൻ നൽകാനുള്ള പ്രോജക്ടിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്

**22.01.2024ലെ തീരുമാനം:-**ഇപ്രകാരം സൗജന്യ കുടിവെള്ള കണക്ഷൻ നൽകുമ്പോൾ ഉണ്ടാകുന്ന ചെലവ്, കുടിവെള്ള ചാർജ് ഒരു വർഷം എത്ര രൂപ വരും തുടങ്ങിയവ സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ കേരള വാട്ടർ അതോറിട്ടി ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)ചീഫ് എഞ്ചിനീയർ കേരള വാട്ടർ അതോറിട്ടി 2)തദ്ദേശസ്വയംഭരണ (ഡി.സി)വകുപ്പ്** |

**2.8 ഖണ്ഡിക 4.28**

**കൽപ്പകഞ്ചേരി ഗ്രാമപഞ്ചായത്ത്**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.09.2023 ലെ കത്തും കൽപ്പകഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 07.09.2023 ലെ കത്തും കൽപ്പകഞ്ചേരി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 11.08.2023 ലെ 7(1)-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/1289/23 – CC/687/2023).**

**വിഷയം:-** വളവന്നൂർ ബാഫഖി യത്തിംഖാന സ്ഥാപനങ്ങൾക്ക് സൗജന്യ കുടിവെള്ള കണക്ഷൻ നൽകുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം:*** 270/24 | ***അടങ്കൽ*** | ***5,00,000 രൂപ (തനത് ഫണ്ട്)*** |
| ***പേര്*** | വളവന്നൂർ ബാഫഖി യത്തിംഖാന സ്ഥാപനങ്ങൾക്ക് കുടിവെള്ള കണക്ഷൻ നൽകൽ | |

കൽപ്പകഞ്ചേരി ഗ്രാമപഞ്ചായത്തിൽ വളവന്നൂർ കുടിവെള്ള പദ്ധതിക്ക് ടാങ്ക് നിർമ്മിക്കുന്നതിനായി 2013 ൽ MLASDF – ൽ ഫണ്ട് അനുവദിച്ചിരുന്നു. ടാങ്ക് നിർമ്മിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ട പ്രകാരം ബാഫഖി യത്തിംഖാനക്കും അനുബന്ധ സ്ഥാപനങ്ങൾക്കും കുടിവെള്ള കണക്ഷനും കുടിവെള്ളവും സൗജന്യമായി നൽകണമെന്ന നിബന്ധനയോടെ വളവന്നൂർ ബാഫഖി യത്തിംഖാന 15 സെന്റ് സ്ഥലം KWAക്ക് വിട്ടു നൽകി. ഇതനുസരിച്ച് വളവന്നൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റും വളവന്നൂർ ബാഫഖി യത്തിംഖാന ഓർഫനേജ് കമ്മിറ്റി പ്രസിഡന്റുമായി മുദ്രപത്രത്തിൽ കരാറുണ്ടാക്കി. കരാറനുസരിച്ച് ഗ്രാമപഞ്ചായത്തോ അനുബന്ധ ഡിപ്പാർട്ട്മെന്റോ വാട്ടർ അതോറിറ്റിയോ യത്തിംഖാനയ്ക്കും അനുബന്ധ സ്ഥാപനങ്ങൾക്കും സൗജന്യമായി കുടിവെള്ളം നൽകാതിരുന്നാൽ കരാർ റദ്ദാക്കി നിർമ്മാണ പ്രവൃത്തികൾ നീക്കം ചെയ്യേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ വളവന്നൂർ യത്തിംഖാനയ്ക്കും അനുബന്ധ സ്ഥാപനങ്ങൾക്കും സൗജന്യ കുടിവെള്ള കണക്ഷൻ നൽകാനുള്ള പ്രോജക്ടിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**22.01.2024 ലെ തീരുമാനം** :-ഇപ്രകാരം സൗജന്യ കുടിവെള്ള കണക്ഷൻ നൽകുമ്പോൾ ഉണ്ടാകുന്ന ചെലവ്, ഒരു വർഷം കുടിവെള്ള ചാർജ് എത്രയാണ് തുടങ്ങിയവ സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ കേരള വാട്ടർ അതോറിട്ടി ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | 1) **ചീഫ് എഞ്ചിനീയർ കേരള വാട്ടർ അതോറിട്ടി** 2) **തദ്ദേശസ്വയംഭരണ (ഡി.സി)വകുപ്പ്** |

2.8 ഖണ്ഡിക 4.31

**<u>വിളയൂർ ഗ്രാമപഞ്ചായത്ത്</u>**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.09.2023 ലെ കത്തും വിളയൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 14.08.2023 ലെ 20(1)-ാം നമ്പർ തീരുമാനവും (SRG/1311/23 - CC/718/2023).**

**വിഷയം:-** കുടിവെള്ള പദ്ധതിയുടെ വൈദ്യുതി കുടിശ്ശിക അടയ്ക്കുന്നത് സംബന്ധിച്ച്

വിളയൂർ ഗ്രാമപഞ്ചായത്തിൽ മുൻവർഷങ്ങളിൽ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ വിവിധ കുടിവെള്ള പദ്ധതികൾ നിർമ്മിച്ച് ഗുണഭോക്തൃ സമിതിക്ക് കൈമാറിയിട്ടുണ്ട്. ജല-ജീവൻ പദ്ധതി വരുന്നതുവരെ ഈ പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് ഗുണഭോക്തൃസമിതി തന്നെ നൽകി. ജലജീവൻ പദ്ധതിയിലൂടെ കുടിവെള്ളം ലഭിക്കുന്നുണ്ട് എന്നതിനാൽ ഇപ്പോൾ ഗുണഭോക്തൃസമിതി വൈദ്യുതി ചാർജ് അടയ്ക്കുന്നില്ല. ഗുണഭോക്താക്കൾ മാസംതോറും നൽകേണ്ട തുക നൽകുന്നില്ല. ആകെ 30 കുടിവെള്ള പദ്ധതിയുടെ കുടിശ്ശികയാണ് നൽകാനുള്ളത്. ഇതിൽ 14 എണ്ണത്തിന്റെ വൈദ്യുതി കണക്ഷൻ KSEB വിച്ഛേദിച്ചു. കുടിശ്ശിക ഈടാക്കാൻ KSEB റവന്യു റിക്കവറി നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആകെ കുടിശ്ശിക തുക 84,923 രൂപ. ഈ തുക നൽകാൻ തനത് ഫണ്ട് ഇനത്തിൽ 1,00,000 രൂപ ചെലവഴിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**<u>22.01.2024 ലെ തീരുമാനം :-</u>** ഈ പദ്ധതിയിലൂടെ കുടിവെള്ളമുപയോഗിച്ച കാലത്തെ കുടിശ്ശിക ഗുണഭോക്തൃ സമിതി തന്നെ നൽകേണ്ടതാണ് എന്നു യോഗം നിരീക്ഷിച്ചു. ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ റൂറൽ ഡയറക്ടറെ ചുമതലപ്പെടുത്തി.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) റൂറൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2)തദ്ദേശസ്വയംഭരണ (ഡി.സി)വകുപ്പ്** |

2.8 ഖണ്ഡിക 4.33

**<u>ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത്</u>**

**ശ്രീ.വിനോദ്.റ്റി.എൻ, തുണ്ടത്തിൽ വീട്, പൂഞ്ഞാർ തെക്കേക്കര എന്ന വ്യക്തിയുടെ 26.07.2023 -ലെ കത്തും ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 01.12.2023-ലെ B-1761/2023-ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG/1255/23)**

**വിഷയം:-** കൈപ്പള്ളി ഗവ.എൽ.പി.എസ് കോമ്പൗണ്ടിൽ നിർമ്മിച്ച മഴവെള്ള സംഭരണിയുടെ തുക നൽകുന്നത് സംബന്ധിച്ച്

പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിൽ കൈപ്പള്ളി ഗവ. എൽ.പി. സ്കൂളിൽ 2016-17-ൽ Pradan Manthri Krishi Sinchayee Yojana (PMKSY)/Integrated Watershed Management Programme (IWMP) യിൽ ഉൾപ്പെടുത്തി മഴവെള്ള സംഭരണി നിർമ്മിക്കാൻ ശ്രീ.വിനോദ്. റ്റി.എൻ എന്ന വ്യക്തിയെ ഏൽപ്പിച്ചിരുന്നു. 50,000 ലിറ്റർ സംഭരണശേഷിയുള്ള ഇതിന്റെ നിർമ്മാണം 2016-17-ൽ പൂർത്തിയായില്ല. ഇത് 2017-18-ൽ പൂർത്തിയാക്കി ബിൽ ബ്ലോക്ക് പഞ്ചായത്തിൽ നൽകിയെങ്കിലും IWMP നിർത്തലാക്കിയതിനാൽ ബിൽ തുകയായ 5.00 ലക്ഷം രൂപ ലഭിച്ചില്ല. ഈ തുക ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിൽ നിന്നു നൽകാൻ നിർദ്ദേശം നൽകണമെന്ന് ശ്രീ.വിനോദ്.റ്റി.എൻ ന്റെ ആവശ്യം സംബന്ധിച്ച് .

ഈ വിഷയം സംബന്ധിച്ച് ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് നൽകിയിട്ടുണ്ട്. മഴവെള്ള സംഭരണിയിൽ മഴവെള്ളം സംഭരിച്ചപ്പോൾ വിള്ളൽ രൂപപ്പെട്ട് ചോർച്ചയുണ്ടായി. ഇതു പരിഹരിക്കണമെന്ന് വാട്ടർഷെഡ് കമ്മിറ്റിയോട് ആവശ്യപ്പെട്ട പ്രകാരം പരിഹരിച്ചു എന്ന് കമ്മിറ്റി അറിയിച്ചുവെങ്കിലും ന്യൂനത പരിഹരിച്ചിട്ടില്ല എന്ന്

ബന്ധപ്പെട്ട  എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.  സമീപവാസികൾ പരാതിപ്പെട്ടതിനാൽ മെഷർമെന്റ് എടുത്ത്  ബിൽ തുക നൽകിയിട്ടില്ല.  ഇപ്പോൾ ഈ ടാങ്കിൽ മഴവെള്ളം  സംഭരിച്ച്  സ്കൂളിലെ ആവശ്യങ്ങൾക്കായി  ഉപയോഗിക്കുന്നു.

**<u>22.01.2024 ലെ തീരുമാനം</u> :**–ഇതു പരിശോധിച്ച്  റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. മഴവെള്ള സംഭരണിയുടെ നിർമ്മാണവും ഇപ്പോഴത്തെ ക്ഷമതയും  പരിശോധിക്കുന്നതിനോടൊപ്പം  ബിൽ  തുക  നല്കുന്നതിന്  ഉദ്ദേശിക്കുന്ന വിഭവസ്രോതസ്സ് ഏതാണെന്ന്  ബ്ലോക്ക് പഞ്ചായത്തുമായി ചർച്ച ചെയ്ത് അതിന്റെ വിശദാംശം ഉൾപ്പെടെ റിപ്പോർട്ട്  നൽകണം.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട,  തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | 1)  **ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്**<br>**2)തദ്ദേശസ്വയംഭരണ (ഡി.സി)വകുപ്പ്** |

**2.8 ഖണ്ഡിക 4.34**

**<u>കോഡൂർ ഗ്രാമപഞ്ചായത്ത്</u>**

**<u>ബഹു.</u> മലപ്പുറം എം.എൽ.എ.യുടെ 31.10.2023–ലെ കത്തും കോഡൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 15.09.2023–ലെ 12(1)–ാം നമ്പർ തീരുമാനവും  (SRG/1542/23)**

**വിഷയം:–** കോഡൂർ ഗ്രാമപഞ്ചായത്തിലെ നൂറാടി പമ്പ് ഹൗസിന് പുതിയ  ട്രാൻസ് ഫോമർ സ്ഥാപിക്കുന്നതു സംബന്ധിച്ച്

കോഡൂർ ഗ്രാമപഞ്ചായത്തിലെ കേരള വാട്ടർ അതോറിറ്റിയുടെ  നൂറാടി പമ്പ് ഹൗസ് 1989 മുതൽ പ്രവർത്തിച്ചു വരുന്നു. ആയിരത്തോളം  കുടുംബങ്ങൾക്ക് കുടിവെള്ളം  നൽകുന്ന ജലസ്രോതസ്സിലാണ് ഈ പമ്പ് ഹൗസ് സ്ഥിതി ചെയ്യുന്നത്. ഈ പമ്പ് ഹൗസിന്റെ പ്രവർത്തനത്തിന്  100 KVA ശേഷിയുള്ള  ട്രാൻസ് ഫോമറാണുള്ളത്.  ഇവിടുത്തെ പമ്പിംഗ് കാര്യക്ഷമമാക്കുന്നതിന് 40 HP ശക്തിയുള്ള രണ്ട് മോട്ടോറുകൾ പ്രവർത്തിക്കണം. ഇതിനായി ഇപ്പോഴുള്ള 100 KVA ട്രാൻസ് ഫോമറിനു പകരം 200 KVAയുടെ  ട്രാൻസ് ഫോമർ വേണം. ഇതിനുള്ള ഫണ്ട് KWA ക്കോ KSEB ക്കോ ഇല്ലാത്തതിനാൽ ഗ്രാമപഞ്ചായത്തിൽ നിന്ന് ട്രാൻസ് ഫോമറിനുള്ള തുക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച് .

**<u>22.01.2024 ലെ തീരുമാനം</u> :**–200 **KVA** ട്രാൻസ്ഫോമറിന്റെ ആവശ്യം എന്തുകൊണ്ടാണ്, എത്ര കുടുംബത്തിനാണ് ഇതിന്റെ പ്രയോജനം,  ട്രാൻസ് ഫോർമറിന്റെ ചെലവ് **KWA/KSEB** ക്ക് വഹിക്കാൻ കഴിയാത്തതിന്റെ കാരണം  എന്നിവയടക്കം പരിശോധിച്ച്  റിപ്പോർട്ട് നൽകാൻ **KWA** ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയ പ്രകാരം  റിപ്പോർട്ട് നൽകി.

**<u>06.06.2024നു നൽകിയ റിപ്പോർട്ട്</u>:–**  ഏകദേശം 1000 കുടുംബങ്ങൾക്ക്  ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. പുതിയ പമ്പ് സെറ്റുകൾ പ്രവർത്തിപ്പിക്കാൻ വാട്ടർ അതോറിറ്റിക്ക് മാത്രമായി ഡെഡിക്കേറ്റഡ് ട്രാൻസ്ഫോർമറും, അതിലേക്ക് വൈദ്യുതി എത്തിക്കുന്ന ഹൈടെൻഷൻ കേബിളുകളും സ്ഥപിക്കുകയോ, അതല്ലെങ്കിൽ വടക്കേമണ്ണയിൽ സ്ഥാപിച്ച 100 കെ.വി.എ ട്രാൻസ്ഫോർമർ മാറ്റി 200 കെ.വി.എ ശേഷിയുള്ള ട്രാൻസ്ഫോർമർ സ്ഥാപിക്കുകയോ ചെയ്യണം.

എസ്റ്റിമേറ്റിൽ ട്രാൻസ്ഫോമർ സ്ഥാപിക്കുന്ന തുക കൂടി ഉൾപ്പെടുത്തിയാൽ ഓരോ കണക്ഷനും ചിലവാകുന്ന തുക (cost of project) അധികരിക്കുന്നതിനാൽ ഈ പ്രവർത്തി ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ സാധിച്ചില്ല. പുതിയ പമ്പ് സെറ്റ് സ്ഥാപിച്ചപ്പോൾ ആകെ കണക്ഷൻ ലോഡ് കൂടിയതിനാൽ ആണ് പുതിയ ട്രാൻസ്ഫോർമറിന്റെ ആവശ്യം വന്നത്. 200കെ.വി.എ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ ആകെ ചാർജ് 18.00 ലക്ഷം രൂപയാണ്. (കെഎസ്ഇബി ഡെപ്പോസിറ്റ്, മെറ്റീരിയൽസ്, ലേബർ ചാർജ് ഉൾപ്പെടെ)

കൂടുതൽ ശേഷിയുള്ള ട്രാൻസ്ഫോർമർ (200കെ.വി.എ) സ്ഥാപിച്ച് പുതിയ മോട്ടോറുകൾ പ്രവർത്തനക്ഷമമാക്കിയാൽ മാത്രമേ പുതിയ പമ്പിംഗ് മെയിനും പ്രഷർ ഫിൽറ്ററും പ്രവർത്തനക്ഷമമാക്കി കൂടുതൽ കുടിവെള്ളം ലഭ്യമാക്കാൻ കഴിയൂ.

**<u>06.06.2024-ലെ തീരുമാനം</u> :-** KWA യുടെ വിഹിതം, MLASDF തുടങ്ങിയ വിഹിതം കൂടി കണ്ടെത്താൻ ശ്രമിക്കണമെന്ന നിർദ്ദേശത്തോടെ അനുമതി നൽകുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.സി)വകുപ്പ്** |

**2.8 ഖണ്ഡിക 4.36**

**<u>പാലക്കാട് ജില്ലാ പഞ്ചായത്ത്</u>**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.08.2023 ലെ കത്തും പാലക്കാട് ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 31.07.2023 ലെ 11(5)-ാം നമ്പർ തീരുമാനവും (SRG/1203/23 - CC/626/23).**

**വിഷയം:-** മലമ്പുഴ ഗ്രാമപഞ്ചായത്തിലെ വെള്ളെഴുത്താൻ പൊറ്റ പട്ടികവർഗ്ഗ സങ്കേതത്തിൽ വികസന പ്രവൃത്തികൾ നടപ്പാക്കുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം:*** **86/24** | ***അടങ്കൽ*** | ***50,00,000 രൂപ (റ്റി.എസ്.പി)*** |
| ***പേര്*** | കോളനി ദത്തെടുക്കൽ | |

മലമ്പുഴ ഗ്രാമപഞ്ചായത്തിലെ വെള്ളെഴുത്താൻപൊറ്റ പട്ടികവർഗ്ഗ സങ്കേതം ഏറ്റെടുത്ത് വിവിധ വികസന പ്രവർത്തനങ്ങൾ നടപ്പാക്കാനാണ് പ്രോജക്ട്. വിവിധ പ്രവൃത്തികൾക്കായി 1.00 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ബഹു വർഷമായി നടപ്പാക്കാൻ ഉദ്ദേശിച്ചിരിക്കുന്ന പ്രോജക്ടിൽ ഈ വർഷം 50.00 ലക്ഷം രൂപ ചെലവഴിക്കാൻ ഉദ്ദേശിക്കുന്നു. പട്ടികവർഗ്ഗ വികസനവകുപ്പ് മുഖേന ഭാഗികമായി നിർമ്മാണം നടത്തിയ 19 വീടുകളുടെ നവീകരണം, റോഡ്, ചേരിവികസനം, കുടിവെള്ളം എന്നീ മേഖലയിലാണ് വികസനം ഉദ്ദേശിക്കുന്നത്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച് .

**<u>22.01.2024-ലെ തീരുമാനം</u> :-**ഇതിന് പട്ടികവർഗ്ഗവികസന വകുപ്പിൽ നിന്നും ഫണ്ട് നൽകാൻ കഴിയുമോ, ഉണ്ടെങ്കിൽ ഏതൊക്കെ ആവശ്യത്തിനാണ്, എത്ര തുകയാണ് നൽകാൻ കഴിയുന്നത് എന്നതടക്കമുള്ളവ പരിശോധിച്ച് റിപ്പോട്ട് നൽകാൻ പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടറെ ചുമതലപ്പെത്തി.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്<br>2)തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്** |

**2.8 ഖണ്ഡിക 4.37**

**<u>കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ</u>**

**കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറിയുടെ 10.10.2023 -ലെ KGPA/LP/FR/2023/101001 -ാം നമ്പർ കത്തും പാഞ്ഞാൾ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 05.10.2023-ലെ PRE/11/23-ാം നമ്പർ കത്തും (SRG/1426/23)**

**വിഷയം:-** വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഫീൽഡുതല പരിശോധനയ്ക്ക് പ്രതിഫലം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്

ഗ്രാമപഞ്ചായത്തുകളുടെയും നഗരസഭകളുടെയും വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഫീൽഡ്തല പരിശോധന നടത്തി വിവരങ്ങൾ ശേഖരിക്കുന്നതിന് നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. ഇതിനായി നിശ്ചിത യോഗ്യതയുള്ളവരെ താൽക്കാലികമായി നിയമിക്കാനും ഒരു

കെട്ടിടത്തിന് 30 രൂപ വേതനം നൽകാനും സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ നിരക്ക് പ്രകാരം ആരും ഫീൽഡ് സന്ദർശനത്തിനും വിവരശേഖരണത്തിനും തയ്യാറാകുന്നില്ല. അതിനാൽ ഒരു വീടിന് 75 രൂപയെങ്കിലുമായി നിരക്ക് നിശ്ചയിക്കണമെന്നതു സംബന്ധിച്ച്

**22.01.2024-ലെ തീരുമാനം:-**എല്ലാ കെട്ടിടത്തിനും 30 രൂപ നിരക്കിൽ നൽകുന്നത് ശരിയല്ല എന്നും കെട്ടിടത്തിന്റെ വിസ്തീർണ്ണം കണക്കാക്കി സ്ലാബ് രീതിയിൽ നിരക്ക് നിശ്ചയിക്കുന്ന രീതിയാണ് നല്ലതെന്നും യോഗം വിലയിരുത്തി. ഇങ്ങനെ നിശ്ചയിക്കുന്ന നിരക്ക് പരമാവധി 50 രൂപയിൽ പരിമിതപ്പെടുത്താൻ കഴിയുമോ എന്നും പരിശോധിക്കണം. ഒപ്പം ഇത് കുടുംബശ്രീ മുഖേന ചെയ്യാൻ കഴിയുമോ എന്നും പരിശോധിക്കണം. ഇവ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**06.06.2024-ൽ നൽകിയ റിപ്പോർട്ട്:-** ഫീൽഡുതല പരിശോധനയ്ക്കായി 100 സ്ക്വയർ മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് 50 രൂപയായും 100 സ്ക്വയർ മീറ്റർ മുതൽ 300 സ്ക്വയർ മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് 60 രൂപയായും 300 സ്ക്വയർമീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് 75 രൂപയായും സ്ലാബ് അടിസ്ഥാനത്തിൽ നിരക്കുകൾ നിശ്ചയിക്കാവുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

**06.06.2024-ലെ തീരുമാനം :-** തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം ഈ നിരക്ക് അംഗീകരിച്ചു. പൊതു തീരുമാനം ഖണ്ഡിക 3.12 ബാധകമാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2)തദ്ദേശസ്വയംഭരണ (ആർ.എ)വകുപ്പ്** |

**2.8 ഖണ്ഡിക 4.47**

**പുളിമാത്ത് ഗ്രാമപഞ്ചായത്ത്**

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.09.2023, 13.09.2023 എന്നീ തീയതികളിലെ കത്തും അനുബന്ധരേഖകളും (SRG/1288/23 - CC/529/2023).**

**വിഷയം:-** ലൈഫ് ഭവനപദ്ധതിപ്രകാരം വീട്ടു നിർമ്മിക്കാൻ അനുമതി സംബന്ധിച്ച്.

പുളിമാത്ത് ഗ്രാമപഞ്ചായത്തിലെ 6-ാം വാർഡിൽ താമസിക്കുന്ന ശ്രീമതി റിജം.കെ, സാന്ദ്രാലയം, ഊറാൻകുഴി, കാട്ടുപുറം എന്ന വ്യക്തി 2019-ലെ ലൈഫ് ലിസ്റ്റിൽ ഉണ്ട്. ഈ വ്യക്തിയുടെ റേഷൻകാർഡിൽ ഉൾപ്പെട്ട സഹോദരിമാർക്കെല്ലാം കൂടി 26 സെന്റ് സ്ഥലമുണ്ട്. 2021-ൽ ഈ റേഷൻ കാർഡിൽ നിന്നും സഹോദരിമാരുടെ പേര് കുറവു ചെയ്തിട്ടുണ്ട്. ഈ വ്യക്തിക്ക് സംഭാവനയായി 3 സെന്റ് സ്ഥലം ലഭിച്ചിട്ടുണ്ട്. എന്നാൽ ലൈഫ് ഭവനപദ്ധതി പ്രകാരം വീട്ടു ലഭിക്കുന്നതിന് പഴയ റേഷൻകാർഡ് ഹാജരാക്കണമെന്ന് VEO ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വ്യക്തി ഭിന്നശേഷിക്കാരിയാണ് എന്നറിയിച്ചിട്ടുണ്ട്. പ്രത്യേക പരിഗണനയോടെ ഇവർക്ക് വീട്ടു നിർമ്മാണത്തിന് ധനസഹായം നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**22.01.2024-ലെ തീരുമാനം :-**ഇവ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**06.06.2024 ന നൽകിയ റിപ്പോർട്ട്:-** മുകളിൽ പറഞ്ഞ കാര്യങ്ങൾ ശരിയാണെന്നറിയിച്ചിട്ടുണ്ട്. പൊതുവിഭാഗത്തിൽപ്പെട്ടവരാണെങ്കിൽ ഫെബ്രുവരി 2020ന മുമ്പ് ലഭിച്ച റേഷൻ കാർഡിൽ ഉൾപ്പെട്ടിട്ടുള്ളവരെ ഒരു കുടുംബമായി പരിഗണിച്ചാണ് അർഹത നിശ്ചയിക്കുന്നത്. ശ്രീമതി റീജയ്ക്കും കുടുംബത്തിനും പ്രത്യേക റേഷൻകാർഡ് ലഭിച്ചത് 2021 സെപ്റ്റംബറിലാണ്.

ഇക്കാര്യത്തിൽ ഇളവനുവദിച്ചാൽ മാത്രമേ ശ്രീമതി റീജയുടെ കുടുംബത്തിന് ധനസഹായം നൽകാൻ കഴിയൂ.

**<u>06.06.2024-ലെ തീരുമാനം :-</u>** ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വ്യക്തി ആണ് എന്നതു കൂടി പരിഗണിച്ച് ലൈഫ് ഭവന പദ്ധതിക്ക് പുറത്ത് തനത് ഫണ്ടോ മറ്റ സംഭാവനയായി ലഭിക്കുന്ന വിഹിതമോ ഉൾപ്പെടുത്തി വീട് നിർമ്മിച്ചു നൽകാൻ പ്രത്യേക അനുമതി നൽകുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്** |

**2.8 ഖണ്ഡിക 4.70**

**<u>പാലക്കാട് ബ്ലോക്ക് പഞ്ചായത്ത്</u>**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.09.2023-ലെ കത്തും പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 11.07.2023-ലെ 4(8)-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/ 1276/23- CC/672/23)**

**വിഷയം:-** കാഴ്ചശക്തിയില്ലാത്തവർക്ക് ആൻഡ്രോയിഡ് ഓപ്പറേറ്റിംഗ് സിസ്റ്റം ഉള്ള ഫോൺ വാങ്ങുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 137/23* | *അടങ്കൽ* | *1,00,000 രൂപ* |
| | | *(വികസനഫണ്ട് ജനറൽ - 75,000 രൂപ )* |
| | | *തനത് ഫണ്ട് - 25,000 രൂപ)* |
| *പേര്* | ***കാഴ്ചശക്തിയില്ലാത്തവർക്ക് മൊബൈൽ ഫോൺ വാങ്ങി നൽകൽ*** | |

പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് കാഴ്ചശക്തി ഇല്ലാത്തവർക്ക് മൊബൈൽ ഫോൺ വാങ്ങി നൽകുന്നതിന് കഴിഞ്ഞ വർഷം പ്രോജക്ട് ഏറ്റെടുത്തിരുന്നു. പരമാവധി ധനസഹായം 3000 രൂപയിൽ പരിമിതപ്പെടുത്തണമെന്ന നിബന്ധനയോടെ 14.02.2023-ലെ കോഓർഡിഷൻ കമ്മിറ്റി യോഗം ഇതിന് അനുമതി നൽകുകയും ചെയ്തു. എന്നാൽ ആൻഡ്രോയിഡ് ഒ.എസ്. ഉള്ള ഫോൺ നൽകുകയാണെങ്കിൽ GPS സംവിധാനം ഉപയോഗിക്കുന്നതടക്കമുള്ള പ്രയോജനം ലഭിക്കുമെന്നും അതിനാൽ ഇത്തരം ഫോൺ വാങ്ങി നൽകാൻ അനുമതി നൽകണമെന്നുമുള്ള ആവശ്യം സംബന്ധിച്ച്. പരമാവധി 12,000 രൂപ ഒരു ഫോണിന് ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്.

**<u>22.01.2024-ലെ തീരുമാനം</u> :-** ഇത് വിദഗ്ധരുമായി ചർച്ച ചെയ്ത് റിപ്പോർട്ട് നൽകാൻ ഇൻഫർമേഷൻ കേരള മിഷനെ ചുമതലപ്പെടുത്തി.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ<br>2) തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്** |

**2.8 ഖണ്ഡിക 4.80**

**<u>വെച്ചൂർ ഗ്രാമപഞ്ചായത്ത്</u>**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.09.2023 ലെ കത്തും അനുബന്ധരേഖകളും (SRG 1314/23 - CC/386/23).**

**വിഷയം:-** തേജസ് സ്പെഷ്യൽ സ്കൂളിലെ കുട്ടികൾക്ക് ആഹാരം നൽകുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 111/24* | *അടങ്കൽ* | *1,00,000 രൂപ*<br>*(വികസന ഫണ്ട് ജനറൽ)* |
| *പേര്* | **തേജസ് സ്പെഷ്യൽ സ്കൂളിലേക്ക് ആഹാരം നൽകൽ** | |

വെച്ചൂർ ഗ്രാമപഞ്ചായത്തിൽ ബഡ്സ് സ്കൂൾ ഇല്ല. തേജസ് ചാരിറ്റബിൾ ട്രസ്റ്റ് നടത്തുന്ന സ്പെഷ്യൽ സ്കൂളിലാണ് മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്നത്. ഈ സ്കൂൾ സൗജന്യമായാണ് പ്രവർത്തിക്കുന്നതെന്ന് സ്കൂൾ മാനേജിംഗ് ട്രസ്റ്റ് അറിയിച്ചിട്ടുണ്ട്. ഈ സ്കൂളിലെ കുട്ടികൾക്ക് ഭക്ഷണത്തിന് ധനസഹായം നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**<u>22.01.2024 ലെ തീരുമാനം :-</u>**ഈ സ്ഥാപനത്തിന്റെ പ്രവർത്തനം സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | 1) **എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ**<br>**2)തദ്ദേശസ്വയംഭരണ (ഐ.എ)വകുപ്പ്** |

**2.8 ഖണ്ഡിക 4.83**

**<u>തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത്</u>**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.09.2023 ലെ കത്തും തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 25.09.2023-ലെ കത്തും (SRG/1350/23 - CC/694/23).**

**വിഷയം:-** ചേന്നംപള്ളിപ്പുറം വാർഡിൽ പതിയാമൂല ഭാഗത്ത് കാന നിർമ്മിക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം:* 40/24 | ***അടങ്കൽ*** | *7,50,000 രൂപ*<br>*തനത് ഫണ്ട് - 1,77,000 രൂപ* |
| | | *CFC Tied Grant - 5,73,000 രൂപ* |
| ***പേര്*** | **ചേന്നംപള്ളിപ്പുറം വാർഡ് 6 പതിയാമൂല കാന കവർ സ്ലാബ് നിർമ്മാണം** | |

തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്തിലെ ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ പതിയാമൂല ഭാഗത്തും 14-ാം നമ്പർ അങ്കണവാടി പരിസരത്തും വെള്ളക്കെട്ട് പ്രശ്നമുണ്ട്. ഇവിടെ കക്കൂസ് മാലിന്യമടക്കം മലിനജലം കെട്ടിക്കിടക്കുന്നു. ഇതു പരിഹരിക്കാൻ കവർ സ്ലാബ് ഉൾപ്പെടെ കാന നിർമ്മിക്കണം. ഗ്രാവൽ റോഡ്, പതിയാമൂല, വാഴച്ചിറ റോഡ് എന്നിവടങ്ങളിൽ കാന നിർമ്മിച്ച് മലിനജലം പള്ളിപ്പുറം തവണക്കടവ് PWD റോഡിൽ നിലവിലുള്ള കലുങ്കിലേയ്ക്ക് ബന്ധിപ്പിക്കണം. ഇതിനായി ഗ്രാമപഞ്ചായത്ത് റോഡിൽ 47 മീറ്റർ നീളത്തിലും PWD റോഡിൽ 17 മീറ്റർ നീളത്തിലും കാന നിർമ്മിച്ച് സ്ലാബ് ഇടണം. PWD റോഡിൽ കാന നിർമ്മിച്ച് സ്ലാബ് ഇടാൻ PWD എക്സിക്യൂട്ടീവ് എഞ്ചിനീയർ NOC നൽകിയിട്ടുണ്ട്. PWD റോഡിൽ 17 മീറ്റർ ഭാഗത്ത് കാന നിർമ്മിച്ച് സ്ലാബിടാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**<u>22.01.2024-ലെ തീരുമാനം</u>** :-ഇവിടെയുള്ള മാലിന്യത്തിന്റെ ഉറവിടം എവിടെയാണ് എന്നതടക്കം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ റൂറൽ ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**<u>06.06.2024 ന നൽകി റിപ്പോർട്ട്:-</u>** ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്ത് 6-ാം വാർഡിലെ അങ്കണവാടി ഉൾപ്പെടുന്ന പതിയാമൂല ഭാഗത്ത് മഴക്കാലമാകുമ്പോൾ അടുത്ത വീടുകളിൽ നിന്ന് കക്കൂസിൽ നിന്നുള്ള മലിനജലം ഉൾപ്പെടെ കെട്ടി നിൽക്കുന്ന സാഹചര്യമാണെന്നും ഇതുമൂലം എലിപ്പനി ഉൾപ്പെടെയുള്ള പകർച്ച വ്യാധികൾ സ്ഥലത്ത് കൂടുതലായി കണ്ടുവരുന്നതായും വെള്ളം ഒഴുകിപോകുന്നതിന് കാന നിർമ്മിക്കേണ്ടതാണെന്നും ആലപ്പുഴ ജില്ലാ ജോയിന്റ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഈ പ്രവൃത്തിക്ക് പി.ഡബ്ല്യു.ഡി.യിൽ നിന്ന് NOC ലഭ്യമായതിനാൽ NOC യിലെ വ്യവസ്ഥകൾക്ക് വിധേയമായി പൊതു ജനങ്ങളുടെ ആരോഗ്യ സുരക്ഷ കൂടി പരിഗണിച്ച് പ്രവൃത്തി ചെയ്യുന്നതിന് അനുകൂല തീരുമാനം എടുക്കാവുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

**06.06.2024 –ലെ തീരുമാനം:–** കക്കൂസ് മാലിന്യമടക്കമുള്ള മാലിന്യ പ്രശ്നം പരിഹരിക്കാനാണ് എന്നതു പരിഗണിച്ച് പ്രത്യേക അനുമതി നൽകുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്** |

**2.8 ഖണ്ഡിക 4.96**

**ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത്**

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.10.2023–ലെ കത്തും ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 08.12.2022–ലെ VII (1)–ാം നമ്പർ തീരുമാനവും (SRG/1364/23 – CC/728/23)**

**വിഷയം:–** MGNREGS ആക്ഷൻ പ്ലാനിൽ ഉൾപ്പെടാത്ത പ്രദേശത്ത് കോൺക്രീറ്റിംഗ് നടത്തിയതിന് തുക നൽകുന്നത് സംബന്ധിച്ച്

ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത് 2019–20–ൽ വിവിധ കോൺക്രീറ്റിംഗ് പ്രവൃത്തികൾ MGNREGS –ൽ എടുത്തിരുന്നു. ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ടിരുന്ന ഈ പ്രവൃത്തികൾ ടെണ്ടർ ചെയ്യാൻ താമസിച്ചതിനാൽ 2020–21 ൽ ഇതിലുൾപ്പെട്ട റോഡുകളുടെ ചില ഭാഗങ്ങൾ ഗ്രാമപഞ്ചായത്ത് വികസനഫണ്ട് ഉപയോഗിച്ച് ചെയ്തു. അതിനാൽ MGNREGS പ്രകാരം ടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിച്ചപ്പോൾ റോഡിന്റെ നീളം എസ്റ്റിമേറ്റിൽ ഉള്ളതിനേക്കാൾ കുറച്ചു ചെയ്താൽ മതിയെന്ന സാഹചര്യം വന്നു. അതിനാൽ MGNREGS ആക്ഷൻ പ്ലാനിൽ ഉൾപ്പെടാത്ത കൈതക്കെട്ട് – ആലുവിളതടം റോഡ് (വാർഡ് 2) എ.കെ.എം എച്ച്.എസ് ബ്രാഞ്ച് റോഡ് (വാർഡ് 3) തിരുഅറയ്ക്കൽ – തുപ്പോട്ട് ഏലാ റോഡ് (വാർഡ് 5) എന്നീ റോഡുകളുടെ കോൺക്രീറ്റിംഗ് നടത്തി. ഇതിന്റെ വേതനം തൊഴിലുറപ്പ് തൊഴിലാളികൾക്ക് നൽകി. എന്നാൽ മെറ്റീരിയൽ നൽകിയ ശ്രീ.മണി ജെ, പുതിയവിള പുത്തൻവീട് എന്ന വെന്റർക്ക് 3,78,763 രൂപ നൽകാനുണ്ട്. ഈ തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**22.01.2024 ലെ തീരുമാനം :–**ഇതു സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ **MGNREGS** ഡയറക്ടറെ ചുമതലപ്പെടുത്തി.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | 1) **ഡയറക്ടർ, MGNREGS**<br>2) **തദ്ദേശസ്വയംഭരണ (ഡി.ഡി)വകുപ്പ്** |

## 2.9 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.03.2024 നു നടന്ന തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

**2.9 ഖണ്ഡിക 4.7**

**ഇടമലക്കുടി ഗ്രാമപഞ്ചായത്ത്**

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.10.2023 ലെ കത്തും ഇടമലക്കുടി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 02.08.2023–ലെ 4(1) –ാം നമ്പർ തീരുമാനവും (SRG/1508/23 – CC/772/23)**

**വിഷയം:–** ഗ്രാമപഞ്ചായത്തു മുഖേന നടപ്പാക്കുന്ന സാധനസാമഗ്രികൾ ഉൾപ്പെട്ടിട്ടുള്ള പ്രോജക്ടുകളിൽ പ്രാദേശിക നിരക്കിൽ ഗതാഗത കൂലി ഉൾപ്പെടുത്തണമെന്നതു സംബന്ധിച്ച്

ഇടമലക്കുടി ഗ്രാമപഞ്ചായത്ത് വന മേഖലയിലാണ് സ്ഥിതി ചെയ്യുന്നത്. ഇവിടേയ്ക്ക് യാത്രയ്ക്ക് ഉപയോഗിക്കുന്നത് ഓഫ് റോഡിന് അനുയോജ്യമായ പ്രത്യേക വാഹനമാണ്. അതിനാൽ സാധന സാമഗ്രികളും മറ്റും ഗ്രാമപഞ്ചായത്തിലേയ്ക്ക് കൊണ്ടുപേകുന്നതിന് ഗതാഗത കൂലി

കൂടുതലാണ്. ഇതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്നവ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി നൽകിയിരിക്കുന്നു.

(i) ഗ്രാമപപഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പ്രോജക്ടുകളിൽ സാധനസാമഗ്രികൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ പ്രാദേശിക നിരക്കിൽ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് പ്രോജക്ടിൽ ഉൾപ്പെടുത്തണം.

(ii) ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്ന വകുപ്പുകളുടേതടക്കമുള്ള മറ്റു പദ്ധതികളിൽ സാധനസാമഗ്രികൾ ഉൾപ്പെട്ടിട്ടുണ്ട് എങ്കിൽ പ്രാദേശിക നിരക്കിൽ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് തനത് ഫണ്ടിൽ നിന്ന് നൽകുന്നതിന് അനുമതി.

(iii) MGNREGS -ൽ മെറ്റീരിയൽ വർക്കിന് പ്രാദേശിക നിരക്കിലെ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താൻ അനുമതി.

**06.03.2024-ലെ തീരുമാനം** :- ക്രമനമ്പർ ഒന്നും രണ്ടും പരിശോധിച്ച് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ അഭിപ്രായം കൂടി തേടി റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. ക്രമനമ്പർ മൂന്നിന്മേൽ റിപ്പോർട്ട് നൽകാൻ MGNREGS മിഷൻ ഡയറക്ടറെ ചുമതലപ്പെടുത്തി.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ<br>2) മിഷൻ ഡയറക്ടർ, MGNREGS<br>3)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്** |

**2.9 ഖണ്ഡിക 4.12**

**കൊളച്ചേരി ഗ്രാമപഞ്ചായത്ത്**

**കൊളച്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 23.01.2023-ലെ A2-4140/2022-ാം നമ്പർ കത്തും അനുബന്ധ രേഖകളും (SRG/140/24)**

**വിഷയം:-** ലൈഫ് ഭവന പദ്ധതിക്കായി അനുവദിച്ച ഹഡ്കോ ലോൺ തുകയിൽ അധികമായി കുറവ് ചെയ്ത തുക തിരികെ ലഭിക്കുന്നത് സംബന്ധിച്ച്

കൊളച്ചേരി ഗ്രാമപഞ്ചായത്ത് 2018-19 വർഷത്തിൽ 19,63,973 രൂപ ലൈഫ് ഭവന പദ്ധതിക്കായി KURDFC മുഖേന ഹഡ്കോയിൽ നിന്ന് ലോൺ എടുത്തിരുന്നു. 2021-22 വർഷം 17,96,668 രൂപ തിരിച്ചടച്ചു. ബാക്കി 1,67,305 രൂപയാണ് തിരിച്ചടയ്ക്കാനുള്ളത്. എന്നാൽ 2021-22 വർഷം ഇതിനു പകരം 5,35,332 രൂപ ഉറവിടത്തിൽ തന്നെ കുറവ് ചെയ്തു. അധികമായി 3,68,027 രൂപ. 2022-23 വർഷം രണ്ടാം ഗഡുവിൽ നിന്ന് 2,16,774 രൂപയും മൂന്നാം ഗഡുവിൽ 21,92,678 രൂപയും കുറവ് ചെയ്തു. ഇതിൽ എസ്.സി.പി. വിഹിതവും ഉണ്ട്. ആകെ 27,77,479 രൂപ അധികമായി കുറവു ചെയ്തു. ഈ തുക തിരികെ നൽകണമെന്ന് 15.03.2023-ൽ ധനവകുപ്പിനോടാവശ്യപ്പെട്ടെങ്കിലും തിരികെ ലഭിച്ചില്ല. ഈ തുക തിരികെ നൽകാൻ നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ച്

**06.03.2024-ലെ തീരുമാനം** :-ഗ്രാമപഞ്ചായത്ത് അറിയിച്ച കണക്ക് ശരിയല്ലെന്ന് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ യോഗത്തിൽ അറിയിച്ചു. ഇത് പരിശോധിച്ച് വ്യക്തമായ കണക്ക് നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ടു നൽകി.

**06.06.2024 ന നൽകിയ റിപ്പോർട്ട്:-** കൊളച്ചേരി ഗ്രാമപഞ്ചായത്തിന് 2018-ലെ ഹഡ്കോ വായ്പയിൽ നിന്നും 1,16,60,000 രൂപയാണ് വായ്പയായി അനുവദിച്ചത്. ഇതിൽ നിന്നും 28.02.2024 വരെ ഗ്രാമപഞ്ചായത്ത് 19,63,973 രൂപ വായ്പ എടുത്തു. അതിനുശേഷം ഈ വായ്പയിൽ നിന്നും ഗ്രാമപഞ്ചായത്ത് അധികമായി 6,54,977 രൂപ കൂടി ഫണ്ട് അഭ്യർത്ഥന

നടത്തി. ആകെ വായ്പാ തുക 26,18,952 (19,63,973 + 654977). ഒപ്പം ഗ്രാമപഞ്ചായത്തിന്റെ 2018-ലെ വായ്പ 1,16,60,000 രൂപയിൽ നിന്ന് 38,86,667 രൂപയായി പുനർ നിശ്ചയിച്ചു.

2022-ലെ ഹഡ്കോ വായ്പയിൽ നിന്നും ഗ്രാമപഞ്ചായത്തിന് അനുവദിച്ച 64,86,626 രൂപയിൽ ഹഡ്കോ വായ്പയായി 53,60,000 രൂപ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം രണ്ട് സ്കീമിലും കൂടി ആകെ 79,78,952 രൂപ (53,60,000 + 26,18,952) ഗ്രാമപഞ്ചായത്ത് വായ്പയായി സ്വീകരിച്ചതിൽ 63,47,754 രൂപ വികസന ഫണ്ടിൽ നിന്നും മുതൽ തിരിച്ചടവിനത്തിൽ ഈടാക്കിയിട്ടുണ്ട്. വായ്പ്പയായി സ്വീകരിച്ച തുകയേക്കാൾ കൂടുതൽ മുതൽ തിരിച്ചടവിനത്തിൽ വികസന ഫണ്ടിൽ നിന്നും കുറവ് ചെയ്തിട്ടില്ല. ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ഹഡ്കോ വായ്പയിനത്തിൽ ആകെ അനുവദിച്ച വായ്പ തുക അടിസ്ഥാനപ്പെടുത്തി അതിന്റെ ആനുപാതിക വിഹിതം 15 വർഷത്തേക്ക് കണക്കാക്കിയാണ് ഹഡ്കോ വായ്പയുടെ മുതൽ തിരിച്ചടവിനത്തിൽ വികസന ഫണ്ടിൽ നിന്നും കുറവ് ചെയ്യുന്നത്. ഗ്രാമപഞ്ചായത്തിന്റെ അഭ്യർത്ഥന പ്രകാരം 2018-ലെ ഹഡ്കോ വായ്പ തുക 38,86,667 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. അതിനാൽ തുടർന്നുള്ള മുതൽ തിരിച്ചടവ് 2018 ലെ വായ്പാ തുകയായ 38,86,667രൂപയുടേയും 2022-ലെ വായ്പ തുകയായ 64,86,226 രൂപയുടേയും അടിസ്ഥാനത്തിലായിരിക്കുന്നതാണ്.

**<u>06.06.2024-ലെ തീരുമാനം</u>:-** ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ റിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്ത് നൽകിയ വിവരത്തിൽ പിശകുണ്ട്. ഗ്രാമപഞ്ചായത്ത് വായ്പയായി സ്വീകരിച്ച തുകയേക്കാൾ കൂടുതൽ തുക വികസനഫണ്ടിൽ നിന്ന് കുറവു ചെയ്തിട്ടില്ല എന്ന് യോഗം വിലയിരുത്തി. ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ച കണക്കു പ്രകാരം ഗ്രാമപഞ്ചായത്ത് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.ഇ) വകുപ്പ്** |

**<u>2.9 ഖണ്ഡിക</u> 4.13**

**<u>കവിയൂർ ഗ്രാമപഞ്ചായത്ത്</u>**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.01.2024-ലെ കത്തും അനുബന്ധരേഖകളും (SRG/53/2024 – CC /44/2024)**

**വിഷയം:-** വീട് വാസയോഗ്യമാക്കുന്നതിന് ധനസഹായം നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം:* 118/24** | ***അടങ്കൽ*** | ***7,00,000 രൂപ (അവാർഡ് തുക )*** |
| ***പേര്*** | ***വീട് വാസയോഗ്യമാക്കൽ – വാർഡ് 10*** | |
| ***പ്രോ.നം.112/24*** | ***അടങ്കൽ*** | ***13,00,000 (വികസനഫണ്ട് ജനറൽ)*** |
| ***പേര്*** | ***ഭവന പുനരുദ്ധാരണം -ജനറൽ*** | |

വീട് വാസയോഗ്യമാക്കുന്നതിന് (ഭവന പുനരുദ്ധാരണം) 112/24, 118/24 എന്നീ നമ്പരുകളിലായി രണ്ട് പ്രോജക്ടുകളാണ് എടുത്തിരിക്കുന്നത്. 112 -ാം നമ്പർ പ്രോജക്ടിൽ ഒരു ഗുണഭോക്താവിന് 50,000 രൂപയും 118-ാം നമ്പർ പ്രോജക്ടിൽ (10-ാം വാർഡിലേയ്ക്ക് മാത്രം) 1.00 ലക്ഷം രൂപയും വീതം പരമാവധി ധനസഹായം നൽകാവുന്ന രീതിയിലാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. ഒരേ സ്വഭാവമുള്ള പ്രോജക്ടിനു രണ്ട് നിരക്കിൽ സബ്സിഡി

നൽകുന്നത് നീതിയല്ലെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ (VEO) അറിയിച്ചിട്ടുണ്ട്. അതിനാൽ ഇതിന്മേൽ വ്യക്തത വരുത്തണമെന്നതു സംബന്ധിച്ച്.

**06.03.204 –ലെ തീരുമാനം :-**

1) മാർഗ്ഗരേഖ പ്രകാരം വീട് വാസയോഗ്യമാക്കാൻ പൊതുവിഭാഗത്തിന് പരമാവധി 1.00 ലക്ഷം രൂപയും എസ്.സി./എസ്.റ്റി വിഭാഗത്തിന് പരമാവധി 1.50 ലക്ഷം രൂപയുമാണ് നൽകാവുന്നത്. ഒരു വാർഡിൽ മാത്രം മാർഗ്ഗരേഖ പ്രകാരമുള്ള നിരക്കും മറ്റു വാർഡിൽ കുറഞ്ഞ നിരക്കും (50,000 രൂപ മാത്രം) നിശ്ചയിക്കുന്നത് ശരിയായ രീതിയല്ല എന്ന് യോഗം നിരീക്ഷിച്ചു. ഗ്രാമപഞ്ചായത്തിനെ മൊത്തമായി ഒരു യൂണിറ്റായി കണ്ട് മാർഗ്ഗരേഖയിൽ പറയുന്ന നിരക്കിൽ പരിമിതപ്പെടുത്തി നിർമ്മാണ പ്രവൃത്തിയുടെ വാല്യുവേഷൻ പ്രകാരം ധനസഹായം നൽകുന്ന രീതിയാണ് സ്വീകരിക്കേണ്ടത് എന്നും യോഗം വിലയിരുത്തി.
2) ഏത് സാഹചര്യത്തിലാണ് മുകളിൽ പറഞ്ഞ രീതിയിൽ പ്രോജക്ട് തയ്യാറാക്കിയതെന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പത്തനംതിട്ട ജില്ലയിലെ തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തി.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, പത്തനംതിട്ട<br>2)തദ്ദേശസ്വയംഭരണ(ഡി.ഇ) വകുപ്പ്** |

**2.9 ഖണ്ഡിക 4.17**

**പേരാവൂർ ബ്ലോക്ക് പഞ്ചായത്ത്**

**പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 27.11.2023–ലെ A/1450/21–ാം നമ്പർ കത്തും പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 19.10.2023–ലെ 7(1) –ാം നമ്പർ തീരുമാനവും (SRG/1610/2023)**

**വിഷയം:-** PMAY ഭവന പദ്ധതി പ്രകാരം വീട് നിർമ്മാണത്തിന് ധനസഹായം നൽകുന്നത് സംബന്ധിച്ച്

പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് 2021–22 വർഷം PMAY പദ്ധതിയിൽ 41 പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് വീട്ട നിർമ്മിച്ചു നൽകാൻ പ്രോജക്ട് ഏറ്റെടുത്തിരുന്നു. ഇവർക്ക് താഴെപ്പറയും പ്രകാരമാണ് വിഹിതം നിശ്ചയിച്ചിരുന്നത്.

| | |
|---|---|
| കേന്ദ്ര/സംസ്ഥാന സർക്കാർ വിഹിതം (72,000+48,000) | 1,20,000 രൂപ |
| ജില്ലാ പഞ്ചായത്ത് വിഹിതം | 1,33,000 രൂപ |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1,52,000 രൂപ |
| ഗ്രാമപഞ്ചായത്ത് വിഹിതം | 95,000 രൂപ |
| പട്ടികവർഗ്ഗ വികസനവകുപ്പ് വിഹിതം | 1,00,000 രൂപ |
| ആകെ | 6,00,000 രൂപ |

എന്നാൽ എഗ്രിമെന്റ് വച്ച 41 ഗുണഭോക്താക്കളിൽ 5 ഗുണഭോക്താക്കൾക്ക് മാത്രമാണ് പട്ടികവർഗ്ഗ വികസനവകുപ്പിൽ നിന്നും 1.00 ലക്ഷം രൂപ വീതം ലഭിച്ചത്. ബാക്കിയുള്ളവർക്ക് പട്ടികവർഗ്ഗ വികസനവകുപ്പിൽ നിന്ന് ഇനി തുക ലഭിക്കാൻ സാധ്യതയില്ലെന്ന് അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ഈ തുക ഗുണഭോക്താക്കൾക്ക് നല്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**06.03.2024 –ലെ തീരുമാനം** :–ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്<br>2)തദ്ദേശസ്വയംഭരണ(ഡി.ഇ) വകുപ്പ്** |

**2.9 ഖണ്ഡിക 4.41**

**കോഴിക്കോട് ജില്ലാപഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.09.2023 ലെ കത്തും കോഴിക്കോട് ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ 27.09.2023–ലെ P2–4771/23–ാാം നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 22.01.2024–ലെ യോഗ തീരുമാനവും (ഖണ്ഡിക 4.67) കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 23.02.2024–ലെ P2–4771/23–ാാം നമ്പർകത്തും (SRG/206/24).**

**വിഷയം:–** കക്കോടി ഖാദി ഇൻഡസ്ട്രീസ് പ്രൊഡ്യൂസേഴ്സ് കോ–ഓപ്പറേറ്റീവ് സൊസൈറ്റിക്ക് കെട്ടിട നവീകരണത്തിന് ധനസഹായം നൽകുന്നത് സംബന്ധിച്ച്

കക്കോടി ഖാദി കെട്ടിടങ്ങളുടെ വനിതാ തൊഴിലിടങ്ങളുടെ നവീകരണം എന്ന പേരിൽ ജില്ലാ പഞ്ചായത്ത് പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. ഈ സൊസൈറ്റിയുടെ കെട്ടിടം വളരെ പഴക്കം ചെന്നതാണ്. ഈ സ്ഥാപനത്തിന് ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റെയും കേരള ഖാദി വ്യവസായ ബോർഡിന്റെയും അംഗീകാരം ലഭിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് സെക്രട്ടറി 27.09.2023ൽ നൽകിയ കത്ത് പ്രകാരം പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 2023–24 വർഷം 25.00 ലക്ഷം രൂപയും (വികസനഫണ്ട് – ജനറൽ) അടുത്ത വർഷം 50 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട് എന്ന് അറിയിച്ചിരുന്നു. കെട്ടിട നിർമ്മാണത്തിന് മുഴുവൻ തുകയും നൽകി പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്ന് ആവശ്യപ്പെടുകയും ഇത് 22.01.2024 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ പരിഗണിക്കുകയും ചെയ്തിരുന്നു. ഖാദി സഹകരണ സംഘത്തിന്റെ സ്വന്തം സ്ഥലമാണെന്ന് ഉറപ്പാക്കി മാർഗ്ഗരേഖ പ്രകാരമുള്ള 15.00 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തി 100% സബ്സിഡി നൽകാൻ 22.01.2024–ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം അനുമതി നൽകി.

എന്നാൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 23.02.2024ലെ കത്ത് പ്രകാരം ഈ പ്രോജക്ടിന്റെ അടങ്കൽ ഇനി പറയും പ്രകാരമാണെന്ന് അറിയിച്ചിരിക്കുന്നു. 2022–23 വർഷം വികസന ഫണ്ട് (ജനറൽ) ഇനത്തിൽ 5.00 ലക്ഷം രൂപയും 2023–24 വർഷം തനത് ഫണ്ടിനത്തിൽ 25.00 ലക്ഷം രൂപയും 2024–25 വർഷം 48,49,904 രൂപയും ആണ് വകയിരുത്തിയിരിക്കുന്നത്. ആകെ അടങ്കൽ 78,49,904 രൂപ. ഈ പ്രോജക്ട് പ്രകാരം ഇതുവരെ 36.00 ലക്ഷം രൂപയുടെ പ്രവൃത്തികൾ ചെയ്തു. ഇപ്പോൾ സമർപ്പിച്ച ബില്ലിൽ കഴിഞ്ഞവർഷത്തെ പ്രോജക്ടിൽ നിന്ന് 5.00 ലക്ഷം രൂപയും ഈ വർഷത്തെ പ്രോജക്ടുകളിൽ നിന്നും 25.00 ലക്ഷം രൂപയും (ആകെ 30 ലക്ഷം രൂപ) നൽകണം. ഇതിനായി 22.01.2024 –ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനം പുനഃപരിശോധിച്ച് മുകളിൽ പറഞ്ഞ രീതിയിൽ തുക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**06.03.2024 ലെ തീരുമാനം** :–ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ റൂറൽ ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**06.06.2024–ൽ നൽകിയ റിപ്പോർട്ട്** :– പദ്ധതിയുടെ സാമൂഹ്യ പ്രതിബദ്ധതയും നിലവിൽ പൂർത്തീകരിച്ചിട്ടുള്ള ഭാഗത്തിന് അനുസൃതമായ തുക കരാറുകാരന് നൽകിയില്ലെങ്കിൽ പദ്ധതി പൂർത്തീകരിക്കാതിരിക്കുകയും അതുവഴി പൊതുപണം പാഴായി പോകാൻ കാരണമാകുകയും

ചെയ്യും എന്നിവ കൂടി പരിഗണിച്ച് തുടർനടപടി സ്വീകരിക്കാവുന്നതാണെന്ന് റൂറൽ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

**06.06.2024-ലെ തീരുമാനം :-** റൂറൽ ഡയറക്ടറുടെ റിപ്പോർട്ട് യോഗം വിശദമായി ചർച്ച ചെയ്തു. മാർഗ്ഗരേഖയിലെ നിർദ്ദേശം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ബാധമകമാണ്. ഈ സാഹചര്യത്തിൽ ഒരു സ്ഥാപനത്തിനു മാത്രം ഇത്രയധികം തുക നൽകാവുന്നതല്ല എന്ന് യോഗം വിലയിരുത്തി. അതിനാൽ 22.01.2024-ലെ യോഗ തീരുമാനം പുനപരിശോധിക്കാനാവില്ലെന്നും സർക്കാർ ഉത്തരവ് പ്രകാരമുള്ള 15.00 ലക്ഷം രൂപയിൽ ധനസഹായം പരിമിതപ്പെടുത്തണമെന്നും നിർദ്ദേശിക്കുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്** |

**2.9 ഖണ്ഡിക 4.53**

**ചെല്ലാനം ഗ്രാമപഞ്ചായത്ത്**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.11.2023-ലെ കത്തുകളും (2 എണ്ണം) അനുബന്ധ രേഖകളും (SRG/1623/2023 – CC/890/23)**

**വിഷയം:-** കടലാക്രമണം തടയുന്നതിന് മണൽ ബണ്ട് നിർമ്മിച്ചതിന്റെ ബാക്കി തുക നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 219/24* | ***അടങ്കൽ*** | ***15,00,000 രൂപ (തനത് ഫണ്ട്)*** |
| ***പേര്*** | ***കടലാക്രമണം തടയുന്നതിന് മണൽ ബണ്ട് നിർമ്മിക്കൽ അനുബന്ധ പ്രവൃത്തികൾ*** | |

കടലിനും കായലിനും ഇടയിലാണ് ചെല്ലാനം ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. സംസ്ഥാന സർക്കാർ ടെട്രോപാഡ് ഉപയോഗിച്ച് 7.5 കിലോമീറ്റർ കടൽഭിത്തി നിർമ്മിച്ചിട്ടുണ്ട്. വിവിധ വാർഡുകളിലായി 10 കിലോമീറ്ററോളം കടൽ ഭിത്തി ഇല്ലാത്ത പ്രദേശത്ത് ഈ വർഷം മണൽ ബണ്ട് നിർമ്മിക്കാൻ 4.95 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കടൽ ഭിത്തി നിർമ്മിച്ചുവെങ്കിലും കടലാക്രമണത്തിൽ തകർന്നു. തുടർന്ന് വീണ്ടും ജിയോ ബാഗുകളിൽ മണൽ നിറച്ച് സംരക്ഷണഭിത്തി തയ്യാറാക്കി. ഇതിനായി ആകെ 22,88,951 രൂപ ബിൽ തുകയായി. ആദ്യത്തെ പ്രോജക്ട് തുകയ്ക്ക് (4.95 ലക്ഷം രൂപ) ടെണ്ടർ നടപടി സ്വീകരിച്ചെങ്കിലും പിന്നീടുള്ള പ്രവർത്തനങ്ങൾക്ക് ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചില്ല. ആകെയുള്ള ബിൽ തുകയിൽ ആദ്യം തയ്യാറാക്കിയ പ്രോജക്ടിൽ നിന്ന് 4,56,660 രൂപയും റവന്യൂ വകുപ്പ് അനുവദിച്ച 4.00 ലക്ഷം രൂപയും കരാറുകാരന് നൽകി. ബാക്കി തുകയായ 14,32,291 രൂപ നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. .

**06.03.2024-ലെ തീരുമാനം :-**ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്** |

**2.9 ഖണ്ഡിക 4.55**

**കർണ്ണാടക ആന്റിബയോടിക്സ് ആന്റ്-ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്**

**സർക്കാരിന്റെ 08.11.2023 ലെ DA1/366/2023/തസ്വഭവ നമ്പർ കത്തും, മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 23.09.2023 ലെ AHD/8002/2022-G3 നമ്പർ കത്തും കർണ്ണാടക ആന്റിബയോടിക്സ് ആന്റ്-ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് ഡെപ്യൂട്ടി ജനറൽ മാനേജരുടെ 08.11.2022 ലെ കത്തും (SRG/1493/23)**

**വിഷയം:-** കർണ്ണാടക ആന്റിബയോട്ടിക്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും മരുന്ന് വാങ്ങുന്നത് സംബന്ധിച്ച്.

തദ്ദേശഭരണസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള മൃഗാശുപത്രികളിലേക്ക് മൃഗസംരക്ഷണ വകുപ്പ് മരുന്ന് നൽകുന്നുണ്ട്. വകുപ്പിൽ നിന്ന് മരുന്ന് ലഭ്യമല്ലാതെ വന്നാൽ നോൺ അവൈയബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ നീതി/മാവേലി/സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിൽ നിന്നും മരുന്ന് വാങ്ങാൻ മാർഗ്ഗരേഖ പ്രകാരം അനുമതിയുണ്ട്. ഈ സ്ഥാപനങ്ങളോടൊപ്പം HLL ലൈഫ് കെയർ ലിമിറ്റഡിൽ നിന്നും മരുന്ന് വാങ്ങാൻ കോഓർഡിനേഷൻ കമ്മിറ്റിയുടെ 22.11.2022 ലെ യോഗത്തിൽ അനുമതി നൽകിയിട്ടുണ്ട്. കേന്ദ്രസർക്കാർ സ്ഥാപനമായ കർണ്ണാടക ആന്റിബയോട്ടിക്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് (KAPL) വെറ്ററിനറി ആവശ്യത്തിനടക്കമുള്ള മരുന്നുകൾ നിർമ്മിക്കുന്നുണ്ട്. KAPL-ൽ നിന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾക്കാവശ്യമായ വെറ്ററിനറി മരുന്നുകൾ നേരിട്ട് വാങ്ങാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

<u>**06.03.2024 -ലെ തീരുമാനം**</u> :-ഇത് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുമായി ചർച്ച ചെയ്ത് റിപ്പോർട്ട് നൽകാൻ ആരോഗ്യവകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി. വെറ്ററിനറി മരുന്നിനോടൊപ്പം മനുഷ്യർക്കുള്ള മരുന്നിന്റേയും വിവരങ്ങൾ റിപ്പോർട്ടിൽ ഉൾപ്പെടുത്താവുന്നതാണ്. ഇതു സംബന്ധിച്ച റിപ്പോർട്ട് നൽകി.

<u>**06.06.2024 ന നൽകിയ റിപ്പോർട്ട്:-**</u> ഈ വിഷയവുമായി 18.04.2024- ൽ മൃഗസംരക്ഷണ വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ (**CSO)** എന്നിവരുമായി ചർച്ച ചെയ്തു. ഈ ചർച്ചയിൽ മൃഗസംരക്ഷണ വകുപ്പിന് കർണ്ണാടക ആന്റി ബയോട്ടിക് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിൽ നിന്ന് വെറ്ററിനറി മരുന്നുകൾ വാങ്ങാവുന്നതാണെന്ന് മൃഗസംരക്ഷണ വകുപ്പിലെ ഉദ്യോഗസ്ഥർ അഭിപ്രായപ്പെട്ടു. മനുഷ്യർക്കുള്ള മരുന്ന് സംബന്ധിച്ച് ഈ സ്ഥാപനം പ്രത്യേകിച്ച് പരാമർശമൊന്നും നടത്തിയിട്ടില്ല. ഈ സ്ഥാപനം ആവശ്യപ്പെടുന്ന മുറയ്ക്ക് മനുഷ്യർക്കുള്ള മരുന്ന് വാങ്ങുന്നത് സംബന്ധിച്ച് **KMSCL**മായി ആലോചിച്ച് തീരുമാനമെടുക്കാവുന്നതാണ്.

<u>**06.06.2024-ലെ തീരുമാനം**</u> :- വെറ്ററിനറി മരുന്ന് കർണ്ണാടക ആന്റി ബയോട്ടിക്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിൽ നിന്നും വാങ്ങാൻ അനുമതി നൽകുന്നു.

| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്** |
|---|---|

<u>**2.9 ഖണ്ഡിക 4.60**</u>

<u>**കേരള സ്റ്റേറ്റ് ബുക്ക് മാർക്ക്**</u>

**കേരള സ്റ്റേറ്റ് ബുക്ക് മാർക്ക് സെക്രട്ടറിയുടെ 21.06.2023-ലെ കത്ത് (SRG/908/2023)**

**വിഷയം:-** തദ്ദേശഭരണസ്ഥാപനങ്ങളിൽ ഇ-ലൈബ്രറി സൗകര്യം ഏർപ്പെടുത്തുന്നത് സംബന്ധിച്ച്

തദ്ദേശഭരണസ്ഥാപനങ്ങളിൽ ഇ-ലൈബ്രറി സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള പ്രോജക്ട് നിർദ്ദേശം ബുക്ക് മാർക്ക് സെക്രട്ടറി നൽകിയിരിക്കുന്നു. മലയാളത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ള 2000 ബുക്കുകൾ, മെഡിക്കൽ & എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ, സ്പോക്കൺ ഇംഗ്ലീഷ്, മത്സര പരീക്ഷ, IAS, KAS മത്സര പരീഷ, പൊതുവിജ്ഞാനം എന്നിവയുടെ ഡിജിറ്റൽ കോപ്പികളാണ് ഇ-ലൈബ്രറി കൊണ്ടുദ്ദേശിക്കുന്നത്. മുകളിൽ പറഞ്ഞവയുടെ ലൈസൻസോടെയുള്ള ഇ-ബുക്ക് ലഭ്യമാക്കുന്നു. 5 കമ്പ്യൂട്ടർ, കസേര, മേശ, UPS,

വൈദ്യുതീകരണമടക്കമുള്ള കേബിൾ സൗകര്യം, പരിശീലനം തുടങ്ങിയവയാണ് പ്രധാന ഘടകങ്ങൾ. കമ്പ്യൂട്ടറിന് 3 വർഷം വാറന്റി നൽകുമെന്നും ഓർഡർ ലഭിക്കുന്ന മുറയ്ക്ക് 3 ആഴ്ചയ്ക്കകം ഇവ ലഭ്യമാക്കുമെന്നും അറിയിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യമില്ലാതെയും ഇ-ലൈബ്രറി സൗകര്യം ലഭ്യമാക്കുന്നതാണ്. ഇത് നടപ്പാക്കാൻ തദ്ദേശഭരണസ്ഥാപനങ്ങളുടെ സഹകരണമുണ്ടാകണമെന്നതു സംബന്ധിച്ച്.

**<u>06.03.2024-ലെ തീരുമാനം</u> :-** ഈ പ്രൊപ്പോസൽ ബുക്ക് മാർക്ക് സെക്രട്ടറിയുമായി ചർച്ച ചെയ്ത് ചെലവടക്കമുള്ള കാര്യങ്ങളിൽ റിപ്പോർട്ട് നൽകാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിനെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**<u>06.06.2024 ന നൽകിയ റിപ്പോർട്ട്:-</u>** രണ്ടു രീതിയിൽ പഞ്ചായത്തുകളിൽ ഇ-ലൈബ്രറി സ്ഥാപിക്കാവുന്നതാണ്.

1. പഞ്ചായത്തുകളിൽ കമ്പ്യൂട്ടറുകളുടെ സൗകര്യം ലഭ്യമാണെങ്കിൽ ആ കമ്പ്യൂട്ടറുകളിൽ ഇ-ലൈബ്രറി സംവിധാനം സജ്ജമാക്കാവുന്നതാണ്. ആയതിന് എസ്റ്റിമേറ്റ് പ്രകാരം 6,75,000 രൂപ യാണ് . (വിശദമായ റിപ്പോർട്ട് പ്ലാൻ A ആയി ചേർക്കുന്നു).
2. കമ്പ്യൂട്ടറുകളുടെ സൗകര്യം ഇല്ലാത്തപക്ഷം കമ്പ്യൂട്ടറുകളോടുകൂടി ഇ-ലൈബ്രറി സ്ഥാപിക്കുന്നതിന് 10,45,000 രൂപ ചെലവാകും. വിശദമായ റിപ്പോർട്ട് പ്ലാൻ B ആയി ചേർക്കുന്നു. ഇതിനായി പഞ്ചായത്ത് കുറഞ്ഞത് 150 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള സ്ഥലം ലഭ്യമാക്കേണ്ടതാണ്. ഇതിൽ കമ്പ്യൂട്ടർ, മേശ, കസേര,യു.പി.എസ്. ബാറ്ററി, കേബിളിംഗ് എന്നിവയോട് കൂടിയുള്ള ടോട്ടൽ സൈല്യൂഷനിലൂടെ ഇ-ലൈബ്രറി സജ്ജമാക്കാവുന്നതാണ്

| | Product | Qty | Price |
|---|---|---|---|
| Plan A | e-Library solution<br><br>eBooks 2000 nos, Objective type question and answers for Medical & Engineering entrance exams<br>Question and answers for Bank test, PSC exams and other competitive exams,<br>Contents for IAS and KAS competitive exams Video explaining how to enjoy Kathakali<br>Chemistry video lab<br><br>Visual dictionary etc<br><br>Content management system. The application will have a user registration section, where user will be provided with a user name and password. The user can read books from this application as the feeling of live reading, option for zoom, find, index, etc.., for book reading is provided. The number of books read by each user can be recorded. | 1 | 6,75,000 |

| | | | |
|---|---|---|---|
| Plan B | The above-mentioned contents in 1 Corei5 computer as server and 5 Corei3 computers, 6 tables and chairs, UPS with battery backup of 2 hours, labour and material cost for the electrification of 6 computer points and one point for networking switch and labour and material cost of Data cabling, fixing of rack for networking, Setting up of Infrastructure, Installation and Training. | | 10,45,000 |

Terms & Conditions
1. Warranty- 3 years for computers, software and contents, 2 years for battery.
2. Delivery-within 3 weeks from the date of confirmed order.
3. Price quoted is inclusive of setting up the infrastructure, installation, and hand holding the concerned authorities, GST extra as actuals.

**06.06.2024 –ലെ തീരുമാനം:–** സാംസ്കാരിക വകുപ്പിന് കീഴിലാണ് ബുക്ക് മാർക്ക് പ്രവർത്തിക്കുന്നത് എന്ന് യോഗം നിരീക്ഷിച്ചു. ഇതിന്മേൽ ലൈബ്രറി കൗൺസിലിന്റെ അഭിപ്രായം കൂടി തേടി റിപ്പോർട്ട് നൽകാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിനെ ചുമതലപ്പെടുത്തി.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്<br>2)തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്** |

**2.9 ഖണ്ഡിക 4.67**

**കോടഞ്ചേരി ഗ്രാമപഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.01.2024–ലെ കത്തും കോടഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 07.07.2023, 29.02.2024, 04.03.2024 എന്നീ തീയതികളിലെ SC4–1705/23–ാം നമ്പർ കത്തും കോടഞ്ചേരി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 12.06.2023–ലെ 11(1)–ാം നമ്പർ തീരുമാനവും (SRG/24/24 – CC/477/2023)**

**വിഷയം:–** കോടഞ്ചേരി ഗ്രാമപഞ്ചായത്തിലെ ടേക്ക് എ ബ്രേക്ക് കംഫർട്ട് സ്റ്റേഷൻ നിർമ്മാണത്തിന്റെ ബിൽ തുക നൽകുന്നത് സംബന്ധിച്ച്.

കോടഞ്ചേരി ഗ്രാമപഞ്ചായത്തിൽ ടേക്ക് എ ബ്രേക്ക് പദ്ധതിയുടെ ഭാഗമായി ഇനി പറയുന്ന നിർമ്മാണ പ്രവൃത്തികൾക്കായി 2020–21, 2021–22 വർഷം 5 പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു.

| ക്രമ നം | പ്രോ.നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ (രൂപ) | ചെലവ് (രൂപ) |
|---|---|---|---|---|
| 1 | 461/21 | ബസ് സ്റ്റാന്റ് – ടോയിലറ്റ് ടേക്ക് എ ബ്രേക്ക് | 8,94,000 (CFC Tied) | 2,74,486 |
| 2 | 482/21 | ടേക്ക് എ ബ്രേക്ക് ടോയിലറ്റ് കൺസ്ട്രക്ഷൻ | 3,87,900 (CFC Tied) | NIL |
| 3 | 156/22 | ടേക്ക് എ ബ്രേക്ക് ടോയിലറ്റ് കൺസ്ട്രക്ഷൻ | 4,90,000 (CFC Tied) | 4,88,917 |
| 4 | 204/22 | ടേക്ക് എ ബ്രേക്ക് കംഫർട്ട് സ്റ്റേഷൻ വിപുലീകരണം – തുടർ പ്രവൃത്തികൾ | 12,00,000 (CFC Tied) | 11,99,160 |
| 5 | 294/22 | ടേക്ക് എ ബ്രേക്ക് കംഫർട്ട് സ്റ്റേഷൻ ഇലക്ട്രിഫിക്കേഷൻ | 1,00,000 | 19,62,563 |
| | | **ആകെ** | | **19,62,563** |

ടേക്ക് എ ബ്രേക്ക് കംഫർട്ട് സ്റ്റേഷന്റെ നിർമ്മാണത്തോടൊപ്പം ഗാർഡൻ, ഇന്റർലോക്ക് എന്നീ അധിക പ്രവൃത്തികളും ചെയ്തു. ഗ്രാമപഞ്ചായത്തിന്റെ നിർദ്ദേശ പ്രകാരമാണ് അധിക പ്രവൃത്തി ചെയ്തത്. ഈ തുക നൽകണമെന്നാവശ്യപ്പെട്ട് കരാറുകാരനായ ശ്രീ.കെ.എം. ഗോപാലകൃഷ്ണൻ, കുന്നത്തുവീട് ബഹു.ഓംബുഡ്സ്മാൻ മുമ്പാകെ ഹർജി ഫയൽ ചെയ്തു. പ്രവൃത്തിയുടെ വാല്യുവേഷൻ പ്രകാരമുള്ള തുക നൽകാൻ 07.11.2023 ൽ 752/23 നമ്പർ പ്രകാരം ബഹു. ഓംബുഡ്സ്മാൻ ഉത്തരവായി. തദ്ദേശസ്വയംഭരണവകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം അധിക പ്രവൃത്തിയുടെ വാലുവേഷൻ തുക 6,16,561 രൂപയാണ്. ബഹു. ഓംബുഡ്സ്മാന്റെ ഉത്തരവിന്മേൽ ഗ്രാമപഞ്ചായത്ത് ബഹു.ഹൈക്കോടതിയിൽ ഹർജി ഫയൽ ചെയ്തു. ബഹു.ഓംബുഡ്സ്മാന്റെ ഉത്തരവ് ബഹു.ഹൈക്കോടതി 05.03.2024 വരെ സ്റ്റേ ചെയ്തിട്ടുണ്ട്.

മുകളിൽ പറഞ്ഞ അധിക പ്രവൃത്തിയുടെ വാല്യുവേഷൻ തുക നൽകുന്നതിന് ഈ വർഷം 388/24-ാാം നമ്പർ പ്രോജക്ട് പ്രകാരം 8,50,000 രൂപയുടെ പ്രോജക്ട് (CFC Tied Grand 7,14,213 രൂപ, SBM 1,35,787 രൂപ) ഈ വർഷം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അധിക പ്രവൃത്തിയുടെ തുക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**06.03.2024 ലെ തീരുമാനം** **:-**എസ്റ്റിമേറ്റ് തയ്യാറാക്കൽ, ടെണ്ടർ തുടങ്ങിയ നടപടിക്രമങ്ങൾ പാലിക്കാതെ ചെയ്ത അധിക പ്രവൃത്തി ആയതിനാൽ ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. ബഹു.ഹൈക്കോടതിയുടെ പരിഗണനയിലുള്ള വിഷയമായതിനാൽ ഇതിന്മേൽ കാലതാമസമൊഴിവാക്കി 15 ദിവസത്തിനകം റിപ്പോർട്ട് നൽകണമെന്ന് നിർദ്ദേശിക്കുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2)തദ്ദേശസ്വയംഭരണ(ഡബ്ല്യു.എം) വകുപ്പ്** |

**3. പൊതുവിഷയം**
**=================**

**3.1 2023-24-ലെ 'ക്യൂ'ബിൽ**

ആറാം സംസ്ഥാന ധനകാര്യകമ്മീഷന്റെ ശുപാർശ സർക്കാർ അംഗീകരിച്ചതു പ്രകാരം വികസനഫണ്ടിലെ സാധാരണ വിഹിതം, പ്രത്യേക ഘടക പദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം എന്നിവയിലെ ഒരു വർഷത്തെ സ്പിൽ ഓവർ പ്രോജക്ടുകൾക്ക് അടുത്ത വർഷം പരമാവധി 20 ശതമാനം തുക ക്യാരി ഓവർ ആയി അനുവദിക്കുമെന്നാണ് ധനകാര്യ വകുപ്പ് ഉത്തരവായിട്ടുള്ളത്. കഴിഞ്ഞ വർഷം ബജറ്റ് വിഹിതം പൂർണ്ണമായി വിതരണം ചെയ്തുവെങ്കിലും പണം പിൻവലിക്കുന്നതിൽ പല വിധത്തിലുള്ള നിയന്ത്രണങ്ങൾ ഉണ്ടായിരുന്നു. കഴിഞ്ഞവർഷം വികസന ഫണ്ടിനത്തിൽ 656.11 കോടി രൂപയുടെ 30360 ബിൽ ട്രഷറിയിൽ പെന്റിംഗ് ഉണ്ട്. മെയിന്റനൻസ് ഗ്രാന്റ് കൂടി ചേർത്താൽ ആകെ 1135.77 കോടി രൂപയുടെ 40855 ബില്ലുകൾ ട്രഷറിയിൽ പെന്റിംഗ് ആയി ഉണ്ട്. ട്രഷറികണക്കു പ്രകാരം ഈ ബില്ലുകളിൽ ചിലത് ക്യൂബില്ലിൽ ഉൾപ്പെട്ടിട്ടില്ല. ഈ സാഹചര്യത്തിൽ ധനവകുപ്പ് ഉത്തരവായതുപോലെ ക്യാരിഓവറായി പരമാവധി 20 ശതമാനമോ പെന്റിംഗ് ബിൽ തുകയോ, ഏതാണോ കൂടുതൽ ആ തുക തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകണമെന്ന് ധനവകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചു. ഈ വിഷയമടക്കം എസ്.ആർ.ജി.യിൽ നിന്ന് 08.05.2024-ൽ നൽകിയ കുറിപ്പിലെ വിഷയങ്ങൾ ബഹു.ധനവകുപ്പ് മന്ത്രിയും തദ്ദേശസ്വയംഭരണ-എക്സൈസ് വകുപ്പ് മന്ത്രിയുമായി ചർച്ച ചെയ്യുന്നതിന് തീരുമാനിച്ചു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(എഫ്.എം.) വകുപ്പ്** |

### 3.2 ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകളുടെ പ്രോജക്ട് നിർവ്വഹണം

നിലവിലെ ഉത്തരവ് പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾക്ക് 5.00 ലക്ഷം രൂപയിൽ കൂടുതൽ അടങ്കലുള്ള പ്രോജക്ടുകളും ജില്ലാ പഞ്ചായത്തുകൾക്ക് 10 ലക്ഷം രൂപയിൽ കൂടുതൽ അടങ്കലുള്ള പ്രോജക്ടുകളും ആണ് (പ്രത്യേക സാഹചര്യം ഇല്ലെങ്കിൽ) എടുക്കാവുന്നത്. എന്നാൽ സംസ്ഥാനത്ത് നിലനിൽക്കുന്ന സാമ്പത്തിക പ്രതിസന്ധി കാരണം ചില അവസരങ്ങളിൽ ട്രഷറി നിയന്ത്രണം വരാറുണ്ട്. ഇങ്ങനെ ട്രഷറി നിയന്ത്രണമുള്ള അവസരങ്ങളിൽ കൂടുതൽ തുകയുള്ള ബില്ലുകൾ ട്രഷറിയിൽ മാറാറില്ല. ഇത് ജില്ലാ പഞ്ചായത്തുകളെയും ബ്ലോക്ക് പഞ്ചായത്തുകളെയും ഗൗരവമായി ബാധിക്കുന്നുണ്ട്. അതിനാൽ ജില്ലാ പഞ്ചായത്തുകളുടെയും ബ്ലോക്ക് പഞ്ചായത്തുകളുടെയും ഉയർന്ന തുകയുള്ള ബില്ലുകൾ മാറി നൽകുന്നതിന് പ്രത്യേക ക്രമീകരണം/ പരിഗണന നൽകണമെന്ന് ധനവകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചു. ഇതു സംബന്ധിച്ച് ബഹു.ധനവകുപ്പ് മന്ത്രിയും ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് -എക്സൈസ് വകുപ്പ് മന്ത്രിയുമായി ചർച്ച ചെയ്യാൻ തീരുമാനിച്ചു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്** |

### 3.3 2024-25 -ലെ വാർഷിക പദ്ധതി ഭേദഗതി

തദ്ദേശഭരണ സ്ഥാപനങ്ങൾ 2024-25-ലെ വാർഷിക പദ്ധതി ഇതിനകം സമർപ്പിച്ചിട്ടുണ്ട്. എന്നാൽ 2023-24 ലെ സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി 2024-25 ലെ യഥാർത്ഥ ബജറ്റ് വിഹിതത്തിന് അനുസൃതമായി പദ്ധതി ഭേദഗതി ചെയ്യുന്നതിനുള്ള കുറിപ്പ് അടിയന്തിരമായി തയ്യാറാക്കാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിനെ ചുമതലപ്പെടുത്തി.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്<br>2)തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്** |

### 3.4 ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ സേവിംഗ്സ് തുക

ധനകാര്യ കമ്മീഷൻ ഗ്രാന്റ് (റൂറൽ & അർബൻ) ഉപയോഗിച്ചുള്ള പ്രോജക്ടുകളുടെ സേവിംഗ് തുക നിലവിൽ മറ്റു പ്രോജക്ടുകൾക്ക് ഉപയോഗിക്കാൻ കഴിയില്ല. ഇങ്ങനെയുള്ള സേവിംഗ്സ് തുക മറ്റ് പ്രോജക്ടുകൾക്ക് ഉപയോഗിക്കാൻ ക്രമീകരണം ചെയ്യുന്നതിന് പ്രിൻസിപ്പൽ ഡയറക്ടറെയും എസ്.ആർ.ജിയെയും ഐ.കെ.എം.നേയും ചുമതലപ്പെടുത്തി. ഇ-ഗ്രാം സ്വരാജുമായി സംയോജിച്ചു വേണം ഈ ആവശ്യം പരിഗണിക്കേണ്ടത്. ഒപ്പം ഓരോ തദ്ദേശഭരണസ്ഥാപനങ്ങളിലും ഇപ്രകാരം എത്ര രൂപ സേവിംഗ്സ് ഉണ്ട് എന്നതിന്റെ കണക്ക് ശേഖരിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തി

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്<br>3) ഇൻഫർമേഷൻ കേരള മിഷൻ<br>4)തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്** |

### 3.5 തനതുഫണ്ടുപയോഗിച്ചുള്ള പ്രോജക്ടുകൾ

സംസ്ഥാന സർക്കാർ ഫണ്ട് ഡെവല്യൂഷന്റെ ഭാഗമായി നൽകുന്ന വിഹിതമാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രധാന വിഭവസ്രോതസ്സ്. ഇതിനു പുറമെ തനത് ഫണ്ട് ഉപയോഗിച്ചും തദ്ദേശഭരണ സ്ഥാപനങ്ങൾ വികസനക്ഷേമ പ്രവർത്തനത്തിന്

പ്രോജക്ടുകൾ ഏറ്റെടുക്കാറുണ്ട്. പ്രോജക്ടുകൾ തയ്യാറാക്കുന്നത് ഐ.കെ.എം ന്റെ സുലേഖ സോഫ്റ്റ് വെയറിലൂടെയാണ്. ഓരോ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനും പദ്ധതിയിൽ ഭേദഗതി വരുത്തുന്നതിനും പ്രത്യേക ക്രമീകരണം ചെയ്ത് കൊണ്ട് സുലേഖ സോഫ്റ്റ് വെയർ എനേബിൾ ചെയ്യുമ്പോൾ മാത്രമാണ് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് വാർഷിക പദ്ധതിയിലെ പ്രോജക്ടിൽ ഭേദഗതി വരുത്താനോ പുതിയ പ്രോജക്ടുകൾ കൂട്ടിച്ചേർക്കാനോ കഴിയൂ.

എന്നാൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ തനത് ഫണ്ട് ഉപയോഗിച്ച് നിയന്ത്രണമില്ലാതെ ഏതു സമയത്തും പുതിയ പ്രോജക്ട് തയ്യാറാക്കാനോ പ്രോജക്ട് ഭേദഗതി വരുത്താനോ സുലേഖ സോഫ്റ്റ് വെയറിൽ ക്രമീകരണം ചെയ്യണമെന്ന ആവശ്യമുണ്ട്.

നിലവിൽ തനത് ഫണ്ടിന്റെ 25 ശതമാനം വരെ സ്വന്തം നിലയിൽ ഉപയോഗിക്കാനുള്ള അനുമതി ഉണ്ട്. എന്നാൽ ഇതിനുള്ള സൗകര്യം സുലേഖയിൽ ഇതുവരെ ഉൾപ്പെടുത്തിയിട്ടില്ല. അടിയന്തിര പ്രോജക്ടുകൾക്ക് സ്വതന്ത്രമായി തുക ചെലവഴിക്കാനുള്ള സൗകര്യവും സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത് ഐ.കെ.എം.മായും മറ്റ തലത്തിലും വിശദമായി ചർച്ച ചെയ്യാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിനെ ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച് എസ്.ആർ.ജി. റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് ഇതിന്മേൽ തീരുമാനമെടുക്കുന്നതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്<br>2) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്** |

### 3.6 ഇലക്ട്രിക് പ്രവൃത്തികൾക്കുള്ള ജില്ലാതല കമ്മിറ്റി

തദ്ദേശഭരണസ്ഥാപനങ്ങൾ നടപ്പാക്കുന്ന ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും സാങ്കേതിക അനുമതി നൽകുന്നതിനും ജില്ലാതലത്തിലും കോർപ്പറേഷൻ തലത്തിലും കമ്മിറ്റിയുണ്ട് (പദ്ധതി ആസൂത്രണ മാർഗ്ഗരേഖ ഖണ്ഡിക 3.8.4 പഞ്ചായത്ത് & മുനിസിപ്പാലിറ്റി). ഈ കമ്മിറ്റി കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കോർപ്പറേഷൻതലത്തിലും ജില്ലാതലത്തിലും കരാറടിസ്ഥാനത്തിൽ ഇലക്ട്രിക്കൽ എഞ്ചിനീയറെ നിയമിക്കുന്ന കാര്യം യോഗം ചർച്ച ചെയ്തു. കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന ഇലക്ട്രിക്കൽ എഞ്ചിനീയറുടെ ചുമതല എന്തൊക്കെയാണ്, വേതനം എങ്ങനെ നൽകും എന്നതടക്കം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ എസ്.ആർ.ജി.യെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ തീരുമാനമെടുക്കുന്നതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്<br>2)തദ്ദേശസ്വയംഭരണ(ഇ.ഡബ്ല്യു.ബി) വകുപ്പ്** |

### 3.7 തദ്ദേശഭരണ സ്ഥാപനങ്ങളുടെ റോഡ് ആസ്തികൾ

തദ്ദേശഭരണ സ്ഥാപനങ്ങളുടെ റോഡ് ആസ്തികളുടെ വിവരങ്ങൾ R-track ആപ്ലിക്കേഷൻ ഉപയോഗിച്ച് തയ്യാറാക്കുന്ന പ്രക്രിയ പൂർത്തിയായിട്ടില്ല. അതിനാൽ 2024-25 വർഷം റോഡ് മെയിന്റനൻസ് ഫണ്ടിന്റെ മൂന്നിലൊന്ന് തുക മാത്രമേ നിലവിലുള്ള റോഡ് ഡേറ്റയെ (ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശേഖരിച്ച ഡേറ്റ) അടിസ്ഥാനമാക്കി വിഭജിച്ച നൽകിയിട്ടുള്ളൂ. ഏപ്രിൽ മെയ് മാസങ്ങളിലായി വിവരശേഖരണം പൂർത്തിയാക്കി ജൂൺ ആദ്യം വിഹിതം പൂർണ്ണമായും വിഭജിച്ച നൽകുമെന്നാണ് അറിയിച്ചിരുന്നത്. അതിനാൽ വാർഷിക പദ്ധതി ഭേദഗതിക്കൊപ്പം വിവരശേഖരണ പ്രക്രിയ പൂർത്തിയാക്കി ഫണ്ട്

പൂർണ്ണമായും വിഭജിച്ച നൽകണം. റോഡ് ആസ്തികളുടെ വിവരങ്ങൾ തയ്യാറാക്കുന്ന പ്രക്രിയ അടിയന്തിരമായി പൂർത്തിയാക്കുന്നതിന് താഴെപ്പറയുന്ന ക്രമീകരണം ഏർപ്പെടുത്തി.

I. ആസ്തികളുടെ വിവരശേഖരണം 2024 ജൂൺ 15നകം പൂർത്തിയാക്കാൻ ആവശ്യമായ നടപടി തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സ്വീകരിക്കണം.

II. 2024 ജൂൺ 15 മുതൽ 20നകം പുതുക്കിയ ആസ്തി രേഖകൾ പരിശോധിച്ച് തദ്ദേശഭരണ സ്ഥാപനത്തിന്റെ അംഗീകാരം തേടണം.

III. ആസ്തി വിവരങ്ങൾ പരിശോധിക്കുന്നതിനും തീർപ്പാക്കുന്നതിനും ജില്ലാതലത്തിൽ താഴെപ്പറയുന്ന രീതിയിൽ ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കണം.

| | |
|---|---|
| ജില്ലാ ആസൂത്രണസമിതി ചെയർമാൻ | ചെയർമാൻ |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് | കൺവീനർ |
| ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് | മെമ്പർ |
| ജില്ലാ പഞ്ചായത്ത് സെക്രട്ടറി | മെമ്പർ |
| ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അസോസിയേന്റെ ഒരു പ്രതിനിധി | മെമ്പർ |
| മുനിസിപ്പൽ ചേംബറിന്റെ ഒരു പ്രതിനിധി | മെമ്പർ |

IV. ആസ്തി വിവരങ്ങൾ സംബന്ധിച്ച് പ്രശ്നങ്ങൾ ഉണ്ടെങ്കിൽ ഇതു പരിശോധിച്ചും ചർച്ച ചെയ്തും ജൂൺ 30-നകം ജില്ലാതല മോണിട്ടറിംഗ് കമ്മിറ്റി പരിഹരിക്കണം.

V. സംസ്ഥാനതലത്തിൽ ഒരു മോണിറ്ററിംഗ് സമിതി രൂപീകരിക്കണം

| | |
|---|---|
| പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് | കൺവീനർ |
| എസ്.ആർ.ജി. ചെയർമാൻ | മെമ്പർ |
| ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് | മെമ്പർ |
| ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ പ്രസിഡന്റ്/സെക്രട്ടറി | മെമ്പർ |
| ജില്ലാ പഞ്ചായത്ത് അസോസിയേഷൻ ചേംബർ പ്രതിനിധി | മെമ്പർ |
| മുനിസിപ്പൽ ചേംബർ പ്രതിനിധി | മെമ്പർ |

VI. ആസ്തിശേഖരിക്കുന്നതിന് ആവശ്യമായ മനുഷ്യവിഭശേഷി ഉപയോഗിക്കുന്നതിനും വാഹന സൗകര്യമൊരുക്കാനും തദ്ദേശഭരണ സ്ഥാപനത്തിന്റെ തനത് ഫണ്ടിൽ നിന്നും വിഹിതം ഉപയോഗിക്കാവുന്നതാണ്.

ഇതനുസരിച്ച് നടപടി സ്വീകരിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെയും തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെയും ചുമതലപ്പെടുത്തി. ഇത് സർക്കുലറായി ഇന്നു തന്നെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളെയും ജില്ലയിലെ തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെയും ജോയിന്റ് ഡയറക്ടർമാരെയും പ്രിൻസിപ്പൽ ഡയറക്ടർ അറിയിക്കണം.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്**<br>**2)ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്**<br>**3)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്** |

### 3.8 കേരള വാട്ടർ അതോറിറ്റി മുഖേനയുള്ള കുടിവെള്ള പ്രോജക്ടുകൾ

തദ്ദേശഭരണസ്ഥാപനങ്ങളുടെ കുടിവെള്ള പ്രോജക്ടുകൾ KWA മുഖേന ഡിപ്പോസിറ്റ് വർക്കായാണ് നടപ്പാക്കുന്നത്. എന്നാൽ KWA മുഖേനയുള്ള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല. ഓരോ വർഷവും നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ അതത് വർഷം തന്നെ പൂർത്തിയാക്കാൻ നിർദ്ദേശം നൽകുന്നു. ഇതിനായി യോഗത്തിൽ KWA ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ കൂടി അഭിപ്രായം തേടി താഴെ പറയുന്ന നിർദ്ദേശം നൽകുന്നു.

(i) KWA മുഖേന നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികളുടെ ലിസ്റ്റ് സാമ്പത്തികവർഷം ആരംഭിക്കുന്നതിനു മുൻപോ ഏപ്രിൽ മാസത്തിലോ എസ്റ്റിമേറ്റ് തയ്യാറാക്കാൻ KWAക്ക് വിശദാംശം സഹിതം കത്ത് നൽകണം. പ്രവൃത്തികളുടെ ഫീസിബിലിറ്റി പരിശോധിച്ച് KWA ഒരു മാസത്തിനകം എസ്റ്റിമേറ്റ് തയ്യാറാക്കി തദ്ദേശഭരണ സ്ഥാപനത്തിനെ കൃത്യമായി അറിയിക്കണം. ഒപ്പം തദ്ദേശഭരണസ്ഥാപനം അടയ്ക്കേണ്ട തുക എത്രയാണെന്ന് KWA തദ്ദേശഭരണ സ്ഥാപനത്തിനു കൃത്യമായി നൽകണം. ഇപ്രകാരം KWA അറിയിച്ച തുക മാത്രമേ KWAക്ക് കൈമാറാവൂ. തുക കൈമാറുമ്പോൾ പ്രസ്തുത തുക ഏത് പ്രവൃത്തിക്കാണ് ഡിപ്പോസിറ്റ് ചെയ്തിരിക്കുന്നതെന്ന് വിശദാംശം സഹിതം തദ്ദേശഭരണസ്ഥാപന സെക്രട്ടറി KWA-യെ അറിയിക്കണം. ഈ പ്രക്രിയ ജൂൺ മാസത്തോടെ പൂർത്തിയാക്കണം. എസ്റ്റിമേറ്റിൽ മാറ്റം വന്നാൽ അധികമായി ആവശ്യമുള്ള തുക KWA തദ്ദേശഭരണസ്ഥാപനത്തെ അറിയിക്കണം. തുക കൈമാറുന്ന വർഷം തന്നെ KWA പ്രവൃത്തി പൂർത്തിയാക്കണം. എസ്റ്റിമേറ്റ് തയ്യാറാക്കാതെ തുക KWAക്ക് കൈമാറരുത്. പ്രവൃത്തി പൂർത്തിയായാലുടൻ KWA തദ്ദേശഭരണസ്ഥാപനത്തിന് Utilization Certificate നൽകണം. എസ്റ്റിമേറ്റ് തയ്യാറാക്കാതെ സാമ്പത്തികവർഷാവസാനം KWA-ക്ക് തുക ഡെപ്പോസിറ്റ് ചെയ്യുന്ന രീതി ഒരു കാരണവശാലും പാടില്ല. KWA പ്രവൃത്തികളുടെ നടത്തിപ്പും പൂർത്തീകരണവും KWAയുടെ ബന്ധപ്പെട്ട ഡിവിഷനിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്രത്യേകം മോണിറ്റർ ചെയ്യണം.

(ii) KWAക്ക് തുക ഡെപ്പോസിറ്റ് ചെയ്യുന്നതിന് KWA അനുമതിയോടെയാണെന്ന് ഉറപ്പാക്കാൻ ഇലക്ട്രോണിക് മാർഗ്ഗത്തിലൂടെ (Software Mechanism) ഉറപ്പാക്കാൻ നടപടി സ്വീകരിക്കാൻ തീരുമാനിച്ചു. അതിനായി ട്രഷറി ഡയറക്ടർ, KWA ചീഫ് എഞ്ചിനീയർ, ഐ.കെ.എം എന്നിവരുമായി ചർച്ച ചെയ്ത് റിപ്പോർട്ട് നൽകാൻ എസ്.ആർ.ജി യെ ചുമതലപ്പെടുത്തി.

(iii) വളരെ വർഷം മുമ്പ് സ്ഥാപിച്ച പൊതു ടാപ്പുകളുടെ അടിസ്ഥാനത്തിലാണ് പല തദ്ദേശഭരണ സ്ഥാപനങ്ങളിലും കുടിവെള്ള ചാർജ് KWA ഈടാക്കുന്നത്. KWAയും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനവും 2024 ജൂലൈ 31 നകം സംയുക്ത പരിശോധന നടത്തി ഇപ്പോഴുള്ള പൊതു ടാപ്പുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ കുടിവെള്ള ചാർജ് ഈടാക്കുന്ന രീതി നടപ്പാക്കണം. ഇതിനുവേണ്ട നിർദ്ദേശം KWA ചീഫ് എഞ്ചിനീയർ താഴെതലത്തിലേയ്ക്ക് നൽകണം. ഇതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രിയുമായും ബഹു. ജലവിഭവ വകുപ്പ് മന്ത്രിയുമായും ചർച്ച ചെയ്യാൻ തീരുമാനിച്ചു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)ചീഫ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി<br>2)സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്<br>3)തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്** |

**3.9 അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി**

ഇനി മുതൽ കോഓർഡിനേഷൻ കമ്മിറ്റി യോഗങ്ങളിൽ അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ നിർവ്വഹണവും പുരോഗതിയും പ്രത്യേകമായി അവലോകനം ചെയ്യാൻ തീരുമാനിച്ചു. കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിന്റെ അജണ്ടയിൽ ചേർക്കത്തക്ക വിധം അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ നിർവ്വഹണവും പുരോഗതി സംബന്ധിച്ചുമുള്ള റിപ്പോർട്ട് EPEP സ്റ്റേറ്റ് നോഡൽ ഓഫീസർ നൽകണം

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) സ്റ്റേറ്റ് നോഡൽ ഓഫീസർ , EPEP<br>2)തദ്ദേശസ്വയംഭരണ(ഐ.എ) വകുപ്പ്** |

**3.10 തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽപ്പെടാത്ത പ്രോജക്ടുകൾ**

പല തദ്ദേശഭരണസ്ഥാപനങ്ങളും ഘടക സ്ഥാപനങ്ങൾ (കൈമാറിക്കിട്ടിയത്) അല്ലാത്തവക്കുവേണ്ടിയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽപ്പെടാത്തവയ്ക്ക് വേണ്ടിയും പ്രോജക്ടുകൾ ഏറ്റെടുക്കുന്നുണ്ട് എന്ന അഭിപ്രായം 19.12.2022-ലെ കോഓർഡിനേഷൻ കമ്മിറ്റി മീറ്റിംഗിൽ ഉണ്ടായി. ഈ വിഷയം പരിശോധിക്കാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിനെ ചുമതലപ്പെടുത്തിയിരുന്നു. 2022-23, 2023-24 വർഷങ്ങളിലെ പ്രോജക്ടുകൾ എസ്.ആർ.ജി.യിൽ റാൻഡമായി പരിശോധിച്ചു. നാമമാത്രമായി മാത്രമേ ഇത്തരം പ്രോജക്ടുകൾ തദ്ദേശഭരണസ്ഥാപനങ്ങൾ എടുക്കുന്നുള്ളൂ. എന്ന് പരിശോധനയിൽ മനസ്സിലായി. ഇങ്ങനെയുള്ള പ്രോജക്ടുകൾക്ക് സർക്കാരിന്റെ/കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി തേടാറുണ്ട് എന്ന് സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് റിപ്പോർട്ട് ചെയ്തു. തദ്ദേശഭരണ സ്ഥാപനങ്ങൾ തങ്ങളുടെ ചുമതലയിൽപ്പെടാത്തവയ്ക്കായി പ്രോജക്ട് തയ്യാറാക്കാവുന്നതല്ലെന്നും അതിനായി വിഹിതം ചെലവഴിക്കാവുന്നതല്ലെന്നും സർക്കുലറിലൂടെ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളെയും അറിയിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തി.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്** |

**3.11 സ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്കൂളിൽ പോകുന്ന വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകുന്നതിന് പ്രോജക്ട് തയ്യാറാക്കുന്നുണ്ട് എങ്കിലും കോഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകാറില്ല. എല്ലാ വിഭാഗത്തിലുമുള്ള വിദ്യാർത്ഥികൾക്കും സൈക്കിൾ നല്കുന്ന രീതിയിൽ ഈ പദ്ധതി മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തേണ്ടതുണ്ടോ എന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ 22.01.2024-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിനെ ചുമതലപ്പെടുത്തിയിരുന്നു. ഇത് എസ്.ആർ.ജി. വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകി. മിക്ക സ്കൂളുകളിലും വാഹനമുണ്ടെന്നതും പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് വിദ്യാവാഹിനി (ഗോത്ര സാരഥി) പദ്ധതിയിലൂടെ യാത്രാസൗകര്യം ഒരുക്കുന്നുണ്ട് എന്നതും പരിഗണിച്ച് സൈക്കിൾ വാങ്ങി നൽകുന്നതിന് പൊതു അനുമതി നൽകുന്നത് ഉചിതമല്ലെന്ന് എസ്.ആർ.ജി. ശുപാർശ ചെയ്തു.

എസ്.ആർ.ജി യുടെ ശുപാർശ യോഗം അംഗീകരിക്കുകയും വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ വിഹിതം ചെലവഴിക്കാവുന്നതല്ലെന്നും യോഗം തീരുമാനിച്ചു. ഇത് സർക്കുലറിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങളെ അറിയിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തി.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്** |

### 3.12 വസ്തു നികുതി പരിഷ്കരണത്തിന് ഫീൽഡ്തല പരിശോധന

ഗ്രാമപഞ്ചായത്തുകളുടെയും നഗരസഭകളുടെയും വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഫീൽഡ്തല പരിശോധന നടത്തുന്നതിന് നിശ്ചിത യോഗ്യതയുള്ളവരെ താൽക്കാലികമായി നിയമിക്കാനും ഒരു കെട്ടിടത്തിന് 30 രൂപ വേതനം നൽകാനും സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ നിരക്ക് പരിഷ്കരിക്കണമെന്ന ആവശ്യം പരിശോധിച്ച് തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ ശുപാർശ ചെയ്തപ്രകാരം ഇനി പറയും പ്രകാരം നിരക്ക് നിശ്ചയിച്ചു. ഫീൽഡ് പരിശോധനയ്ക്കായി 100 സ്ക്വയർ മീറ്റർവരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് 50 രൂപയായും 100 സ്ക്വയർ മീറ്റർ മുതൽ 300 സ്ക്വയർ മീറ്റർവരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് 60 രൂപയായും 300 സ്ക്വയർമീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് 75 രൂപയായും സ്ലാബടിസ്ഥാനത്തിൽ നിരക്ക് നൽകാവുന്നതാണ്.

| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ(ആർ.സി) വകുപ്പ് |
|---|---|

### 3.13 ജീവിതശൈലി രോഗങ്ങളുടെ പരിശോധനയ്ക്ക് മൊബൈൽ യൂണിറ്റ്

ജീവിതശൈലി രോഗങ്ങളുടെ പരിശോധനക്ക് മൊബൈൽ യൂണിറ്റുകൾക്ക് ധനസഹായം നൽകാൻ സബ്സിഡി - ധനസഹായ മാർഗ്ഗരേഖ (28.05.2022-ലെ 115/2022/തസ്വഭവ ഉത്തരവ് ഖണ്ഡിക 6.5.2 (എ) (16,17) പ്രകാരം അനുമതിയുണ്ട്. ഈ ഖണ്ഡികയിൽ പ്രതിപാദിക്കുന്ന മാനദണ്ഡങ്ങൾക്കൊപ്പം ഇനി പറയുന്ന നിബന്ധനകൾ കൂടി കൂട്ടിചേർക്കുന്നു.

ജീവിതശൈലി രോഗങ്ങളുടെ പരിശോധനയ്ക്കുള്ള മൊബൈൽ യൂണിറ്റുകളിൽ ഒരു യൂണിറ്റിൽ കുറഞ്ഞത് MLT ഡിപ്ലോമ യോഗ്യതയും പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷനുമുള്ള ഒരു ലാബ് ടെക്നീഷ്യൻ ഉണ്ടായിരിക്കണം. കൂടാതെ സുരക്ഷ ഉറപ്പാക്കുന്നതിലേക്കായി സ്റ്റാൻഡേർഡ് മുൻകരുതൽ എടുക്കുന്നതിൽ പ്രാവിണ്യം, അണുവിമുക്തമായ രക്ത ശേഖരണം, ഡിസ്പോസിബിൾ സൂചികൾ, സിറിഞ്ചുകൾ, കൈയ്യുറകൾ, സൂചി ഡിസ്ട്രോയർ, എന്നിവ ആവശ്യമാണ്. പരിശോധനയുടെ ഭാഗമായി ഉണ്ടാകുന്ന ബയോമെഡിക്കൽ മാലിന്യങ്ങൾ ദേശീയ മാനദണ്ഡങ്ങൾ അനുസരിച്ച് വേർതിരിക്കുകയും നീക്കം ചെയ്യുകയും വേണം. ഇമേജ് വഴി ബയോമെഡിക്കൽ മാലിന്യം നീക്കം ചെയ്യുന്നതിന് മൊബൈൽ യൂണിറ്റിനെ ഒരു സ്ഥാപനമായി കണക്കാക്കി ഇമേജുമായി രജിസ്റ്റർ ചെയ്യണം. ഈ മാലിന്യങ്ങൾ നിർദ്ദിഷ്ട രീതിയിൽ കൈകാര്യം ചെയ്യുന്നുണ്ടെന്ന് തദ്ദേശഭരണസ്ഥാപനം പരിശോധനകളിലൂടെ ഉറപ്പുവരുത്തണം. ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി മാത്രമേ ഈ പ്രോജക്ട് നടപ്പാക്കാവൂ. ഇത് മാർഗ്ഗരേഖയിൽ കൂട്ടിചേർക്കാൻ തീരുമാനിച്ചു.

| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് |
|---|---|

### 3.14 KSEB, KWA ചാർജ്ജ്

തദ്ദേശരണസ്ഥാപനത്തിലെയും ഘടകസ്ഥാപനങ്ങളിലെയും KWA, KSEB ബിൽ തുക കുടിശിക കൂടാതെ അടയ്ക്കാൻ തദ്ദേശഭരണസ്ഥാപനങ്ങൾ നടപടി സ്വീകരിക്കണം. ഘടക സ്ഥാപനങ്ങളിലെ KWA, KSEB ബിൽ സ്ഥാപന മേധാവി നേരിട്ടടയ്ക്കുന്നില്ലെങ്കിൽ ബിൽ കൃത്യമായി തദ്ദേശഭരണസ്ഥാപനത്തിന് നൽകി പിഴ പലിശ ഒഴിവാക്കി ബിൽ തുക അടയ്ക്കാൻ നടപടി സ്വീകരിക്കണം.

| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ് |
|---|---|

### 3.15 അടുക്കള നവീകരണം

അടുക്കള നവീകരിക്കുന്നതിനായി പല തദ്ദേശഭരണ സ്ഥാപനങ്ങളും പ്രോജക്ട് തയ്യാറാക്കുന്നുണ്ട്. അടുക്കളയുടെ ഉപയോഗം കൂടുതൽ സൗഹാർദ്ദപരമാക്കാനും അടുക്കള ഉപയോഗിക്കുന്നവരുടെ സൗകര്യത്തിനും ആരോഗ്യ സുരക്ഷയ്ക്കും ഈ ആവശ്യം പരിഗണിക്കപ്പെടേണ്ടതുണ്ടെന്ന് 22.01.2024-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം അഭിപ്രായപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ എസ്.ആർ.ജി. പരിശോധിച്ച് താഴെപ്പറയുംപ്രകാരം റിപ്പോർട്ട് നൽകി.

അടുക്കള നവീകരണത്തിന്റെ ഭാഗമായി തറ ടൈൽ ഇടുക, സിങ്ക്, സ്ലാബ് സ്ഥാപിക്കുക, റാക്ക് സൗകര്യം ഏർപ്പെടുത്തുക എന്നീ സൗകര്യങ്ങൾ ഒരുക്കുന്നതിന് അനുമതി പരിഗണിക്കാവുന്നതാണെന്ന് എസ്.ആർ.ജി. അറിയിച്ചു. പരമാവധി 75,000 രൂപയിൽ പരിമിതപ്പെടുത്തി ധനസഹായം നൽകുന്നതാണ് അഭികാമ്യം. എന്നാൽ ലൈഫ് ഭവന പദ്ധതിയിൽപ്പെടുത്തി നിർമ്മിച്ച പുതിയ വീടുകൾക്ക് ഇപ്രകാരം ധനസഹായം നൽകേണ്ടതില്ല. മുകളിൽ പറഞ്ഞ സൗകര്യം ഇല്ലാത്ത കുടുംബത്തിന് ധനസഹായം നൽകാവുന്നതാണ്.

എസ്.ആർ.ജി. നൽകിയ റിപ്പോർട്ട് വിശദമായി പരിശോധിച്ച് Genter Nuetral ആയ വിധത്തിൽ അടുക്കള നവീകരിക്കുന്നതിന് ഏതൊക്കെ ഘടകങ്ങളാണ് ഉൾപ്പെടുത്തേണ്ടത്, പരമാവധി നൽകാവുന്ന തുക എത്രയാണ് എന്നത് സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും. അതിന്റെ മുൻഗണനാ മാനദണ്ഡങ്ങൾ നിർണ്ണയിക്കാൻ എസ്.ആർ.ജി.യെയും ചുമതലപ്പെടുത്തി.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ചീഫ് എഞ്ചിനീയർ തദ്ദേശസ്വയംഭരണ വകുപ്പ്<br>2) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്<br>3) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്** |

### 3.16 പാലിയേറ്റീവ് പരിചരണം

പാലിയേറ്റീവ് പരിചരണത്തിനായി സമഗ്രമായ ഉത്തരവ് തദ്ദേശസ്വയംഭരണ വകുപ്പ് ഇറക്കിയിട്ടുണ്ട്. (സ.ഉ.(സാധാ)നം.553/2019/തസ്വഭവ തീയതി 07.03.2019) ഈ ഉത്തരവ് പ്രകാരം വിവിധ ചികിത്സയിലുള്ള പരിചരണം പാലിയേറ്റീവ് രോഗികൾക്ക് നൽകാവുന്നതാണ്. എന്നാൽ ഇതിനുപുറമെ ഭാരതീയ ചികിത്സാവകുപ്പ് 28.11.2022 ൽ പാലിയേറ്റീവ് പരിചരണത്തിനായി പ്രത്യേക സർക്കുലർ (28.11.2022-ലെ Dism/2075/2022/B1 നമ്പർ സർക്കുലർ) ഇറക്കിയിട്ടുണ്ട്. ഈ സർക്കുലറിൽ മരുന്ന്, വാഹന വാടക, ജീവനക്കാർക്ക് വേതനം എന്നിവക്ക് തദ്ദേശഭരണസ്ഥാപനം വിഹിതം വകയിരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഭാരതീയ ചികിത്സാ വകുപ്പിന്റെയടക്കമുള്ള പാലിയേറ്റീവ് പരിചരണം തദ്ദേശഭരണവകുപ്പിന്റെ മുകളിൽ പ്രതിപാദിച്ച ഉത്തരവ് പ്രകാരമുള്ള പാലിയേറ്റീവ് പ്രവർത്തനത്തനവുമായി ചേർന്ന് വേണം നൽകേണ്ടത്. അതിനാൽ തദ്ദേശസ്വയംഭരണവകുപ്പിന്റെ ഉത്തരവിനു പുറമെയുള്ള ഉത്തരവുകൾ അനുസരിച്ചുള്ള പാലിയേറ്റീവ് പ്രവർത്തനത്തിന് തദ്ദേശഭരണസ്ഥാപന വിഹിതം വകയിരുത്താവുന്നതല്ല എന്ന് വ്യക്തതവരുത്തുന്നു. എന്നാൽ അതത് വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ചുള്ള പാലിയേറ്റീവ് പ്രവർത്തനത്തിന് തടസ്സമില്ല. ഇവ സംയോജിപ്പിച്ച് പദ്ധതികൾ നടപ്പാക്കുന്നതാണ് അഭികാമ്യം.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(പി.പി) വകുപ്പ്** |

### 3.17 സ്റ്റുഡന്റ് പോലീസ് കേഡറ്റ്

പതിനാലാം പഞ്ചവത്സരപദ്ധതി സബ്സിഡി - ധനസഹായം മാർഗ്ഗരേഖ പ്രകാരം (28.05.2022 ലെ 115/2022/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക 7.4.4) സർക്കാർ / എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂളിലെ വിദ്യാർത്ഥികൾക്ക് SPC (Student Police Cadet) പരിശീലനത്തിനായി വേണ്ടിവരുന്ന തുകയിൽ (പോലീസ് വകുപ്പിൽ നിന്നും ലഭ്യമാകുന്നത് കഴിച്ചുള്ളത്) സ്കൂൾ ഒന്നിന് 20000 രൂപയിൽ അധികരിക്കാതെ വിനിയോഗിക്കാൻ ജില്ലാ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും അനുമതി നൽകിയിരുന്നു. ഇതു താഴെ പറയും പ്രകാരം ഭേദഗതി ചെയ്യുന്നു. കോർപ്പറേഷനുകളിൽ ഒരു സ്കൂളിന് 75000 രൂപയും മുനിസിപ്പാലിറ്റിയടക്കമുള്ള മറ്റു തദ്ദേശഭരണസ്ഥാപനങ്ങളിൽ ഒരു സ്കൂളിന് 50,000 രൂപയും ഉപയോഗിക്കാവുന്നതാണ്. നഗരസഭകൾ അല്ലാത്ത പ്രദേശത്ത് ജില്ലാ പഞ്ചായത്തിന്റേയും ഗ്രാമപഞ്ചായത്തിന്റെയും വിഹിതം ചേർത്ത് വേണം പരമാവധി 50,000 രൂപ ഉപയോഗിക്കേണ്ടത്. ഇതിനായി തനത്ഫണ്ട്, തനത്ഫണ്ട് ഇല്ലെങ്കിൽ വികസന ഫണ്ട് ജനറൽ ഉപയോഗിക്കാവുന്നതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്** |

### 3.18 കൃഷി ആവശ്യത്തിന് 'ന്യൂട്രിഫിഷ്' ജൈവവളം

പതിനാലാം പഞ്ചവത്സരപദ്ധതി സബ്സിഡി-ധനസഹായ മാർഗ്ഗരേഖ (28.05.2022 ലെ 115/2022/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്) ഖണ്ഡിക 6.1.1 പ്രകാരം കൃഷി ആവശ്യത്തിന് ജൈവ വളം നൽകുന്നതിന് അനുമതിയുണ്ട്. ഇതിനോടൊപ്പം മത്സ്യഫെഡ് ഉല്പാദിപ്പിക്കുന്ന ജൈവവളമായ 'ന്യൂട്രിഫിഷ്' കൂടി ഉൾപ്പെടുത്താൻ തീരുമാനിച്ചു. ഇതു മാർഗ്ഗരേഖയിൽ കൂട്ടിച്ചേർക്കേണ്ടതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്** |

### 3.19 മൃഗസംരക്ഷണ മേഖലയിലെ പ്രോജക്ട് നിർവ്വഹണം

നിലവിൽ ജില്ലാ പഞ്ചായത്തുകളുടെ നിയന്ത്രണത്തിലുള്ള ജില്ലാ വെറ്ററിനറി കേന്ദ്രത്തിലെ പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ ജില്ലാ മൃഗസംരക്ഷണ ഓഫീസിലെ അഡ്മിനിസ്ട്രേഷൻ ചുമതലയുള്ള ഡെപ്യൂട്ടി ഡയറക്ടർ (AH) ആണ്. ഇതിനു പകരം വെറ്ററിനറി കേന്ദ്രവുമായി ബന്ധപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥനായി ജില്ലാ വെറ്ററിനറി കേന്ദ്രത്തിലെ ചീഫ് വെറ്ററിനറി ഓഫീസറെ നിയമിക്കുന്നത് പ്രോജക്ട് നിർവ്വഹണം കൂടുതൽ സുഗമമാക്കുമെന്ന് യോഗം വിലയിരുത്തി. അതിനാൽ ജില്ലാ വെറ്ററിനറി കേന്ദ്രത്തിലെ ചീഫ് വെറ്ററിനറി ഓഫീസറെ എ.ബി.സി പ്രോഗ്രാം ഒഴികെയുള്ള ജില്ലാ വെറ്ററിനറി കേന്ദ്രത്തിലെ പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥനായി നിശ്ചയിക്കാൻ തീരുമാനിച്ചു. ഇതിനാവശ്യമായ ക്രമീകരണം നടത്താൻ എസ്.ആർ.ജി യേയും ഐ.കെ.എം.നേയും ചുമതലപ്പെടുത്തി.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്<br>2) ഇൻഫർമേഷൻ കേരള മിഷൻ<br>3)തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്** |

### 3.20 2023-24ൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക ചെലവ്

തദ്ദേശഭരണസ്ഥാപനങ്ങളുടെ 2023-24 വാർഷിക പദ്ധതിയിലെ ആകെ അടങ്കലും (വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യകമ്മീഷൻ ഗ്രാന്റ്, തനത്ഫണ്ട് എന്നിവ ചേർത്തുള്ള അടങ്കൽ) ചെലവും സംബന്ധിച്ച വിവരങ്ങൾ അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ നൽകാൻ ഐ.കെ.എം - നോട് നിർദ്ദേശിച്ചു. ഒപ്പം പ്ലാൻ സ്പേസിലെ ചെലവും

ഐ.കെ.എം. സോഫ്റ്റ് വെയറിലെ ചെലവും reconcile ചെയ്യുന്നതിനുള്ള നടപടി ഐ.കെ.എം സ്വീകരിക്കണം.

| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ഇൻഫർമേഷൻ കേരള മിഷൻ<br>2) തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ് |
|---|---|

### 3.21 വകുപ്പ്/ നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ച പദ്ധതി ചെലവ്

വകുപ്പ് തലത്തിൽ/ നിർവ്വഹണ ഉദ്യോഗസ്ഥ തലത്തിൽ ഉള്ള പദ്ധതി ചെലവ് യോഗം പ്രത്യേകമായി അവലോകനം ചെയ്തു. ചില വകുപ്പിന്റെ/നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി ചെലവ് വളരെ കുറവാണ്. വകുപ്പുകളെ/ ഉദ്യോഗസ്ഥ മേധാവികളെ പങ്കെടുപ്പിച്ച് പദ്ധതി ചെലവ് കുറയാനുള്ള കാരണം അവലോകനം ചെയ്യാൻ തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ഇൻഫർമേഷൻ കേരള മിഷൻ<br>2) തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ് |
|---|---|

### 3.22 കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തുടർനടപടി റിപ്പോർട്ട്

വികേന്ദ്രീകൃതാസൂത്രണ കോഓർഡിനേഷൻ കമ്മിറ്റിയിൽ ചില വിഷയങ്ങളിൽ തീരുമാനമെടുക്കുന്നതിന് വകുപ്പുമേധാവികളുടെ / മറ്റുദ്യോഗസ്ഥരുടെ പരിശോധനാ റിപ്പോർട്ട് അനിവാര്യമാണ്. കമ്മിറ്റിയിൽ പരിഗണിക്കുന്നതിന് സഹായകരമാകും വിധം മുൻകൂട്ടി തന്നെ റിപ്പോർട്ട് നൽകണമെന്ന് പലപ്രാവശ്യം നിർദ്ദേശിച്ചിട്ടുള്ളതാണ്. ബന്ധപ്പെട്ട വകുപ്പുകൾ പരിശോധനാ റിപ്പോർട്ട് നൽകാൻ താമസിക്കുന്നതിനാൽ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനത്തിനെ/ വകുപ്പിനെ സമയബന്ധിതമായി അറിയിക്കുവാൻ കഴിയുന്നില്ല. അതിനാൽ ഓരോ കോഓർഡിനേഷൻ കമ്മിറ്റിയുടേയും തുടർനടപടി റിപ്പോർട്ട് കോഓർഡിനേഷൻ കമ്മിറ്റി കഴിഞ്ഞ് 15 ദിവസത്തിനകം തന്നെ ലഭ്യമാക്കാൻ വകുപ്പ് മേധാവികൾ/ഉദ്യോഗസ്ഥർ നടപടി സ്വീകരിക്കേണ്ടതാണ്. ഇതിന്റെ പകർപ്പ് എസ്.ആർ.ജി ഓഫീസിലേക്ക് കൂടി നൽകണം. അതിനായി പ്രത്യേക ക്രമീകരണം അതത് ഓഫീസിൽ ഏർപ്പെടുത്തേണ്ടതാണ്. ഇത് ഒരു സർക്കുലറിലൂടെ ബന്ധപ്പെട്ടവരെ അറിയിക്കാൻ തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി. ഇനിയും റിപ്പോർട്ട് നൽകാനുള്ള വകുപ്പ് മേധാവികളുടെ / ഉദ്യോഗസ്ഥരുടെ പേരു വിവരം താഴെ ചേർക്കുന്നു.

**തുടർ നടപടി റിപ്പോർട്ട് നൽകാത്ത വകുപ്പുകളുടെ വിവരം (06.06.2024 വരെ)**

| ക്രമ നമ്പർ | റിപ്പോർട്ട് നൽകാനുള്ള വകുപ്പ് / മേധാവി | ലഭിക്കാനുള്ള റിപ്പോർട്ടുകളുടെ എണ്ണം | കോഓർഡിനേഷൻ കമ്മിറ്റിയുടെ തീയതി |
|---|---|---|---|
| 1 | ഡയറക്ടർ, അമൃത് പ്രോജക്ട് | 1 | 15.06.2023 |
| 2 | നഗരകാര്യ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ് | 4 | 22.06.2023, 03.07.2023, 26.10.2023 |
| 3 | ജില്ലാ കളക്ടർ, കോട്ടയം | 1 | 03.07.2023 |
| 4 | ഡയറക്ടർ, ആരോഗ്യ വകുപ്പ് | 2 | 26.10.2023, 22.01.2024 |
| 5 | റൂറൽ ഡയറക്ടർ തദ്ദേശസ്വയംഭരണവകുപ്പ് | 2 | 26.10.2023, 22.01.2024 |
| 6 | എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ | 2 | 26.10.2023 |
| 7 | ചീഫ് എഞ്ചിനീയർ തദ്ദേശസ്വയംഭരണവകുപ്പ് | 7 | 26.10.2023, 14.11.2023, 4.1.2024, 22.1.2024, 06.03.2024, |
| 8 | എക്സിക്യൂട്ടീവ് ഡയറക്ടർ കുടുംബശ്രീ | 3 | 14.11.2023, 22.01.2024 |
| 9 | ഡയറക്ടർ | 1 | 22.01.2024 |

| | | | |
|---|---|---|---|
| | ആയുർവേദ വകുപ്പ് | | |
| 10 | ചീഫ് എഞ്ചിനീയർ<br>വാട്ടർ അതോറിറ്റി | 2 | 22.01.2021 |
| 11 | ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ് | 2 | 22.01.2024, 06.03.2024 |
| 12 | എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം | 1 | 22.01.2024 |
| 13 | ഡയറക്ടർ, MGNREGS | 2 | 22.01.2024, 06.03.2024 |
| 14 | ജോയിന്റ് ഡയറക്ടർ,<br>തദ്ദേശസ്വയംഭരണവകുപ്പ്, പത്തനംതിട്ട | 1 | 06.03.2024 |

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) പ്രിൻസിപ്പൽസെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്<br>2)തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്** |

**4. പ്രത്യേക വിഷയം**
**=================**

**4.1 <u>തഴവ ഗ്രാമപഞ്ചായത്ത്</u>**

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.02.2024 -ലെ കത്തും അനുബന്ധരേഖകളും (SRG/193/2024 – CC/58/2024)**

**വിഷയം:-** കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത് തിരികെ ലഭിച്ച തുക ഉപയോഗിക്കുന്നത് സംബന്ധിച്ച്

തഴവ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ 2022-23 വർഷം പൈപ്പ് ലൈൻ നീട്ടുന്നതിനായി 41.10 ലക്ഷം രൂപ കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്യണമെന്ന് കേരള വാട്ടർ അതോറിറ്റി ആവശ്യപ്പെട്ടിരുന്നു. ഇതനുസരിച്ച് ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റിനത്തിൽ 40,28,500 രൂപ കേരള വാട്ടർ അതോറിറ്റിയിൽ അടച്ചു. ഇതിനു വേണ്ട ബാക്കി തുകയായ 81,500 രൂപ 2021-22 വർഷം പൈപ്പ് ലൈൻ നീട്ടുന്നതിന് KWAയ്ക്ക് നൽകിയ തുകയിലെ സേവിംഗ്സിൽ നിന്നും ക്രമീകരിക്കാൻ ഗ്രാമപഞ്ചായത്ത് കേരള വാട്ടർ അതോറിറ്റിയെ അറിയിച്ചിരുന്നുവെങ്കിലും ഇത് ക്രമീകരിക്കാൻ കഴിഞ്ഞില്ല. 2023 മാർച്ചിനകം പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാത്തതിനാൽ കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത 40,28,500 രൂപ കേരള വാട്ടർ അതോറിറ്റി 25.05.2023 ന് ഗ്രാമപഞ്ചായത്തിന് തിരികെ നൽകി. പൈപ്പ് ലൈൻ നീട്ടുന്ന പ്രവൃത്തി നടപ്പാക്കുന്നതിനായി ഈ തുക കേരള വാട്ടർ അതോറിറ്റിക്ക് തിരികെ അടയ്ക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-**
1) ധനകാര്യ കമ്മീഷൻ ഗ്രാന്റ് ആയതിനാൽ കേരള വാട്ടർ അതോറിറ്റിക്ക് തിരികെ അടച്ച് ഗ്രാമപഞ്ചായത്ത് തയ്യാറാക്കുന്ന മറ്റ് കുടിവെള്ള പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകുന്നു.
2) കേരള വാട്ടർ അതോറിറ്റി ഈ തുക ഗ്രാമപഞ്ചായത്തിന് തിരികെ നൽകിയിട്ട് ഒരു വർഷമായിട്ടും നടപടി സ്വീകരിക്കാത്തത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വീഴ്ചയാണെന്നും ഇനി ഇതാവർത്തിക്കരുതെന്നും നിർദ്ദേശിക്കുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്** |

## 4.2 ആറ്റിങ്ങൽ നഗരസഭ

**ആറ്റിങ്ങൽ മുനിസിപ്പൽ സെക്രട്ടറിയുടെ 21.11.2023, 22.04.2024 എന്നീ തീയതികളിലെ G5-15124/22-ാം നമ്പർ കത്തുകളും അനുബന്ധരേഖകളും (SRG/177/2024)**

**വിഷയം:-** ഘടക സ്ഥാപനങ്ങളുടെ കുടിവെള്ള കുടിശ്ശിക അടയ്ക്കുന്നത് സംബന്ധിച്ച്

ആറ്റിങ്ങൽ നഗരസഭയ്ക്ക് കൈമാറിക്കിട്ടിയ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ കുടിവെള്ള കുടിശ്ശികയുണ്ട്.

| ക്രമ നം | സ്ഥാപനം | കുടിശ്ശിക കണക്കാക്കിയ മാസം | 4/2016 വരെയുള്ള പഴയ കുടിശ്ശിക (രൂപ) | 4/2016 ന ശേഷമുള്ള തുകയും കൂടിച്ചേർത്തുള്ള ആകെ കുടിശ്ശിക (രൂപ) |
|---|---|---|---|---|
| 1 | ഗവ.ഗേൾസ് ഹൈസ്കൂൾ ആറ്റിങ്ങൽ | 10/23 | 12,28,973 | 50,32,630 |
| 2 | ഗവ. എൽ.പി. സ്കൂൾ ആറ്റിങ്ങൽ | 3/23 | 9,28,428 | 21,57,595 |
| 3 | ഗവ. താലൂക്ക് ആശുപത്രി, ആറ്റിങ്ങൽ | 8/23 | 1,00,156 | 23,26,527 |
| 4 | ഗവ. ബോയ്സ് ഹൈസ്കൂൾ, ആറ്റിങ്ങൽ | 10/23 | 38,15,281 | 97,96,655 |
| | ആകെ | | **60,72,838** | **1,93,13,407** |

കൈമാറിക്കിട്ടിയ സ്ഥാപന മേധാവികൾക്കാണ് വാട്ടർ അതോറിറ്റി ബിൽ നൽകിയിട്ടുള്ളത്. ഈ ബില്ലുകൾ 27.02.2023, 21.03.2023 13.11.2023, 03.11.2023 എന്നീ തീയതികളിലാണ് നഗരസഭയിൽ കൈമാറിക്കിട്ടിയ സ്ഥാപന മേധാവികൾ നൽകിയത്. 03/2024 വരെയുള്ള ബിൽ തുക 1,99,06,540 രൂപയാണ്.

നഗരസഭയ്ക്ക് ഇത്രയും തുക ഒരുമിച്ച് നൽകുവാൻ കഴിയാത്ത സാഹചര്യത്തിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഗഡുക്കളായി കുടിശ്ശിക തുക അടയ്ക്കുന്നതിനുള്ള അനുമതി നൽകണമെന്നതു സബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു. ഇത്രയും വലിയ തുക കുടിശ്ശിക വരുത്തിയത് അതത് ഘടക സ്ഥാപനങ്ങളിലെ മേധാവികളുടെ വീഴ്ചയാണ്. ബിൽ തുക പരമാവധി കുറയ്ക്കുന്നതിന്റേയും തിരിച്ചടവ് ഗഡുക്കൾ അനുവദിക്കുന്നതിന്റേയും സാധ്യത KWA യുമായി ചർച്ച ചെയ്ത് നഗരസഭ പരിശോധിക്കണം. ഒപ്പം വൺടൈം സെറ്റിൽമെന്റിലൂടെ ബിൽ തുക കുറയ്ക്കുന്നതിന്റെ സാധ്യതയും പരിശോധിച്ച് നടപടി സ്വീകരിക്കണം.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്** |

## 4.3 കൊടുങ്ങല്ലൂർ നഗരസഭ

**കൊടുങ്ങല്ലൂർ നഗരസഭാ സെക്രട്ടറിയുടെ 29.12.2023-ലെ PH4 - 7200/14-ാം നമ്പർ കത്തുകൾ (രണ്ടെണ്ണം) (SRG/66/2024)**

**വിഷയം:-** കുടിവെള്ള കുടിശ്ശിക ഗഡുക്കളായി അടയ്ക്കുന്നത് സബന്ധിച്ച്

കൊടുങ്ങല്ലൂർ നഗരസഭ KWAക്ക് നൽകേണ്ട കുടിവെള്ള കുടിശ്ശിക 40.00 കോടി രൂപയാണ്. KWAയുമായി ചർച്ച ചെയ്ത് ഇത് ഒറ്റത്തവണ തീർപ്പാക്കലിൽ 14.88 കോടി രൂപയായി കുറവു ചെയ്തു. എന്നാൽ നിർദ്ദേശിച്ച തുക അടയ്ക്കാത്തതിനാൽ ഇപ്പോൾ 17.70 കോടി രൂപ അടയ്ക്കണം. KWA ജപ്തി നടപടി ആരംഭിക്കുമെന്നറിയിച്ചിട്ടുണ്ട്. ഒറ്റത്തവണയായി അടയ്ക്കുന്നതിന് പകരം ഗഡുക്കളായി അടച്ചാൽ മതിയെന്ന് KWAയുമായി ധാരണയായിട്ടുണ്ട്. ഇതിനായി കഴിഞ്ഞ വർഷം (2023-24) 1.00 കോടി രൂപയുടെ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. (വികസനഫണ്ട് ജനറൽ 75,98,720 രൂപ + സി.എഫ്.സി.

ബേസിക് ഗ്രാന്റ് 24,01,280 രൂപ ) ഈ തുക ഗഡുക്കളായി അടയ്ക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :–** നഗരസഭ നൽകിയ വിവരങ്ങൾ അനുസരിച്ച് 2014 ൽ 1074 പൊതു ടാപ്പുകൾ ഉണ്ട്. ഉപയോഗശൂന്യമായ പൊതു ടാപ്പുകൾ നീക്കം ചെയ്യുന്നതിന്റെ ഭാഗമായി KWA യുമായി ചേർന്ന് സംയുക്ത പരിശോധന നടന്നുവരികയാണ്. 2014 മുതൽ നഗരസഭയ്ക്ക് ലഭിക്കേണ്ട ഫണ്ടിൽ നിന്ന് ധനവകുപ്പ് സ്രോതസ്സിൽ തന്നെ കുറവ് ചെയ്ത് KWAയ്ക്ക് നൽകിയിട്ടുണ്ട്. നഗരസഭ നേരിട്ടും KWA ക്ക് കുടിവെള്ള ചാർജ്ജ് അടച്ചിട്ടുണ്ട്. ഇവ കോഓർഡിനേഷൻ കമ്മിറ്റി പരിശോധിച്ചു. നഗരസഭ റിപ്പോർട്ടിൽ അവ്യക്തതയുണ്ട്.

ഈ സാഹചര്യത്തിൽ നഗരസഭ അധികൃതരുമായി ചർച്ച ചെയ്ത് റിപ്പോർട്ട് നൽകാൻ KWA ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ചീഫ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി 2)തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്** |

**4.4 <u>അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത്</u>**

**അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 05.01.2024–ലെ കത്തും അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 12.12.2023–ലെ 2(1)–ാം നമ്പർ തീരുമാനവും (SRG/403/2024)**

**വിഷയം:–** ജലജീവൻ പദ്ധതി പ്രകാരം പൈപ്പ്ലൈൻ സ്ഥാപിച്ചപ്പോൾ തകർന്ന റോഡുകളുടെ പുനർനിർമ്മാണം സംബന്ധിച്ച്

അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിൽ ജലജീവൻ പദ്ധതിയുടെ ഭാഗമായി തകരാറിലായ റോഡുകൾ പുനർനിർമ്മിക്കേണ്ടതുണ്ട്. ഇപ്പോൾ പൈപ്പ് ലൈൻ സ്ഥാപിച്ച 29 കിലോമീറ്ററും ഇനി പൂർത്തീകരിക്കാനുള്ള 19 കിലോമീറ്ററും അടക്കം ആകെ 48 കിലോമീറ്റർ റോഡ് പുനർ നിർമ്മിക്കണം. ഒരു കിലോമീറ്ററിന് 12 ലക്ഷം രൂപ വീതം ആകെ 5.76 കോടി രൂപ റോഡ് പുനർ നിർമ്മാണത്തിന് ആവശ്യമായി വരും. ഗ്രാമപഞ്ചായത്തിന് ഈ തുക കണ്ടെത്താൻ ബുദ്ധിമുട്ടായതിനാൽ ഈ റോഡുകളുടെ പുനർനിർമ്മാണത്തിനാവശ്യമായ ഫണ്ട് അനുവദിച്ചു നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :–** ഇതിനായി പ്രത്യേക ഫണ്ട് അനുവദിക്കണമെന്ന ആവശ്യം പരിഗണിച്ചില്ല.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്** |

**4.5 <u>കൂട്ടിക്കൽ ഗ്രാമപഞ്ചായത്ത്</u>**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.03.2024–ലെ കത്തും കൂട്ടിക്കൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 11.09.2023 –ലെ 11–ാം നമ്പർ തീരുമാനവും (SRG/377/24 – CC /220/24)**

**വിഷയം:–** ജലനിധി പദ്ധതിക്കായി ലഭിച്ച തുകയിൽ ബാക്കി തുക മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതു സംബന്ധിച്ച്

കൂട്ടിക്കൽ ഗ്രാമപഞ്ചായത്തിൽ ജലനിധി കുടിവെള്ള പദ്ധതിക്കായി ലഭിച്ച വിഹിതത്തിൽ 30,17,594 രൂപ ബാക്കിയുണ്ട്. ഈ തുക കൂട്ടിക്കൽ SBI ബാങ്കിലാണ് ഉള്ളത്. ഗ്രാമപഞ്ചായത്തിലെ എല്ലാ കുടിവെള്ള പദ്ധതികളും ജലജീവൻ പദ്ധതി മുഖേന നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഈ ഗ്രാമപഞ്ചായത്ത് പ്രളയ ബാധിത പ്രദേശമാണ് എന്നതു കൂടി പരിഗണിച്ച് കൂട്ടിക്കൽ ഗ്രാമപഞ്ചായത്തിൽ മറ്റ് അടിസ്ഥാന

സൗകര്യമൊരുക്കുന്നതിന്  ഈ തുക ഉപയോഗിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച് .

**തീരുമാനം :-** 2021 ഒക്ടോബർ 16-നുണ്ടായ കൊടിയ പ്രളയത്തിൽ വലിയ നാശനഷ്ടം ഗ്രാമപഞ്ചായത്തിൽ ഉണ്ടായി എന്നതു പരിഗണിച്ച് കുടിവെള്ളത്തിനു പുറമെ ജലസംരക്ഷണ പ്രവർത്തനങ്ങൾ, ജല വിതരണ സംവിധാനങ്ങളുടെ അറ്റകുറ്റപ്പണി തുടങ്ങിയവയ്ക്ക് കൂടി മാത്രം ഈ തുക ഉപയോഗിക്കാൻ നിർദ്ദേശിക്കുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്** |

4.6 <u>**പൊന്നാനി നഗരസഭ**</u>

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.02.2024-ലെ കത്തും പൊന്നാനി നഗരസഭാ സെക്രട്ടറിയുടെ 02.02.2024-ലെ H1-5060/23 -ാം നമ്പർ കത്തും (SRG/238/24 - CC/79/24)**

**വിഷയം:-** കുടിവെള്ള വിതരണത്തിന് അധികമായി തുക ചെലവഴിച്ചതിന് അനുമതി സംബന്ധിച്ച്

സർക്കാരിന്റെ 06.03.2023-ലെ 564/2023/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും വേനൽക്കാലത്ത് കുടിവെള്ള വിതരണത്തിന് തനത്/വികസനഫണ്ട് ഉപയോഗിക്കുന്നതിന് നിബന്ധനകൾക്ക് വിധേയമായി അനുമതി നൽകിയിരുന്നു. 31.03.2023 വരെ 12.00 ലക്ഷം രൂപയും 01.04.2023 മുതൽ 31.05.2023 വരെ 17.00 ലക്ഷം രൂപയും ചെലവഴിക്കാനാണ് മുനിസിപ്പാലിറ്റികൾക്ക് അനുമതി നൽകിയിരുന്നത്. വരൾച്ച രൂക്ഷമായ പ്രദേശങ്ങളിൽ ജൂൺ 15 വരെയോ മഴ ലഭിക്കുന്നതുവരെയോ കുടിവെള്ള വിതരണം നടത്താമെന്ന് 02.06.2023-ൽ പ്രത്യേക സർക്കാർ ഉത്തരവ് നൽകിയിരുന്നു. ഇതനുസരിച്ച് 2023 ജൂൺ 15 വരെ ആകെ 12,52,200 രൂപ നഗരസഭ ചെലവഴിച്ചിട്ടുണ്ട്.

എന്നാൽ പൊന്നാനി നഗരസഭ പ്രദേശത്ത് കാലവർഷം കനക്കുന്നതോടെ കടൽക്ഷോഭം രൂക്ഷമാകുകയും കടൽതീരത്തെ കുടിവെള്ള സ്രോതസ്സ് മലിനമാവുകയും ചെയ്യും. ഈ പ്രദേശങ്ങളിൽ കാലവർഷക്കാലത്ത് കുടിവെള്ളക്ഷാമം ഉണ്ടാകും. ഈ സാഹചര്യത്തിൽ നഗരസഭ ജൂൺ മുതൽ സെപ്റ്റംബർ വരെ കുടിവെള്ളം വിതരണം ചെയ്യാറുണ്ട്. മുൻകാലങ്ങളിൽ തനത് ഫണ്ടിൽ നിന്നാണ് തുക നൽകിയിരുന്നത്. സർക്കാർ അനുമതിക്കു പുറമെ ജൂൺ 15 മുതൽ ഒക്ടോബർ 9 വരെ കുടിവെള്ള വിതരണത്തിനു വന്ന ചെലവ് താഴെപ്പറയും പ്രകാരമാണ്. ഈ തുക CFC ടൈഡ് ഗ്രാന്റിൽ നിന്ന് നൽകാനാണ് ഉദ്ദേശിക്കുന്നത്.

| ക്രമ നം | മാസം | ചെലവായ തുക (രൂപ) |
|---|---|---|
| 1 | 15.06.2023 മുതൽ 30.06.2023 വരെ | 1,68,800 |
| 2 | ജൂലൈ | 4,35,200 |
| 3 | ഓഗസ്റ്റ് | 2,78,400 |
| 4 | സെപ്റ്റംബർ | 4,31,840 |
| 5 | 01.10.2023 മുതൽ 09.10.2023 വരെ | 1,40,000 രൂപ |
| | **ആകെ** | **14,54,240 രൂപ** |

ഈ തുക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. ഈ വർഷവും (2024-25) ഇതേ സാഹചര്യമുണ്ടാകുമെന്ന് നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

| | | |
|---|---|---|
| **തീരുമാനം:-** | **1)** | മുൻകാലങ്ങളിൽ ഇതിനായി തുക ചെലവഴിച്ചതിന് സർക്കാർ പ്രത്യേകാനുമതി നൽകിയതായി കാണുന്നില്ല എന്ന് യോഗം നിരീക്ഷിച്ചു. |
| | **2)** | ജൂൺ മുതൽ ഒക്ടോബർ വരെ കുടിവെള്ള വിതരണം നടത്തേണ്ടതിന്റെ പ്രത്യേക സാഹചര്യം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്. |

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1)ഡയറക്ടർ, നഗരകാര്യ വകുപ്പ്<br>2)തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്** |

**4.7 <u>കരവാളൂർ ഗ്രാമപഞ്ചായത്ത്</u>**

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.02.2024-ലെ കത്തും കരവാളൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 25.09.2023-ലെ 1(14)-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/ 179/24 –** CC/1004/2023))

**വിഷയം:-** കുടുംബാരോഗ്യ കേന്ദ്രത്തിൽ നിയമിച്ച സ്റ്റാഫ് നേഴ്സിന് നൽകേണ്ട വേതന കുടിശ്ശിക നൽകുന്നത് സംബന്ധിച്ച്

കരവാളൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ ഈവനിംഗ് ഒ.പിയുടെ ഭാഗമായി ശ്രീമതി. നിള എസ്.പിള്ളയെ 25.06.2018 മുതൽ സ്റ്റാഫ് നേഴ്സായി നിയമിച്ചിട്ടുണ്ട്. ധനവകുപ്പിന്റെ 11.02.2021-ലെ 29/2021 ധന നമ്പർ ഉത്തരവ് പ്രകാരം സ്റ്റാഫ് നേഴ്സിന് നൽകാവുന്ന വേതനം 30,995 രൂപയാണ്. കോഓർഡിനേഷൻ കമ്മിറ്റിയുടെ 08.03.2023-ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള 10.07.2023-ലെ ഡി.ബി.3/143/2023/തസ്വഭവ സർക്കുലർ പ്രകാരം ദിവസവേതനം/കരാർ വ്യവസ്ഥകളിൽ നിയമിക്കുന്നവർക്ക് ധനവകുപ്പിന്റെ മുകളിൽ പറഞ്ഞ ഉത്തരവു പ്രകാരമുള്ള വേതനമാണ് നൽകേണ്ടത്. ഇതിന് 2023 ഏപ്രിൽ ഒന്നു മുതൽ പ്രാബല്യമുണ്ട്. എന്നാൽ സ്റ്റാഫ് നേഴ്സായ ശ്രീമതി നിള എസ്. പിള്ളയ്ക്ക് 2023 ഏപ്രിൽ മാസം മുതൽ 24,520 രൂപ മാത്രമാണ് നൽകുന്നത്. ഇവർക്ക് നൽകാവുന്ന വേതനം എത്രയാണെന്ന് വ്യക്തമാക്കണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** കോഓർഡിനേഷൻ കമ്മിറ്റിയുടെ 08.03.2023-ലെ യോഗ തീരുമാനം ഖണ്ഡിക 3.2 അനുസരിച്ച് ദിവസവേതനം/ കരാർ വ്യവസ്ഥയിൽ നിയമിക്കപ്പെടുന്നവർക്ക് ധനവകുപ്പിന്റെ 11.02.2021-ലെ 29/2021/ധന ഉത്തരവ് പ്രകാരമുള്ള വേതനമാണ് നൽകാവുന്നത്. ഇതനുസരിച്ച് നിർദ്ദിഷ്ട യോഗ്യതയുള്ള സ്റ്റാഫ് നേഴ്സിന് 30,995 രൂപ വേതനം പുതിയ കരാറിൽ ഉൾപ്പെടുത്തി കരാർ പ്രാബല്യത്തിൽ വരുന്ന ദിവസം മുതൽ നൽകാവുന്നതാണെന്നറിയിക്കുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്** |

**4.8 <u>ചേർത്തല തെക്ക് ഗ്രാമപഞ്ചായത്ത്</u>**

**ചേർത്തല തെക്ക് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 06.03.2024-ലെ രണ്ട് കത്തുകളും കോഓർഡിനേഷൻ കമ്മിറ്റിയുടെ 08.03.2023-ലെ യോഗ തീരുമാനവും (ഖണ്ഡിക 4.93) അനുബന്ധരേഖകളും** (SRG/372/24)

**വിഷയം:-** ആയുർവേദ പാലിയേറ്റീവ് പ്രവർത്തനത്തിനുള്ള പ്രോജക്ട് നടപ്പാക്കിയതിന് സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്

ചേർത്തല തെക്ക് ഗ്രാമപഞ്ചായത്ത് 2022-23 വർഷം ആയുർവേദ പാലിയേറ്റീവ് പ്രവർത്തനത്തിനായി 10.00 ലക്ഷം രൂപയുടെ പ്രോജക്റ്റ് (വികസനഫണ്ട് ജനറൽ 5.00 ലക്ഷം, നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് 5.00 ലക്ഷം) എടുത്തിരുന്നു. ഇത് കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിക്കായി നൽകുകയും 08.03.2023-ലെ കോഓർഡിനേഷൻ കമ്മിറ്റി നിരസിക്കുകയും ചെയ്തു. പാലിയേറ്റീവ് പ്രവർത്തനത്തിന് ആയുർവേദ രീതി മാത്രം അനുവർത്തിക്കാവുന്നതല്ല എന്നതിനാൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള പാലിയേറ്റീവ് പ്രവർത്തനവുമായി ചേർന്ന് സേവനം നൽകാൻ കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് ഈ പ്രോജക്റ്റ് നടപ്പാക്കുകയും കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം വന്നതിനുശേഷവും 48,928 രൂപ ജീവനക്കാർക്ക് വേതനം നൽകുകയും ചെയ്തു. ഈ പ്രോജക്റ്റ് നടപ്പാക്കിയതിന്മേൽ ഓഡിറ്റ് കുറിപ്പുണ്ട്. കോഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിനു വിരുദ്ധമായി വേതനം നൽകിയ 48,928 രൂപ മെഡിക്കൽ ഓഫീസറിൽ നിന്ന് ഈടാക്കണമെന്ന് ഓഡിറ്റ് വകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്. തുടർന്ന് 2023-24 ലും ഇതേ പ്രോജക്റ്റ് (10.00 ലക്ഷം രൂപ വികസനഫണ്ട് ജനറൽ) നടപ്പാക്കുകയും ചെയ്തു. 2022-23-ലെ ഓഡിറ്റ് ബാധ്യത ഒഴിവാക്കി നൽകണമെന്നും 2023-24ൽ ഈ പ്രോജക്റ്റ് നടപ്പാക്കാൻ അനുമതി (സാധൂകരണം) നൽകണമെന്നുമുള്ള ആവശ്യം സംബന്ധിച്ച്

**തീരുമാനം:-**

1) ആവശ്യം നിരസിച്ചു.
2) ഓഡിറ്റ് കുറിപ്പുള്ള വിഷയം വകുപ്പുതലത്തിൽ പരിഗണനയ്ക്കായി നൽകാൻ നിർദ്ദേശിക്കുന്നു. ആയുർവേദ ചികിത്സാ വിധി മാത്രമുപയോഗിച്ച് പാലിയേറ്റീവ് പ്രവർത്തനം നടത്താൻ തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഉത്തരവില്ലാത്തതിനാലാണ് 08.03.2023-ലെ കോഓർഡിനേഷൻ കമ്മിറ്റി അനുമതി നിരസിച്ചത്. സർക്കാർ ഉത്തരവു പ്രകാരമുള്ള പാലിയേറ്റീവ് പ്രവർത്തനവുമായി ചേർന്ന് ഇത്തരം സേവനം നൽകാനാണ് കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചത്. ഇതിനു പകരം പ്രത്യേകമായി വാഹന വാടക, ജീവനക്കാർക്ക് വേതനം തുടങ്ങിയവ നൽകിയത് വീഴ്ചയാണ്. 2022-23-ൽ കോഓർഡിനേഷൻ കമ്മിറ്റി അനുമതി നിരസിച്ചിട്ടും 2023-24-ൽ ഇതേ ആവശ്യത്തിന് 10.00 ലക്ഷം രൂപയുടെ പ്രോജക്റ്റ് ഏറ്റെടുത്ത് 7,54,145 രൂപ ചെലവഴിച്ചത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയാണ്. അതിനാൽ ഇത് വകുപ്പുതലത്തിൽ പരിശോധിച്ച് തീരുമാനമെടുക്കാൻ നിർദ്ദേശിക്കുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.ബി/എ.ബി) വകുപ്പ്** |

4.9 <u>**പുന്നയൂർകുളം ഗ്രാമപഞ്ചായത്ത്**</u>

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.05.2024-ലെ കത്തും പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 28.12.2023-ലെ 10(1)-ാം നമ്പർ തീരുമാനവും പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 21.03.2024-ലെ SC 9731/23-ാം നമ്പർ തീരുമാനവും (SRG/458**/23)

**വിഷയം:-** കുടുംബാരോഗ്യ കേന്ദ്രത്തിൽ താല്കാലികമായി നിയമിച്ച ഡോക്ടർക്ക് ശമ്പള കുടിശ്ശിക നൽകുന്നത് സംബന്ധിച്ച്

പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിൽ അണ്ടത്തോട് കുടുംബാരോഗ്യകേന്ദ്രത്തിൽ 2019 ആഗസ്റ്റ് മാസം മുതൽ കരാറടിസ്ഥാനത്തിൽ ശ്രീമതി. അശ്വതി അശോക് എന്ന ഡോക്ടറെ നിയമിച്ചിട്ടുണ്ട്. ധനവകുപ്പിന്റെ ഉത്തരവ് പ്രകാരം ഈ സമയത്ത് നിലനിന്നിരുന്ന

വേതനത്തെക്കാൾ കുറഞ്ഞ വേതനമാണ് ഈ ഡോക്ടർക്ക് നൽകിയത് (ധനവകുപ്പിന്റെ 09.07.2019-ലെ 81/2019/ ധന നമ്പർ ഉത്തരവും 11.02.2021-ലെ 29/2021/ധന നമ്പർ ഉത്തരവും) ഈ കാലഘട്ടത്തിലെ കുടിശ്ശിക വേതനം നല്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** ഇത് പിന്നീട് പരിഗണിക്കുന്നതാണ്.

| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ് |
|---|---|

4.10 **പാലിയേറ്റീവ് നേഴ്സുമാരുടെ വേതനം**

**സർക്കാരിന്റെ LSGD – DB3/440/2023/LSGD നമ്പർ ഫയൽ (SRG/224/24)**

**വിഷയം:-** പാലിയേറ്റീവ് നേഴ്സുമാരുടെ വേതന വർദ്ധനവ് സംബന്ധിച്ച്

കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.09.2023-ലെ യോഗ തീരുമാനപ്രകാരം (ഖണ്ഡിക 3.1) പാലിയേറ്റീവ് നേഴ്സുമാരുടെ വേതനം 18,390 രൂപയിൽ നിന്ന് 24,520 രൂപയായി വർദ്ധിപ്പിച്ചിരുന്നു. ധനവകുപ്പിന്റെ 11.02.2021-ലെ 29/2021/ധന നമ്പർ ഉത്തരവിൽ പറയുന്ന **Junior Public Health Nurse (JPHN)** ന് നൽകാവുന്ന വേതനമാണ് നിശ്ചയിച്ചത്. **ANM/JPHN** കോഴ്സ് പാസ്സായവരെയും ജനറൽ നേഴ്സിംഗ് ആന്റ് മിഡ് വൈഫറി കോഴ്സ്/ ബി.എസ്.സി നേഴ്സിംഗ് കോഴ്സ് പാസായവരെയും നിർദ്ദിഷ്ട ട്രെയിനിംഗിന് ശേഷമാണ് നിയമിക്കാവുന്നത്. നിലവിൽ സേവനം അനുഷ്ഠിക്കുന്ന പാലിയേറ്റീവ് നേഴ്സുമാർക്കും തുടരാവുന്നതാണെന്നും 26.10.2023-ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ തീരുമാനിച്ചിരുന്നു. മറ്റു മാനദണ്ഡങ്ങൾ എല്ലാം വിശദമായി കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.09.2023-ലെ ഖണ്ഡിക 3.1-ൽ പരാമർശിച്ചിട്ടുണ്ട്. ധനവകുപ്പിന്റെ 11.02.2021-ലെ 29/2021/ധന നമ്പർ ഉത്തരവിലും ഭാവിയിൽ വരുത്തുന്ന ഉത്തരവിലും 'പാലിയേറ്റീവ് നേഴ്സ്' കാറ്റഗറി കൂടി ഉൾപ്പെടുത്താൻ ധനവകുപ്പിനോടാവശ്യപ്പെടാൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനിച്ചിരുന്നു. ഇതനുസരിച്ച് ഫയൽ ധനവകുപ്പിന്റെ പരിഗണനയ്ക്ക് അയച്ചുവെങ്കിലും ആവശ്യം അംഗീകരിച്ചിട്ടില്ല. ധനവകുപ്പിന്റെ തീരുമാനം കോഓർഡിനേഷൻ കമ്മിറ്റിയുടെ അറിവിലേയ്ക്ക് നൽകിയ പ്രകാരമുള്ള തീരുമാനം സംബന്ധിച്ച്

**തീരുമാനം :-** ധനവകുപ്പിന്റെ കുറിപ്പ് യോഗം വിശദമായി പരിശോധിച്ചു. ധനവകുപ്പ് ഇതിന്മേൽ അനുമതി നൽകുന്നതുവരെ കാലാകാലങ്ങളിൽ ധനവകുപ്പ് നിരക്ക് ഭേദഗതി ചെയ്യുന്നതനുസരിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് പ്രത്യേകമായി പരിഗണിച്ച് അതത് സമയത്ത് 26.09.2023, 26.10.2023 എന്നീ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങളുടെ കൂടി അടിസ്ഥാനത്തിൽ തീരുമാനമെടുക്കുന്നതാണ്.

| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ് |
|---|---|

4.11 **ആരോഗ്യവകുപ്പ് – ഇ ഹെൽത്ത് കേരള പ്രോജക്ട്**

**തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 11.04.2024-ലെ FM3/92/2024/LSGD നമ്പർ കത്തും ഇ- ഹെൽത്ത് പ്രോജക്ട് ഡയറക്ടറുടെ 27.03.2024-ലെ eHK/84/2021/OA കത്തും (SRG/ 411/24)**

**വിഷയം:-** ഇ- ഹെൽത്ത് പദ്ധതിക്കായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം ചെലവഴിക്കുന്നത് സംബന്ധിച്ച്

**' One citizen, One Electronic Health Record'** എന്ന ലക്ഷ്യത്തോടെ ആരോഗ്യവകുപ്പ് ഇ-ഹെൽത്ത് കേരള പ്രോജക്ട് നടപ്പാക്കുന്നുണ്ട്. ഈ പ്രോജക്ട് നടപ്പാക്കുന്നതിനായി താഴെപ്പറയുന്നവയ്ക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ വിഹിതം ലഭ്യമാക്കണമെന്നതു സംബന്ധിച്ച്.

1) ഇ- ഹെൽത്ത് പദ്ധതിയുടെ ഭാഗമായി കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ, നെറ്റ് വർക്കിംഗ് സൗകര്യം തുടങ്ങിയവ ഇ- ഹെൽത്ത് കേരള നൽകും. ഇവയ്ക്ക് 5 വർഷത്തെ വാറന്റി ഉണ്ട്. വാറന്റി സമയത്തിനുശേഷം ഈ ഉപകരണങ്ങളുടെ **AMC** ക്കും പുതിയ ഉപകരണങ്ങൾ ആവശ്യമായി വന്നാൽ അവ വാങ്ങാനുമുള്ള ചെലവ്.
2) ഇ-ഹെൽത്ത് കണക്ടിവിറ്റിയുടെ (പ്രൈമറി & സെക്കന്ററി) യുടെ ആവർത്തന ചെലവ്
3) കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ സ്റ്റേഷനറിക്കുള്ള ചെലവ്.
4) ആദ്യത്തെ 6 മാസത്തേയ്ക്ക് ഇ-ഹെൽത്ത് കേരള ആവശ്യമായ സാങ്കേതിക വിദഗദ്ധരെ നൽകും. തുടർന്നുള്ള കാലങ്ങളിലേയ്ക്ക് സാങ്കേതിക വിദഗദ്ധരെ ലഭ്യമാക്കാനുള്ള ചെലവ്.

**തീരുമാനം:-** മുകളിൽ പറഞ്ഞവയിൽ ക്രമനമ്പർ 1, 2, 3 നു വേണ്ടി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന് തനത്ഫണ്ട്, വികസനഫണ്ട് ജനറൽ, നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് എന്നിവ ഉപയോഗിക്കാൻ അനുമതി നൽകുന്നു. എന്നാൽ ആവർത്തന ചെലവു വരുന്ന ടെക്നിക്കൽ സപ്പോർട്ടിനാവശ്യമുള്ള ചെലവ് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് വഹിക്കാവുന്നതല്ല.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്** |

4.12 **പീരുമേട് മാർക്കറ്റിംഗ് കോഓപ്പറേറ്റീവ് സൊസൈറ്റി**

**പീരുമേട് മാർക്കറ്റിംഗ് കോഓപ്പറേറ്റീവ് സൊസൈറ്റി പ്രസിഡന്റിന്റെ 29.02.2024-ലെ കത്ത് (SRG/405/24)**

**വിഷയം:-** പീരുമേട് മാർക്കറ്റിംഗ് കോഓപ്പറേറ്റീവ് സൊസൈറ്റിയുടെ ഉല്പന്നങ്ങൾ വാങ്ങാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്നതു സംബന്ധിച്ച്

കർഷകർക്ക് ആവശ്യമായ വിവിധ ഉല്പന്നങ്ങളുടെ വില്പനയും സർവ്വീസും പീരുമേട് മാർക്കറ്റിംഗ് കോഓപ്പറേറ്റീവ് സൊസൈറ്റി (PMCS) നടത്തുന്നുണ്ട്. ഇതോടൊപ്പം PMCS വേപ്പിൻ പിണ്ണാക്ക്, ജൈവ ജീവാണു വളങ്ങൾ , കീടനാശിനികൾ എന്നിവയും നിർമ്മിക്കുന്നുണ്ട്. ഇവയ്ക്ക് ക്വാളിറ്റി ടെസ്റ്റ് റിപ്പോർട്ട് ഉണ്ടെന്നും ടെണ്ടർ കൂടാതെ വാങ്ങുന്നതിന് കൃഷി വകുപ്പിന്റെ അനുമതിയുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഇവ പരിഗണിച്ച് പരിശോധനയും അന്വേഷണവും നടത്തി ഈ ഉല്പന്നങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് PMCS-ൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം:-** PMCS സ്വന്തമായി ഉല്പാദിപ്പിക്കുന്നവ ഏതൊക്കെയാണ് , ഇവയുടെ ഗുണനിലവാരം തുടങ്ങിയവ സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ കൃഷി വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ട് നൽകുന്ന മുറയ്ക്ക് പിന്നീട് പരിഗണിക്കുന്നതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ഡയറക്ടർ, കൃഷി വകുപ്പ്<br>2)തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്** |

4.13 **ദി കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്**

**സർക്കാരിന്റെ 20.12.2023-ലെ കത്തും DA1/306/2023-ാം നമ്പർ കത്തും കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ മാനേജിംഗ് ഡയറക്ടറുടെ 04.12.2023-ലെ KSCMF/FERT/SCHEME -2023-ാം നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.11.2023-ലെ യോഗ തീരുമാനവും ഖണ്ഡിക 4.3 (SRG/132/24)**

**വിഷയം:-** കാർഷിക ഉല്പാദനോപാധികൾ മാർക്കറ്റ് ഫെഡിൽ നിന്നു നേരിട്ട് വാങ്ങാൻ അനുമതി സംബന്ധിച്ച്

തദ്ദേശഭരണ സ്ഥാപനങ്ങൾ കൃഷി ഭവൻ മുഖേന വിതരണം ചെയ്യുന്ന വിത്ത്, വിവിധ ഇനം വളങ്ങൾ, കാർഷിക ഉല്പാദനോപാധികൾ എന്നിവ ടെണ്ടർ/ക്വട്ടേഷൻ ഇല്ലാതെ മാർക്കറ്റ് ഫെഡിൽ നിന്നും വാങ്ങാൻ അനുമതി നൽകണമെന്ന് കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് ( മാർക്കറ്റ് ഫെഡ്) എം.ഡി ആവശ്യപ്പെട്ടിരുന്നു. ഈ ആവശ്യം കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.11.2023-ലെ യോഗം പരിഗണിച്ച് മാർക്കറ്റ് ഫെഡ് വളം, വിത്ത്, എന്നിവ എവിടെ നിന്നാണ് സംഭരിക്കുന്നത്, ഇതിന്റെ ഗുണനിലവാരം എങ്ങനെ ഉറപ്പാക്കുന്നു, വില എങ്ങനെയാണ് നിശ്ചയിക്കുന്നത് എന്നിവ സഹിതം നൽകാൻ നിർദ്ദേശിക്കുകയും ചെയ്തു. ഇതനുസരിച്ച് ഇനി പറയും പ്രകാരം റിപ്പോർട്ട് നൽകിയിട്ടുണ്ട്.

ഇന്ത്യയിലെ പ്രമുഖ രാസവള ഉല്പാദക വിപണന സ്ഥാപനങ്ങളായ **IFFCO, FACT, RCF, KRI BHCO, MFL, IPL** തുടങ്ങിയ സ്ഥാപനങ്ങളുടെ കേരളത്തിലെ മാർക്കറ്ററും അംഗീകൃത സംസ്ഥാനതല ഡിസ്ട്രിബ്യൂട്ടറും ആയി മാർക്കറ്റ് ഫെഡ് പ്രവർത്തിക്കുന്നുണ്ട്. വളങ്ങൾക്ക് FCO നിർദ്ദേശിക്കുന്ന ഗുണമേന്മ ഉറപ്പു വരുത്തുന്നുണ്ട്. ഉല്പാദക സ്ഥാപനങ്ങൾ നിശ്ചയിക്കുന്ന വിലയ്ക്കാണ് വിൽക്കുന്നത്. എല്ലുപൊടി, വേപ്പിൻ പിണ്ണാക്ക്, കടല പിണ്ണാക്ക് തുടങ്ങിയവ അംഗീകൃത ഉല്പാദകരിൽ നിന്നാണ് വാങ്ങുന്നത്. വിത്തുകൾ ഭാരത സർക്കാരിന്റെ ഉടമസ്ഥതയിലുള്ള നാഷണൽ സീഡ് കോർപ്പറേഷനിൽ നിന്നും വാങ്ങി സ്ഥാപനം നിശ്ചയിക്കുന്ന വിലയ്ക്ക് നൽകുന്നു.

ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാർക്കറ്റ് ഫെഡിൽ നിന്നും ടെണ്ടർ/ക്വട്ടേഷൻ കൂടാതെ മുകളിൽ പറഞ്ഞവ വാങ്ങാൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ കൃഷിവകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ഡയറക്ടർ, കൃഷി വകുപ്പ്**<br>**2)തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്** |

4.14 **ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി, വയനാട്**

**ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 19.02.2024-ലെ BDS/0319/4/2024 -ാം നമ്പർ കത്ത് (SRG/475/24)**

**വിഷയം:-** ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റിക്കുള്ള അക്രഡിറ്റേഷൻ ഉത്തരവിൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച്

ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി, വയനാട് വിവിധ മേഖലകളിൽ നിലവിലുണ്ടായിരുന്ന അക്രഡിറ്റേഷൻ പുതുക്കിക്കൊണ്ടും പുതിയ മേഖലയിൽ അക്രഡിറ്റേഷൻ അനുവദിച്ചുകൊണ്ടും 16.11.2021-ലെ 2277/2021/തസ്വഭവ നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. കൃഷി, ക്ഷീരവികസനം, മൃഗസംരക്ഷണം, വ്യവസായം, മാർക്കറ്റിംഗ്, പരിശീലനം ലബോറട്ടറി സേവനം

എന്നീ മേഖലകളിലാണ് മൂന്നു വർഷത്തേയ്ക്ക് അക്രഡിറ്റേഷൻ ഉള്ളത്. ഈ ഉത്തരവിൽ പ്രതിപാദിക്കുന്നവയോടൊപ്പം ബ്രഹ്മഗിരിയിൽ ഉല്പാദിപ്പിക്കുന്ന താഴെപറയുന്ന ഉല്പന്നങ്ങൾ കൂടി ഉൾപ്പെടുത്തണമെന്നതു സംബന്ധിച്ച്

| | | | |
|---|---|---|---|
| 1 | സാനിറ്റൈസർ | 6 | ക്ലോത്ത് വാഷ് |
| 2 | ഗ്ലോവാഷ് (ഫ്ലോർ ക്ലീനർ) | 7 | ഫാബ്രിക് സ്റ്റിഫ്നർ |
| 3 | ടോയിലറ്റ് ക്ലീനർ | 8 | ഡയറി ക്ലീൻ |
| 4 | ഹാൻഡ് വാഷ് | 9 | ഡിഷ് വാഷ് |
| 5 | സർഫെയ്സ് ക്ലീനർ | 10 | കാർവാഷ് |

**തീരുമാനം:-** ഇവകൂടി ഉൾപ്പെടുത്താൻ അനുമതി നൽകുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്** |

**4. 15 <u>കടത്തനാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ്</u>**

**കടത്തനാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് ചെയർമാന്റെ 18.01.2024-ലെ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.02.2019-ലെ (ഖണ്ഡിക 4.8) യോഗ തീരുമാനവും (SRG/ 370/24)**

**വിഷയം:-** കടത്തനാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിക്ക് ലഭിച്ച റിവോൾവിംഗ് ഫണ്ടിന്റെ തിരിച്ചടവ് സംബന്ധിച്ച്

കടത്തനാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിയുടെ സേവന പരിധിയിൽ വരുന്ന കുന്നുമ്മൽ, തൂണേരി ബ്ലോക്ക് പഞ്ചായത്തുകളുടെയും അതിലുൾപ്പെടുന്ന പതിനാല് ഗ്രാമപഞ്ചായത്തുകളുടെയും കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റേയും സഹായത്തോടെ കടത്തനാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി കാർഷിക മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ സംഭരണവും വിപണനവും നടത്താൻ പദ്ധതി തയ്യാറാക്കിയിരുന്നു. ഇതിനായി മുകളിൽ പറഞ്ഞ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സംയുക്ത പ്രോജക്ട് തയ്യാറാക്കാനും കമ്പനിക്ക് റിവോൾവിംഗ് ഫണ്ട് നൽകാനും 05.02.2019-ലെ കോഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകിയിരുന്നു. ഇതനുസരിച്ച് 47,70,455 രൂപ ഈ കമ്പനിക്ക് റിവോൾവിംഗ് ഫണ്ടായി നൽകി. ഇതിൽ ആകെ 5.00 ലക്ഷം രൂപയാണ് കടത്തനാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ജില്ലാവ്യവസായകേന്ദ്രം മാനേജർക്ക് തിരിച്ചടച്ചത്. കോവിഡ് മഹാമാരിയെ തുടർന്നുണ്ടായ സാമ്പത്തിക പ്രതിസന്ധി മൂലം ബാക്കി തുക തിരിച്ചടച്ചില്ല. ഈ സാഹചര്യത്തിൽ തിരിച്ചടവ് കാലാവധി 4 വർഷത്തേയ്ക്ക് നീട്ടി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം:-** കടത്തനാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിക്ക് റിവോൾവിംഗ് ഫണ്ട് നൽകിയപ്പോൾ നിശ്ചയിച്ചിരുന്ന നിബന്ധന എന്തായിരുന്നുവെന്ന് വ്യവസായകേന്ദ്രം ജനറൽ മാനേജർ/ മാനേജറുടെ റിപ്പോർട്ട് സഹിതം നൽകാൻ നിർദ്ദേശിക്കുന്നു. റിപ്പോർട്ട് കൂടി ഉൾപ്പെടുത്തി നൽകുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്** |

**4. 16 <u>തൃശ്ശൂർ ജില്ലാ പഞ്ചായത്ത്</u>**

**തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 07.07.2023-ലെ കത്തും അഗസ്റ്റിൻ ഉക്കൻ റീവൈറ്റലൈസിംഗ് ഏജൻസി ഡയറക്ടറുടെ 05.12.2023-ലെ കത്തും അനുബന്ധരേഖകളും (SRG/474/24)**

**വിഷയം:-** സ്കൂൾ വിദ്യാർത്ഥികൾക്ക് ലഹരി വിമുക്ത ബോധവൽക്കരണ ക്ലാസ് നടത്തുന്നത് സംബന്ധിച്ച്

തൃശ്ശൂർ ജില്ലയിലെ കോൺഗ്രിഗേഷൻ ഓഫ് ദി സിസ്റ്റേഴ്സ് ഓഫി ചാരിറ്റിയുടെ സാമൂഹ്യ പ്രവർത്തന വിഭാഗമാണ് അഗസ്റ്റിൻ ഉക്കൻ റീവൈറ്റലൈസിംഗ് ഏജൻസി (**AURA**). വിദ്യാർത്ഥികളുടെ ഇടയിൽ ലഹരിയുടെ ഉപയോഗം തടയുന്നതിന്റെ ഭാഗമായി വിദ്യാലയങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകളും ആഴ്ചതോറുമുള്ള ഫോളോഅപ്പ് പ്രോഗ്രാമുകളും ഈ സംഘടന നടത്തുന്നുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തനം വ്യാപിപ്പിക്കുകവാൻ **AURA** തയ്യാറാണെന്നറിയിച്ചിട്ടുണ്ട്. അതിനാൽ തദ്ദേശഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനുള്ള അനുമതി നൽകണമെന്നതു സംബന്ധിച്ച്. **AURA** നടത്തുന്ന ബോധവൽക്കരണ പരിപാടികളുടെ ചെലവുവിവരങ്ങൾ നൽകിയിട്ടുണ്ട്.

**തീരുമാനം:-** സംസ്ഥാന സർക്കാരിന്റെ 'വിമുക്തി മിഷൻ' സ്കൂളുകളിലും കോളേജുകളിലും ലഹരി വിമുക്ത പരിപാടികൾ നടപ്പാക്കുന്നുണ്ട്. **NSS, Student Police Cadet** തുടങ്ങിയ സംഘടനകളും ഇതുമായി സഹകരിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ വിമുക്തി മിഷനുമായി ചേർന്ന് ഈ പരിപാടി നടത്താൻ നിർദ്ദേശിക്കുന്നു.

| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് |
|---|---|

4.17 <u>തലക്കാട് ഗ്രാമപഞ്ചായത്ത്</u>

**തലക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 17.04.2024 ലെ A2-6842/2024-ാം നമ്പർ കത്തും തലക്കാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 05.03.2024-ലെ 1(11) -ാം നമ്പർ തീരുമാനവും കോഓർഡിനേഷൻ കമ്മിറ്റിയുടെ 22.01.2024-ലെ (ഖണ്ഡിക 4.97) തീരുമാനവും** (SRG/ 421/24)

**വിഷയം:-** സ്കൂളിലേക്ക് അദ്ധ്യാപകരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതു സംബന്ധിച്ച്.

തലക്കാട് ഗ്രാമപഞ്ചായത്തിൽ മാനേജ്മെന്റ് നിയന്ത്രണത്തിലുണ്ടായിരുന്ന ദേവീ സഹായ ലോവർ പ്രൈമറി സ്കൂളും മറ്റ വസ്തുക്കളും 06.02.2010 ന സർക്കാരിനു കൈമാറി ആധാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ നടപടി ക്രമങ്ങൾ പൂർത്തിയാക്കാത്തതിനാൽ സർക്കാർ ഏറ്റെടുത്തിട്ടില്ല. മാനേജ്മെന്റ് നിലവിലില്ലാത്തതിനാൽ ദൈനംദിന കാര്യങ്ങൾ തലക്കാട് ഗ്രാമപഞ്ചായത്താണ് നോക്കുന്നത്. സർക്കാർ രേഖ പ്രകാരം ഈ സ്കൂൾ 'മാനേജ്മെന്റ് സ്കൂളാ'യിട്ടാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. നിലവിൽ നാല് തസ്തികയുള്ള ഈ സ്കൂളിൽ 2023 മെയ് മാസത്തിൽ രണ്ട് അദ്ധ്യാപകർ വിരമിച്ചു. ലോവർ പ്രൈമറി സ്കൂൾ ടീച്ചർ (**LPST**) തസ്തികയിൽ ജില്ലയിൽ സംരക്ഷണാനുകൂല്യമുള്ള ആരും തന്നെ പുനർവ്യന്യസിക്കപ്പെടാതെ പുറത്തു നിൽക്കുന്നില്ല എന്നും 2023-24 വർഷം സംസ്ഥാനത്തെ ഗവ/എയ്ഡഡ് വിദ്യാലയങ്ങളിൽ താത്കാലിക അധ്യാപക നിയമനങ്ങൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട് എന്ന് മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർ 05.07.23 ൽ അറിയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സ്കൂളിന്റെ അക്കാദമിക ആവശ്യങ്ങൾ നിറവേറ്റുന്നതിന് അനുവദിക്കപ്പെട്ടതിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ (2എണ്ണം)സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് സംരക്ഷിത അദ്ധ്യാപകർ ജോലിയിൽ പ്രവേശിക്കുന്നതുവരെയോ 31.03.2025 മാർച്ച് വരെയോ വിദ്യാലയങ്ങൾ മധ്യവേനൽ അവധിക്ക് അടയ്ക്കുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ മുകളിൽ പറഞ്ഞ സ്കൂളിൽ ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. ഇതിനായി ഗ്രാമപഞ്ചായത്ത് തനതു വിഹിതമാണ് ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നത്.

**തീരുമാനം:-** ഈ സ്കൂളിന്റെ ഉടമസ്ഥത ഇപ്പോഴും സർക്കാരോ ഗ്രാമപഞ്ചായത്തോ ഏറ്റെടുത്തിട്ടില്ലാത്ത സാഹചര്യത്തിൽ ആവശ്യം നിരസിച്ചു. ഇതിനാവശ്യമായ അദ്ധ്യാപകരെ **PTA**മുഖേന നിയമിക്കുന്നതിന്റെ സാധ്യത പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്** |

4.18 **<u>കോട്ടയം നഗരസഭ</u>**

**കോട്ടയം മുനിസിപ്പൽ സെക്രട്ടറിയുടെ 21.11.2023-ലെ G1-13/1683/13/75 -ാം നമ്പർ കത്തും കോട്ടയം മുനിസിപ്പൽ 36-ാം വാർഡ് കൗൺസിലർ ശ്രീ.ജോസ് പള്ളിക്കുന്നേലിന്റെ 15.02.2024-ലെ 51/2024-ാം നമ്പർ കത്തും. (SRG/225/24)**

**വിഷയം:-** സർക്കാർ ധനസഹായത്തോടെ നിർമ്മിച്ച വീട് വിൽക്കുന്നത് സംബന്ധിച്ച്

കോട്ടയം മുനിസിപ്പാലിറ്റിയിലെ 33-ാം വാർഡിൽ താമസിക്കുന്ന ശ്രീമതി. ഉഷ തങ്കരാജ്, വാളൻ പറമ്പിൽ എന്ന വ്യക്തി 2012-13-ൽ ജനകീയാസൂത്രണ പദ്ധതിയിൽ 2.00 ലക്ഷം രൂപ ഭവന നിർമ്മാണത്തിന് ധനസഹായം കൈപ്പറ്റിയിരുന്നു. 12 വർഷക്കാലത്തേയ്ക്ക് വീട് വിൽക്കുകയോ അന്യാധീനപ്പെടുത്തുകയോ ചെയ്യില്ല എന്ന് നഗരസഭയുമായി ഈ വ്യക്തി 13.01.2013-ൽ കരാറിലേർപ്പെട്ടിരുന്നു. വീട് നിർമ്മാണം പൂർത്തീകരിക്കുന്നതിന് ബാങ്ക് വായ്പ എടുത്തിരുന്നു. വായ്പ തുക കുടിശ്ശിക ആയതിനാൽ ബാങ്ക് ജപ്തി നടപടി സ്വീകരിച്ചിട്ടുണ്ട്. വായ്പാ കുടിശ്ശിക അടയ്ക്കുന്നതിന് വീടും സ്ഥലവും വിൽക്കണം. ഇതിനായി മുനിസിപ്പാലിറ്റിയിൽ നിന്നും ലഭിച്ച ധനസഹായം പലിശ സഹിതം തിരികെ അടയ്ക്കാം എന്ന് ശ്രീമതി ഉഷ തങ്കരാജ് പറഞ്ഞിരുന്നു എങ്കിലും തിരികെ അടയ്ക്കാൻ കഴിഞ്ഞില്ല. വീടും സ്ഥലവും വിറ്റ് ബാങ്ക് വായ്പ തിരിച്ചടച്ച് ബാക്കി തുക ഉപയോഗിച്ച് വേറെ സ്ഥലവും വീടും വാങ്ങാൻ കഴിയുംവിധം ഗുണഭോക്താവ് നഗരസഭയുമായി ഏർപ്പെട്ട കരാറിൽ നിന്നൊഴിവാക്കണമെന്നതു സംബന്ധിച്ച്. ബാങ്ക് ലോൺ ക്ലോസ് ചെയ്ത് മറ്റൊരു വീടും സ്ഥലവും വാങ്ങി നൽകാൻ സമീപത്തുള്ള റബ്ബർ ഫാക്ടറി നടത്തുന്ന ആൾ തയ്യാറാണെന്ന് മുനിസിപ്പൽ കൗൺസിലറുടെ കത്തിൽ പറയുന്നുണ്ട്.

**തീരുമാനം :-** അനുയോജ്യമായ വീടും സ്ഥലവും ഗുണഭോക്താവിന് ലഭ്യമാക്കിയതിനു ശേഷം മാത്രമേ വീട് നിർമ്മാണത്തിന് കൈപ്പറ്റിയ തുകയും പലിശയും തിരിച്ചടയ്ക്കുന്നതിൽ നിന്നൊഴിവാക്കി വീട് വിൽക്കാവൂ എന്നു നിർദ്ദേശിക്കുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.ഇ) വകുപ്പ്** |

4.19 **<u>കോട്ടയം നഗരസഭ</u>**

**കോട്ടയം നഗരസഭാ സെക്രട്ടറിയുടെ 13.10.2023-ലെ G13-9867/19-ാം നമ്പർ കത്തും കോട്ടയം നഗരസഭാ കൗൺസിലറുടെ 15.02.2024-ലെ കത്തും അനുബന്ധരേഖകളും (SRG/226/24)**

**വിഷയം:-** വീട് അറ്റകുറ്റപ്പണിക്ക് ലഭിച്ച തുക തിരികെ അടയ്ക്കുന്നത് സംബന്ധിച്ച്

കോട്ടയം നഗരസഭയിലെ ജേക്കബ് ജോൺ വി. വട്ടച്ചിറത്തോപ്പിൽ, ചിങ്ങവനം പി.ഒ എന്ന വ്യക്തി വീട് അറ്റകുറ്റപ്പണിക്ക് 50,000 രൂപ 31.07.2018-ൽ മുനിസിപ്പാലിറ്റിയിൽ നിന്ന് കൈപ്പറ്റിയിരുന്നു. വെള്ളക്കെട്ട് മൂലം വീട് ഇപ്പോൾ വാസയോഗ്യമല്ല. പുതിയ വീട് നിർമ്മിക്കാൻ PMAY ഭവന പദ്ധതി പ്രകാരം ധനസഹായം ലഭിക്കണമെങ്കിൽ 50,000 രൂപ പലിശ സഹിതം തിരികെ ഗുണഭോക്താവ് അടയ്ക്കണം. സാമ്പത്തിക ബുദ്ധിമുട്ടുള്ളതിനാൽ ഇത് ഒഴിവാക്കി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** കൈപ്പറ്റിയ തുകയും പലിശയും തിരിച്ചടയ്ക്കുന്നതിൽ നിന്നൊഴിവാക്കി **PMAY** യിൽ സഹായം നൽകാൻ അനുമതി നൽകുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.ഇ) വകുപ്പ്** |

## 4.20 മതിലകം ബ്ലോക്ക് പഞ്ചായത്ത്

**മതിലകം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 18.08.2023, 19.03.2024 എന്നീ തീയതികളിലെ C-3468/23-ാം നമ്പർ കത്തുകളും കോഓർഡിനേഷൻ കമ്മിറ്റിയുടെ 22.01.2024-ലെ യോഗ (ഖണ്ഡിക 4.99) തീരുമാനവും അനുബന്ധരേഖകളും (SRG**/422/24)

**വിഷയം:-** ഐ.എ.വൈ. ഭവന പദ്ധതിയിൽ മിച്ചമുള്ള തുക ലൈഫ് ഭവന പദ്ധതിക്ക് ഉപയോഗിക്കുന്നത് സംബന്ധിച്ച്

മതിലകം ബ്ലോക്ക് പഞ്ചായത്തിന് ഐ.എ.വൈ വിഹിതമായി ലഭിച്ചതിൽ 1,74,53,791 രൂപ ചെലവഴിക്കപ്പെടാതെ മതിലകം ബാങ്ക് ഓഫ് ബറോഡയുടെ രണ്ട് അക്കൗണ്ടുകളിലായി ബാക്കിയുണ്ട്. കോഓർഡിനേഷൻ കമ്മിറ്റിയുടെ 11.01.2022-ലെ പൊതു തീരുമാനപ്രകാരം ഇങ്ങനെയുള്ള തുക 2021-22-ൽ ലൈഫ്/**PMAY(G)** പദ്ധതി പ്രകാരമുള്ള വീട് നിർമ്മാണത്തിന് ഉപയോഗിക്കാൻ അനുമതി നൽകിയിരുന്നു. 2021-22-ലെ ചെലവഴിക്കാതെ മിച്ചമുള്ള തുക 2022-23 വർഷത്തേയ്ക്ക് കൂടി ഉപയോഗിക്കാൻ 02.06.2022-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം അനുമതി നൽകി. എന്നാൽ ഈ തുക 2022-23 വർഷവും ഉപയോഗിക്കാൻ കഴിഞ്ഞില്ല. അതിനാൽ ഈ തുക ഇതേ ആവശ്യത്തിനായി 2023-24 വർഷം ഉപയോഗിക്കാൻ അനുമതി ആവശ്യപ്പെടുകയും വിഷയം കോഓർഡിനേഷൻ കമ്മിറ്റിയുടെ 22.01.2024 -ലെ യോഗത്തിൽ പരിഗണിക്കുകയും ചെയ്തു. എന്തുകൊണ്ട് 2021-22,2022-23 വർഷം ഈ തുക ഉപയോഗിച്ചില്ല എന്നതു സംബന്ധിച്ച് റിപ്പോർട്ട് സഹിതം നൽകാൻ യോഗം നിർദ്ദേശിച്ചു.

ലൈഫ് 2020 പ്രകാരമുള്ള ഗുണഭോക്താക്കളിൽ കൂടുതൽപേരും ഫെബ്രുവരി, മാർച്ച് മാസമാണ് എഗ്രിമെന്റ് വച്ചതെന്നും സാമ്പത്തികവർഷം അവസാനിക്കാറായതിനാൽ ഗഡുക്കൾ നൽകുന്നതിന് പദ്ധതി വിഹിതമാണ് ഉപയോഗിച്ചതെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതി വിഹിതം തന്നെ മുഴുവൻ ഉപയോഗിക്കാൻ കഴിയാഞ്ഞതിനാൽ **IAY**യിൽ മിച്ചമുള്ള തുക എടുത്തില്ല എന്ന് ബ്ലോക്ക് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ മിച്ചമുള്ള മുകളിൽപറഞ്ഞ തുക ചെലഴിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം:-** 2024-25-ൽ ലൈഫ് /PMAY ഗ്രാമീൺ ഗുണഭോക്താക്കൾക്ക് ഗഡുക്കൾ നൽകുമ്പോൾ IAY യിൽ ചെലവഴിക്കപ്പെടാതെ കിടക്കുന്ന വിഹിതം ആദ്യം ഉപയോഗിക്കണമെന്ന നിർദ്ദേശത്തോടെ അനുമതി നൽകുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.ഇ) വകുപ്പ്** |

4.21 <u>ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത്</u>

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.03.2024–ലെ കത്തും ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 09.02.2024–ലെ 1(10)–ാം നമ്പർ തീരുമാനവും വെറ്റിലപ്പാറ വില്ലേജ് ഓഫീസറുടെ 30.11.2022 –ലെ 1590/22–ാം നമ്പർ ആയി നൽകിയ സാക്ഷ്യപത്രവും** (SRG/378/24 – CC/233/24)

**വിഷയം:–** ലൈഫ് ഭവന പദ്ധതി പ്രകാരം വീട് നിർമ്മിക്കുന്നതിന് ഭൂമി വാങ്ങി നൽകുന്നത് സംബന്ധിച്ച്

ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിൽ ശ്രീ.രാജു. നെല്ലിയായി, ഓടക്കയം എന്ന വ്യക്തി ഭൂരഹിത ഭവന രഹിതരുടെ ലൈഫ് ലിസ്റ്റിൽ ക്രമനമ്പർ 24 ആയി ഉൾപ്പെട്ടിട്ടുണ്ട്. നികുതി അടയ്ക്കുന്ന 10 സെന്റ് സ്ഥലം ഇവർക്ക് സ്വന്തമായുണ്ട്. എന്നാൽ ഈ ഭൂമി ഉരുൾപൊട്ടാൻ സാധ്യതയുള്ള പ്രദേശത്താണെന്നും ഈ സ്ഥലം വാസയോഗ്യമായ വീട് നിർമ്മിക്കുന്നതിന് സാധിക്കാത്തതുമാണെന്നും വെറ്റിലപ്പാറ വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അതിനാൽ വീട്ട നിർമ്മിക്കാൻ വേറെ ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകാൻ പ്രത്യേക അനുമതി നൽകണമെന്നതു സംബന്ധിച്ച് .

**തീരുമാനം:–** ഉരുൾപൊട്ടൽ സാധ്യതയുള്ള ഇപ്പോഴത്തെ സ്ഥലം ഗ്രാമപഞ്ചായത്തിനു കൈമാറണമെന്ന നിർദ്ദേശത്തോടെ വീട് നിർമ്മിക്കുന്നതിന് വേറെ സ്ഥലം വാങ്ങി നൽകാൻ അനുമതി നൽകുന്നു ഒപ്പം ഈ കുടുംബത്തിന് റീ ബിൽഡ് കേരളയിൽ വീട്ട നിർമ്മിച്ചു നൽകാൻ കഴിയുമോ എന്നതിന്റെ സാധ്യതയും ഗ്രാമപഞ്ചായത്ത് പരിശോധിക്കണം. ഇതിനാവശ്യമായ സഹായം ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ നൽകണം.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.ഇ) വകുപ്പ്** |

4.22 <u>പോത്തുകല്ല് ഗ്രാമപഞ്ചായത്ത്</u>

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.03.2024–ലെ കത്തും അനുബന്ധരേഖകളും** (SRG/320/24 – CC/154/24)

**വിഷയം:–** ലൈഫ് ഗുണഭോക്താവിന്റെ റേഷൻകാർഡ് നമ്പറിലെ പിശക് തിരുത്തുന്നത് സംബന്ധിച്ച്

പോത്തുകല്ല് ഗ്രാമപഞ്ചായത്തിൽ ശ്രീമതി.ബിന്ദു D/O മധു, ഇരുട്ടുകുത്തി കോളനി എന്ന വ്യക്തി ഭൂരഹിത ഭവന രഹിത പട്ടികവർഗ്ഗ അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. ഈ കുടുംബത്തിന്റെ യഥാർത്ഥ റേഷൻ കാർഡ് നമ്പറും ലൈഫ് ലിസ്റ്റിൽ ചേർത്തിട്ടുള്ള റേഷൻകാർഡ് നമ്പറും വ്യത്യസ്തമാണ്. ശരിയായ റേഷൻ കാർഡ് നമ്പർ 2052144595 ആണ്. ലൈഫ് ലിസ്റ്റിൽ ചേർത്തിരിക്കുന്ന നമ്പർ 2052122007 എന്നാണ്. ഈ നമ്പറിൽ മറ്റൊരു പട്ടികവർഗ്ഗ ലൈഫ് ഗുണഭോക്താവുണ്ട്. അതിനാൽ യഥാർത്ഥ റേഷൻ കാർഡ് നമ്പർ ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണമെന്നതു സംബന്ധിച്ച്.

**തീരുമാനം:–** രേഖകൾ പരിശോധിച്ച് പിശകു സംഭവിച്ചിട്ടുണ്ടെങ്കിൽ പരിഹരിക്കാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ**<br>**2)തദ്ദേശസ്വയംഭരണ(ഡി.ഇ) വകുപ്പ്** |

4.23 **ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത്**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 23.02.2024-ലെ കത്തും ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 29.01.2024-ലെ 1004/23-ാം നമ്പർ കത്തും ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 25.01.2024-ലെ 1(3)-ാം നമ്പർ തീരുമാനവും (SRG/253/24, 254/24 - CC/63/24, CC/62/2024)**

**വിഷയം:-** ആലത്തൂർ ബ്ലോക്ക് പഞ്ചായത്തിന്റെ PM JANMAN പദ്ധതിയിൽ നിന്ന് ഒഴിവാക്കപ്പെട്ട ഗുണഭോക്താക്കളെ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്

കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ 15.02.2023-ലെ **J.11013/2/2023 RH POI (386669)** നമ്പർ കത്തു പ്രകാരം നടത്തിയ സർവ്വേയിലൂടെ ശ്രീമതി. സുലോചന **W/o** വേലായുധൻ, ശ്രീമതി. തങ്കമണി, **W/o** കുഞ്ചുമണി, ശ്രീമതി മാധവി **W/o** കുപ്പൻ, ശ്രീ. ശെൽവൻ **S/o** അയ്യാസ്വാമി എന്നിവരെ (നാലു കുടുംബം) പ്രധാനമന്ത്രി ജൻജാതി ആദിവാസി ന്യായമഹാ അഭിയാൻ **(PM JANMAN)** പദ്ധതിയിൽ വീട് നിർമ്മിച്ചു നൽകുന്നതിനുള്ള ലിസ്റ്റിൽ ഉൾപ്പെടുത്തി. ഈ ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിക്കുകയും ചെയ്തു. ഇവർ **PMAY(G)** ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നവരാണ്. **PMAY(G)** ലിസ്റ്റിൽ നിന്ന് ഒഴിവാക്കിയാൽ മാത്രമേ **PM JANMAN** പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയുമെന്നതിനാൽ **PMAY(G)**നിന്ന് ഇവരെ ഒഴിവാക്കി. ഈ ഗുണഭോക്താക്കൾ പട്ടികവർഗ്ഗ വിഭാഗമായ മലയൻ വിഭാഗത്തിൽപ്പെട്ടവരാണ്. ഈ വിഭാഗം **MoR** യുടെ സെറ്റിൽ ഉൾപ്പെട്ടിട്ടില്ല. അതിനാൽ ഇവരെ **PM JANMAN** പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയാത്ത സാഹചര്യമാണ് ഇപ്പോൾ. **PMAY(G)** ലിസ്റ്റിൽ നിന്ന് ഒഴിവാക്കപ്പെട്ടതിനാൽ ഇപ്പോൾ ഭവന നിർമ്മാണത്തിനുള്ള ഒരു ഗുണഭോക്തൃ ലിസ്റ്റിലും ഇവർ ഇല്ല. അതിനാൽ ഇവരെ ലൈഫ് ഭവന ലിസ്റ്റിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം:-**

1) രേഖകൾ വിശദമായി പരിശോധിക്കാതെ ഈ ഗുണഭോക്താക്കളെ **PMAY(G)** ലിസ്റ്റിൽ നിന്നൊഴിവാക്കിയത് വീഴ്ചയാണ്.
2) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാണ് എന്നതു കൂടി പരിഗണിച്ച് ഇവർക്ക് നിർദ്ദിഷ്ട യോഗ്യത ഉണ്ടെങ്കിൽ ലൈഫ്/**PMAY** പദ്ധതി പ്രകാരം വീട് നിർമ്മിച്ചു നൽകാൻ അനുമതി നൽകുന്നു

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.ഇ) വകുപ്പ്** |

4.24 **ആറളം ഗ്രാമപഞ്ചായത്ത്**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.02.2024-ലെ കത്തും എസ്.സി. പ്രമോട്ടറുടെ 02.11.2023-ലെ കത്തും ആറളം ഗ്രാമപഞ്ചായത്തു ഭരണസമിതിയുടെ 24.11.2023-ലെ 7/1/2023-ാം നമ്പർ തീരുമാനവും (SRG/229/24 - CC /85/ 2024)**

**വിഷയം:-** അതിദരിദ്ര പട്ടികയിലുൾപ്പെട്ട കുടുംബത്തിന് വീടു നിർമ്മിച്ചു നൽകുന്നത് സംബന്ധിച്ച്

ആറളം ഗ്രാമപഞ്ചായത്തിൽ അതിദരിദ്ര ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള പട്ടികജാതി വിഭാഗത്തിലെ ശ്രീ.ജോയി പള്ളിപ്പറമ്പിൽ **(ID No. 43145)** നെട്ടമുണ്ട, പായം പി.ഒ എന്ന ഗുണഭോക്താവിന്റെ ഭവനം വാസയോഗ്യമല്ല. മുൻപുണ്ടായ തീപിടുത്തത്തിൽ റേഷൻ കാർഡ്, ആധാർ കാർഡ്, ജാതി സർട്ടിഫിക്കറ്റ് തുടങ്ങിയവ നശിച്ചു പോയി. രണ്ടു പെൺമക്കൾ വിവാഹിതരായി ഭർത്തൃ ഗൃഹത്തിലാണ് താമസം. ഈ വ്യക്തി ഒറ്റയ്ക്കാണ് താമസം. ഈ

വ്യക്തിക്ക് ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണത്തിനു ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം:-** ഈ കുടുംബത്തിനായി തയ്യാറാക്കിയിരിക്കുന്ന മൈക്രോപ്ലാനിൽ ഭവന നിർമ്മാണം ഉൾപ്പെടുത്തിയിട്ടില്ല. ആവശ്യം പരിഗണിച്ചില്ല. എന്നാൽ ഒറ്റക്ക് താമസിക്കുന്ന അതിദരിദ്ര്യ കുടുംബത്തിൽപ്പെട്ട ഗുണഭോക്താവിന് മാനദണ്ഡപ്രകാരം ചെയ്യാവുന്ന സഹായം ഗ്രാമപഞ്ചായത്ത് ചെയ്യേണ്ടതാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഐ.എ) വകുപ്പ്** |

### 4.25 കൊടുവായൂർ ഗ്രാമ പഞ്ചായത്ത്

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.11.2023-ലെ കത്തും കൊടുവായൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 19.07.2023-ലെ 13(1)-ാം നമ്പർ തീരുമാനവും (SRG/1561/23 - CC/ 893/2023)**

**വിഷയം:-** തെറ്റായി ബിൽ തുക നൽകിയത് ക്രമീകരിക്കുന്നത് സംബന്ധിച്ച്

| | |
|---|---|
| **(i) പ്രോ.നം.93/23** | **അടങ്കൽ 5,00,000 രൂപ ( റോഡ് മെയിന്റനൻസ് ഗ്രാന്റ് )** |
| ***പേര് :- മണിമാർ കുളമ്പ് റോഡ് മെയിന്റനൻസ്*** | |
| **(ii) പ്രോ.നം.161/23** | **അടങ്കൽ 5.00 ലക്ഷം രൂപ (വികസനഫണ്ട് ജനറൽ)** |
| ***പേര് :- മണിമാർ കുളമ്പ് റോഡ് നവീകരണം*** | |

മുകളിൽ പറഞ്ഞ രണ്ടു പ്രോജക്ടുകളുടെയും നിർവ്വഹണ ഉദ്യോഗസ്ഥൻ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ആണ്. ഇവയിൽ പ്രോ.നം 161/23 ന്റെ പ്രവൃത്തി ആദ്യം പൂർത്തിയായി. എന്നാൽ ഇതിന്റെ ബിൽ തുക വികസന ഫണ്ട് (ജനറൽ) നൽകുന്നതിന് പകരം 93/23-ാം നമ്പർ പ്രോജക്ടിന്റെ അടങ്കലായ മെയിന്റനൻസ് ഗ്രാന്റ് റോഡിൽ നിന്നു നൽകി. പിന്നീടാണ് 93/2023-ാം നമ്പർ പ്രോജക്ട് പൂർത്തിയായത്. ഇതിന്റെ അടങ്കൽ നേരത്തെ മാറി ചെലവഴിച്ചതിനാൽ 191/23-ാം നമ്പർ പ്രോജക്ടിന്റെ അടങ്കലായ വികസനഫണ്ട് ജനറലിൽ നിന്നു നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** ഇത്തരം വീഴ്ചകൾ ഇനി ആവർത്തിക്കരുത് എന്ന നിർദ്ദേശത്തോടെ അനുമതി നൽകുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്** |

### 4.26 ആലപ്പാട് ഗ്രാമപഞ്ചായത്ത്

**ആലപ്പാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 28.02.2024-ലെ കത്തും കരുനാഗപ്പള്ളി ട്രഷറി ഓഫീസറുടെ സാക്ഷ്യപത്രവും അനുബന്ധരേഖകളും (SRG/249/24 - CC /497/23)**

**വിഷയം:-** അങ്കണവാടി പോഷകാഹാര വിതരണത്തിന്റെ ഭാഗമായി കുടുംബശ്രീ യൂണിറ്റിന് നൽകിയ തുക ക്രെഡിറ്റാകാത്തതു സംബന്ധിച്ച്

ആലപ്പാട് ഗ്രാമപഞ്ചായത്ത് അങ്കണവാടികൾക്കു വേണ്ടി അമൃതം ന്യൂട്രിമിക്സ് കുടുംബശ്രീയുടെ Ten Star Activity Group-ൽ നിന്നാണ് വാങ്ങിയത്. താഴെപ്പറയുന്ന വിധം നാല്ല ബില്ലുകളിലായി 4,79,219 രൂപ ഈ കുടുംബശ്രീ യൂണിറ്റിന് നൽകുന്നതിന് ട്രഷറിയിൽ സമർപ്പിച്ചിരുന്നു. എന്നാൽ ബാങ്ക് അക്കൗണ്ടിൽ വ്യത്യാസം ഉണ്ടായിരുന്നതിനാൽ

കുടുബശ്രീ യൂണിറ്റിന് തുക ലഭിച്ചില്ല. തുക സർക്കാർ അക്കൗണ്ടിലേയ്ക്ക് വരവു വച്ചു എന്ന് കരുനാഗപ്പള്ളി ട്രഷറി ഓഫീസർ അറിയിച്ചിട്ടുണ്ട്.

| ബിൽ തുക (രൂപ) | സർക്കാരിലേയ്ക്ക് ക്രഡിറ്റായ ദിവസം | ട്രഷറി സബ്ട്രഷറി, കരുനാഗപ്പള്ളി |
|---|---|---|
| 2,27,115 | 28.06.2022 | " |
| 1,26,052 | " | " |
| 1,20,298 | " | " |
| 5,754 | " | " |

ഈ തുക ഈ വർഷത്തെ പദ്ധതിയിൽ നിന്നു നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച് .

**തീരുമാനം :-** 1) അക്കൗണ്ട് നമ്പറിലെ പിശക് നേരത്തെ കണ്ടുപിടിക്കാത്തതും രണ്ടു വർഷത്തോളമായിട്ടും ഇതു പരിഹരിക്കാൻ നടപടി സ്വീകരിക്കാത്തതും നിർവ്വഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയാണ്. എന്ന് യോഗം വിലയിരുത്തി.

2) ഇത്തരം വീഴ്ചകൾ ഇനി ആവർത്തിക്കരുതെന്ന നിർദ്ദേശത്തോടെ അനുമതി നൽകുന്നു.

| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് |
|---|---|

## 4.27 കേരള റൂറൽ എംപ്ലോയ്മെന്റ് & വെൽഫെയർ സൊസൈറ്റി (ക്രൂസ്)

**കേരള റൂറൽ എംപ്ലോയ്മെന്റ് & വെൽഫെയർ സൊസൈറ്റി (ക്രൂസ്) സെക്രട്ടറിയുടെ 11.08.2023, 14.06.2023 എന്നീ തീയതികളിലെ A509/2021-ാം നമ്പർ കത്തും ക്രൂസ് ഡയറക്ടർ ബോർഡിന്റെ 22.07.2023 -ലെ 11(5)-ാം നമ്പർ തീരുമാനവും കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.10.2023-ലെ 4.12-ാം നമ്പർ തീരുമാനവും (SRG/189/2024 LSGD - IB1/69/2023/LSGD)**

**വിഷയം:-** ക്രൂസിന്റെ കീഴിലുള്ള ഗ്രാമലക്ഷ്മി മുദ്രാലയം നിർമ്മിക്കുന്ന ഉല്പന്നങ്ങൾ വാങ്ങുന്നത് സംബന്ധിച്ച്.

കേരള റൂറൽ എംപ്ലോയ്മെന്റ് & വെൽഫെയർ സൊസൈറ്റിയുടെ ഗ്രാമലക്ഷ്മി മുദ്രാലയം വിവിധ പ്രവർത്തനങ്ങൾ നടത്തുന്നതോടൊപ്പം ടോയിലറ്റ് ക്ലീനിംഗ് ഉല്പന്നങ്ങൾ കൂടി ഉല്പാദിപ്പിക്കുന്നുണ്ട്. കഞ്ചിക്കോട് ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ ഫ്ലോർ ക്ലീനർ, ടോയിലറ്റ് ക്ലീനർ, ബാത്ത് റൂം ക്ലീനർ എന്നിവ ഉല്പാദിപ്പിച്ച് 'Tergeo' എന്ന പേരിൽ താഴെപ്പറയുന്ന വിലയ്ക്ക് വിപണനം ചെയ്യുന്നു.

1) Tergeo Toilet Cleaner 0.5 L Rs. 85.00 (നികുതിയടക്കം)
2) Tergeo Floor Cleaner 0.5 L Rs. 85.00 (നികുതിയടക്കം)
3) Tergeo Phenyl Cleaner 0.5 L Rs. 55.00 (നികുതിയടക്കം)

ഇവ കുടുംബശ്രീ/ഹരിത കർമ്മസേന മുഖേന വില്പന നടത്താനുദ്ദേശിക്കുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾക്കും സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്കും ടെണ്ടർ/ക്വട്ടേഷൻ കൂടാതെ ഈ ഉല്പന്നങ്ങൾ വാങ്ങാൻ അനുമതി നൽകണമെന്നാവശ്യപ്പെട്ടിരുന്നു. ഈ വിഷയം കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.10.2023-ലെ യോഗത്തിൽ പരിഗണിക്കുകയും ഇത് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്ന് ഫയലായി സ്റ്റോർപർച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ പരിഗണനയ്ക്കായി നൽകാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു.

ഇതനുസരിച്ച് സ്റ്റോർ പർച്ചേസ് വകുപ്പ് 12.01.2024-ൽ തീരുമാനം തദ്ദേശസ്വയംഭരണ വകുപ്പിനെ അറിയിച്ചിട്ടുണ്ട്.

കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫയർ സൊസൈറ്റിയുടെ ഉല്പന്നങ്ങൾക്കൊന്നും തന്നെ സ്റ്റോർ പർച്ചേസ് വകുപ്പിൽ നിന്നും ടെണ്ടർ ഇളവ് അനുവദിച്ചിട്ടില്ല എന്ന് വകുപ്പ് അറിയിച്ചിരിക്കുന്നു. അതിനാൽ ക്രൂസിന്റെ ആവശ്യം നിരസിക്കാവുന്നതും സ്ഥാപനത്തോട് സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമുള്ള ക്വട്ടേഷൻ/ടെണ്ടർ നടപടികളിൽ പങ്കെടുക്കുന്നതിനും, Gem –ൽ രജിസ്റ്റർ ചെയ്യുവാനും നിർദ്ദേശം നൽകാവുന്നതുമാണ് എന്ന് സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റ് അറിയിച്ചിട്ടുണ്ട്.

ഇതിന്മേൽ തീരുമാനത്തിനായി കോഓർഡിനേഷൻ കമ്മിറ്റിക്ക് നൽകിയിരിക്കുന്നു.

**തീരുമാനം :-**

1) ക്രൂസിന്റെ ആവശ്യം നിരസിക്കുന്നു. സ്റ്റോർ പർച്ചേസ് വകുപ്പിന്റെ തീരുമാനപ്രകാരം നടപടി സ്വീകരിക്കാൻ കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫയർ സൊസൈറ്റിയോട് (ക്രൂസ്) നിർദ്ദേശിക്കുന്നു.
2) ക്രൂസിന്റെ പാലക്കാട്ടുള്ള സ്ഥലവും അടിസ്ഥാന സൗകര്യവും കൂടുതൽ തൊഴിൽ നൽകാൻ സാധിക്കുംവിധം മറ്റു സംരംഭങ്ങൾ തുടങ്ങുന്നതിന് സാധ്യത പരിശോധിച്ച് നടപടി സ്വീകരിക്കാൻ റൂറൽ ഡയറക്ടറെ ചുമതലപ്പെടുത്തി. ഇപ്രകാരം തുടങ്ങുന്ന സംരംഭങ്ങളിലേയ്ക്ക് ഇപ്പോൾ ജോലി ചെയ്യുന്നവരെ പുനർവിന്യസിപ്പിക്കാനും പ്രവർത്തനം വിപുലപ്പെടുത്താനും നടപടി സ്വീകരിക്കണം.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) റൂറൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് 2)തദ്ദേശസ്വയംഭരണ(ഐ.ബി) വകുപ്പ്** |

**4.28 <u>മത്സ്യഫെഡിന്റെ ന്യൂട്രിഫിഷ് ജൈവവളം</u>**

**ബഹു.മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യം വകുപ്പ മന്ത്രിയുടെ 07.02.2024–ലെ 75/Gen/2024/m/F, C &YA) Fish – നമ്പർ കത്ത് (SRG/404/24)**

**വിഷയം:-** മത്സ്യ ഫെഡിന്റെ ഉടമസ്ഥതയിലുള്ള ജൈവവള നിർമ്മാണ യൂണിറ്റിൽ നിന്ന് ന്യൂട്രിഫിഷ് വളം വാങ്ങുന്നതു സംബന്ധിച്ച്

പൊതു മേഖലാ സ്ഥാപനമായ മത്സ്യഫെഡിന്റെ ഉടമസ്ഥതയിൽ തൃശ്ശൂർ ജില്ലയിൽ അഴിക്കോട്ടും കോഴിക്കോട് ജില്ലയിൽ വെസ്റ്റ് ഹില്ലിലുമായി രണ്ടു ജൈവവള നിർമ്മാണ യൂണിറ്റുണ്ട്. ഈ യൂണിറ്റ് ഉല്പാദിപ്പിക്കുന്ന ജൈവവളം "ന്യൂട്രിഫിഷ്" എന്ന ബ്രാൻഡിലാണ് വിപണിയിൽ ഇറക്കുന്നത്. വികേന്ദ്രീകൃതാസൂത്രണ സബ്സിഡി -ധനസഹായ മാർഗ്ഗരേഖയിൽ (28.03.2022–ലെ 115/2022/തസ്വഭവ സർക്കാർ ഉത്തരവ്) തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന വിതരണം ചെയ്യാവുന്ന ജൈവവളങ്ങളുടെ കൂട്ടത്തിൽ മത്സ്യഫെഡിന്റെ ന്യൂട്രിഫിഷ് ഉൾപ്പെടുത്തിയിട്ടില്ല. 13.06.2009–ലെ 39932/ഡി.എ1/ 2008/തസ്വഭവ സർക്കുലർ പ്രകാരം മത്സ്യഫെഡിന്റെ ജൈവവളം വാങ്ങാൻ ടെൻഡർ നടപടി ആവശ്യമില്ല. ഇതുകൂടി പരിഗണിച്ച് മത്സ്യഫെഡിന്റെ ന്യൂട്രിഫിഷ് ജൈവവളം മുൻഗണന നൽകി വാങ്ങുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്നതു സംബന്ധിച്ച് .

**തീരുമാനം :-** മത്സ്യഫെഡ് പൊതുമേഖലാ സ്ഥാപനമായതിനാൽ മത്സ്യഫെഡിന്റെ ന്യൂട്രിഫിഷ് ജൈവവളം ഗുണനിലവാര മാനദണ്ഡം ഉറപ്പാക്കി കൃഷി ആവശ്യത്തിന് വാങ്ങുന്നതിന് അനുമതി നൽകുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്** |

### 4.29 ആലപ്പുഴ ജില്ലാ പഞ്ചായത്ത്

**ആലപ്പുഴ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 17.02.2024–ലെ LSGD/DP/ALP/64/2023–PL നമ്പർ കത്തും ആലപ്പുഴ ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 25.10.2023 –ലെ 3(4) –ാം നമ്പർ തീരുമാനവും (SRG/460/24)**

**വിഷയം:–** മൃഗസംരക്ഷണ മേഖലയിലെ പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച്

ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റെ മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ ജില്ലാ മൃഗസംരക്ഷണ ഓഫീസിലെ അഡ്മിനിസ്ട്രേഷൻ ചുമതല നിർവ്വഹിക്കുന്ന ഡെപ്യൂട്ടി ഡയറക്ടർ (AH) ആണ്. എ.ബി.സി. പദ്ധതികളുടെയും ജില്ലാ വെറ്ററിനറി കേന്ദ്രത്തിലുള്ള പദ്ധതികളുടേയും നിർവഹണം ഈ ഉദ്യോഗസ്ഥൻ നിർവ്വഹിച്ചുവരുന്നു. എന്നാൽ വെറ്ററിനറി കേന്ദ്രവുമായി ബന്ധപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥനായി ജില്ലാ വെറ്ററിനറി കേന്ദ്രത്തിലെ ചീഫ് വെറ്ററിനറി ഓഫീസറെ നിയമിക്കുകയാണെങ്കിൽ കൂടുതൽ കാര്യക്ഷമമാകുമെന്ന റിയിച്ചിരിക്കുന്നു. അതിനാൽ ജില്ലാ വെറ്ററിനറി കേന്ദ്രത്തിലെ ചീഫ് വെറ്ററിനറി ഓഫീസറെ എ.ബി.സി. പ്രോഗ്രാം ഒഴികെയുള്ള ജില്ലാ വെറ്ററിനറി കേന്ദ്രത്തിലെ പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥനായി നിയമിക്കണമെന്ന ആവശ്യം സംബന്ധിച്ച്

**തീരുമാനം:–** അനുമതി നൽകുന്നു. പൊതുവിഷയം 3.19 ബാധകമാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്** |

### 4.30 മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 23.02.2024–ലെ കത്തും മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 15.02.2024–ലെ B – 368/24–ാം നമ്പർ കത്തും കറുകച്ചാൽ സബ് ട്രഷറി ഓഫീസറുടെ 13.02.2024–ലെ കത്തും അനുബന്ധരേഖകളും (SRG/256/24 – CC /109/2024)**

**വിഷയം:–** കറവപശുക്കളെ വാങ്ങുന്നതിനുള്ള സബ്സിഡി ഗുണഭോക്താക്കൾക്ക് ലഭിക്കാത്തത് സംബന്ധിച്ച്.

മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് 2021–22 വർഷം കറവപശുക്കൾക്ക് സബ്സിഡി നൽകുന്നതിന് പ്രോജക്ട് തയ്യാറാക്കിയിരുന്നു. 40 ഗുണഭോക്താക്കൾക്ക് 30,000 രൂപ വീതം നൽകുന്നതിന് 12.00 ലക്ഷം രൂപയുടെ പ്രോജക്ടാണ് എടുത്തിരുന്നത്. ഇതിൽ താഴെപ്പറയുന്ന 6 ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകാൻ 6 ബില്ലുകളിലായി ആകെ 1.80 ലക്ഷം രൂപയുടെ ബിൽ തയ്യാറാക്കി കറുകച്ചാൽ സബ്ട്രഷറിയിൽ സമർപ്പിച്ചിരുന്നുവെങ്കിലും ഈ തുക സർക്കാർ അക്കൗണ്ടിലേയ്ക്ക് പോയി. ഇത് കറുകച്ചാൽ സബ് ട്രഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഈ തുക ബന്ധപ്പെട്ട ഗുണഭോക്താവിന് നൽകാൻ കഴിഞ്ഞ വർഷം പ്രോജക്ട് തയ്യാറാക്കിയിരുന്നു. ഇതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്

1. ശ്രീമതി. ജിൻസി റ്റി.ജി, കാലയിൻ, ചീരഞ്ചിറ. പി.ഒ
2. ശ്രീമതി. അനിത അനിൽകുമാർ, ചന്ദ്രവിലാസം, ഉമ്പിടി പി.ഒ
3. ശ്രീമതി.ഇന്ദുലേഖ കുസുമചന്ദ്രൻ, കരുണാലയം, മാടപ്പള്ളി . പി.ഒ
4. ശ്രീമതി. വിജയമ്മ, ഇടമണക്കുളം തൃക്കോതമംഗലം പി.ഒ
5. ശ്രീമതി.വിജയകുമാരി, മടത്തിൽ ഹൗസ്, പരിയാരം. പി.ഒ
6. ശ്രീമതി. സാറാമ്മ ജോൺ, കുന്നേൽ വീട്, പെരുമ്പനച്ചി പി.ഒ

**തീരുമാനം:-** **1.** 2024-25 വർഷത്തെ വിഹിതത്തിൽ നിന്ന് ഈ തുക നൽകാൻ അനുമതി നൽകുന്നു.

**2.** ഇത് 2021-22 വർഷം സംഭവിച്ച പിശകാണ്. ഇത്തരം വീഴ്ച ഇനി നിർവഹണ ഉദ്യോഗസ്ഥർ ആവർത്തിക്കരുതെന്ന് നിർദ്ദേശിക്കുന്നു.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്** |

4.31 **<u>കൊടകര ബ്ലോക്ക് പഞ്ചായത്ത്</u>**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.01.2024-ലെ കത്തും കൊടകര ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 19.01.2024-ലെ LSGD/BP/KDA(TSR)/85/23 -ാം നമ്പർ കത്തും (SRG/109/24 – CC/53/24)**

**വിഷയം:-** കുടുംബശ്രീ യൂണിറ്റിന്റെ വൈദ്യുതി കുടിശ്ശിക അടയ്ക്കുന്നത് സംബന്ധിച്ച്

കൊടകര ബ്ലോക്ക് പഞ്ചായത്തും കുടുംബശ്രീ ജില്ലാ മിഷനും കയർ വകുപ്പും സംയുക്തമായി 2018-ൽ ബ്ലോക്ക് പഞ്ചായത്തിന്റെ പട്ടികജാതി വനിതാ വ്യവസായ പാർക്കിൽ മൂന്ന് കുടുംബശ്രീ വനിതകൾ ചേർന്ന് "കൽപ്പക" കയർ യൂണിറ്റ് ആരംഭിച്ചിരുന്നു. കൊവിഡ് കാലം വരെ നല്ല രീതിയിൽ യൂണിറ്റ് പ്രവർത്തിച്ചു. കൊവിഡ് മഹാമാരിയെ തുടർന്ന് 3 വർഷമായി യൂണിറ്റ് പ്രവർത്തിക്കുന്നില്ല. എന്നാൽ ഈ യൂണിറ്റിന് 2,12,097 രൂപ വൈദ്യുതി കുടിശ്ശികയുണ്ട്. യൂണിറ്റ് പ്രവർത്തിക്കാതിരുന്ന സാഹചര്യത്തിൽ ഈ തുക അടയ്ക്കാൻ യൂണിറ്റിന് സാധിക്കില്ല. അതിനാൽ ബ്ലോക്ക് പഞ്ചായത്ത് തനത് ഫണ്ടിൽ നിന്ന് വൈദ്യുതി കുടിശ്ശിക അടയ്ക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** പ്രവർത്തനം നിന്നുപോയ യൂണിറ്റ് പുനരാരംഭിക്കാൻ നടപടി സ്വീകരിക്കണമെന്ന് ബ്ലോക്ക് പഞ്ചായത്തിനോട് നിർദ്ദേശിക്കുന്നു. യൂണിറ്റ് പുനരാരംഭിക്കുന്നതിന് കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്റർ, കയർ വകുപ്പിലെ ഉദ്യോഗസ്ഥർ എന്നിവരുടെയും കുടുംബശ്രീ യൂണിറ്റ് അംഗങ്ങളുടെയും യോഗം വിളിച്ച് വേണം നടപടി സ്വീകരിക്കേണ്ടത്. ഇത് പുനരാരംഭിക്കുമെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ഉറപ്പാക്കിയതിനുശേഷം മാത്രം വൈദ്യുതി കുടിശ്ശിക അടയ്ക്കാൻ അനുമതി നൽകുന്നു. ഇതു സംബന്ധിച്ച റിപ്പോർട്ട് ഗ്രാമവികസന കമ്മീഷണർക്ക് നൽകണം.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഐ.എ) വകുപ്പ്** |

4.32 **<u>മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത്</u>**

**ബത്തേരി.സുൽത്താൻബത്തേരി എം.എൽ.എയുടെ 05.03.2024 -ലെ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 22.01.2024-ലെ യോഗ തീരുമാനവും (ഖണ്ഡിക 4.73) അനുബന്ധരേഖകളും (SRG/441/24 )**

**വിഷയം:-** സപ്ലൈകോ മാവേലി സ്റ്റോറിന് കെട്ടിട വാടക നൽകുന്നത് സംബന്ധിച്ച്

മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിൽ നിലവിൽ രണ്ട് മാവേലിസ്റ്റോർ പ്രവർത്തിക്കുന്നുണ്ട്. ഒരു മാവേലിസ്റ്റോർ കൂടി തുടങ്ങാൻ ഉദ്ദേശിക്കുന്നു. ഇതിനായി പള്ളി വക വാടക കെട്ടിടം കണ്ടെത്തിയിട്ടുണ്ട്. ഈ കെട്ടിടത്തിന് ആദ്യത്തെ ഒരു വർഷം സൗജന്യമായും തുടർന്നുള്ള വർഷങ്ങളിൽ പ്രതിമാസം 8,000 രൂപ നിരക്കിലുമാണ് വാടക നൽകേണ്ടത്. നിലവിൽ മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന രണ്ട് മാവേലി സ്റ്റോറുകളുടെ വാടക സപ്ലൈകോയാണ് നൽകുന്നത്. 04.02.2013-ലെ 301/2013/തസ്വഭവ ഉത്തരവ് പ്രകാരം

പുതുതായി ആരംഭിക്കുന്ന മാവേലി സ്റ്റോറുകൾക്ക് അടുത്ത അഞ്ച് വർഷത്തെ വാടക രഹിത കെട്ടിടവും രണ്ടാമത് ആരംഭിക്കുന്ന മാവേലി സ്റ്റോറിന് അത് പ്രവർത്തിക്കുന്ന കാലത്തേയ്ക്ക് വാടക രഹിത കെട്ടിടവും ഒപ്പം കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്കും ഫർണിഷിംഗിനുമായി ഒരു ലക്ഷം രൂപയും നൽകാൻ ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനത്തിന് അനുമതിയുണ്ട്.

ഇതിന്റെ അടിസ്ഥാനത്തിൽ മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന മൂന്നാമത്തെ മാവേലി സ്റ്റോറിന്റെ വാടക നൽകാനും മാവേലി സ്റ്റോറിൽ അടിസ്ഥാന സൗകര്യമൊരുക്കാൻ 1.00 ലക്ഷം രൂപ സപ്ലൈകോ അക്കൗണ്ടിൽ അടയ്ക്കാനും അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു. ഇത് കോഓർഡിനേഷൻ കമ്മിറ്റിയുടെ 22.01.2024 ലെ യോഗം ചർച്ച ചെയ്യുകയും ആവശ്യം നിരസിക്കുകയും ചെയ്തു. എന്നാൽ മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് വന്യമൃഗശല്യം നേരിടുന്ന പ്രദേശമാണെന്നും മാവേലിസ്റ്റോർ തുടങ്ങിയാൽ പട്ടികവർഗ്ഗക്കാരടക്കമുള്ള സാധാരണക്കാർക്ക് പ്രയോജനപ്പെടുമെന്നും ചൂണ്ടിക്കാട്ടി കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം പുനഃപരിശോധിച്ച് ആവശ്യം പരിഗണിക്കണമെന്ന് ബഹു.സുൽത്താൻ ബത്തേരി എം.എൽ.എയുടെ ആവശ്യം സംബന്ധിച്ച്

**തീരുമാനം:-** ആദ്യം ആരംഭിച്ച രണ്ട് മാവേലി സ്റ്റോറിന്റേയും വാടക സപ്ലൈകോ ആണ് നൽകുന്നതെന്ന് പരിഗണിച്ച് ഇപ്പോൾ ആരംഭിക്കാൻ പോകുന്ന മാവേലി സ്റ്റോറിന്റെ വാടക ഗ്രാമപഞ്ചായത്ത് തനത്ഫണ്ടിൽ നിന്നു നൽകാൻ അനുമതി നൽകുന്നു. ഒപ്പം കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്കും ഫർണിഷിംഗിനുമായി ഒരു ലക്ഷം രൂപയും തനത് ഫണ്ടിൽ നിന്ന് ചെലവഴിക്കാവുന്നതാണ്. ആദ്യം ആരംഭിച്ച രണ്ട് മാവേലിസ്റ്റോറിന്റെയും വാടക സപ്ലൈകോ ആണ് നൽകുന്നതെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തണം

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ആർ.സി) വകുപ്പ്** |

**4.33 <u>മൈലപ്ര ഗ്രാമപഞ്ചായത്ത്</u>**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.02.2024-ലെ കത്തും അനുബന്ധരേഖകളും (SRG/350/24 - CC/155/24)**

**വിഷയം:-** MCF നായി പഞ്ചായത്ത് ഓഫീസിൽ നിർമ്മിച്ച സ്ഥലം ഓഫീസ് ആവശ്യത്തിനായി ഉപയോഗിക്കുന്നത് സംബന്ധിച്ച്

മൂന്ന് സെന്റ് സ്ഥലത്ത് നിർമ്മിച്ച കെട്ടിടത്തിലാണ് ഗ്രാമപഞ്ചായത്ത് ഓഫീസ് പ്രവർത്തിക്കുന്നത്. ഗ്രാമപഞ്ചായത്ത് ഓഫീസിൽ സ്ഥലപരിമിതിയുണ്ട്. 2021-22 വർഷം ശുചിത്വ മിഷൻ ഫണ്ടിൽ നിന്ന് 9.08 ലക്ഷം രൂപ മുടക്കി പഞ്ചായത്ത് ഓഫീസിന്റെ രണ്ടാം നിലയിൽ MCF നായി കെട്ടിട സൗകര്യം ഒരുക്കി . എന്നാൽ ഓഫീസിന്റെ സുരക്ഷ പരിഗണിച്ച് ഇവിടെ MCF ന്റെ പ്രവർത്തനം തുടങ്ങിയില്ല. ഇപ്രകാരം കെട്ടിടം നിർമ്മിച്ച് ശുചിത്വ മിഷൻ വിഹിതം പാഴാക്കി എന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം കുറിപ്പും എഴുതിയിട്ടുണ്ട്. MCF ന്റെ പ്രവർത്തനത്തിന് താൽക്കാലിക കെട്ടിടം പ്രതിമാസ വാടകയിൽ ഏർപ്പാടാക്കിയിട്ടുണ്ട്. കൂടാതെ 2023-24-ൽ MCF നായി കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് കെട്ടിടത്തിൽ സ്ഥലസൗകര്യമില്ലാത്തതിനാൽ MCF നായി നിർമ്മിച്ച സ്ഥലത്ത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനും സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾക്കുമായി ക്യാബിൻ നിർമ്മിച്ച് ഉപയോഗിക്കാൻ അനുമതി നൽകണമെന്നു സംബന്ധിച്ച്.

**തീരുമാനം:-** **1)** MCFനായി വേറെ കെട്ടിടം നിർമ്മിക്കുന്നതിനാലും മറ്റ് ക്രമീകരണം ഒരുക്കിയിട്ടുള്ളതിനാലും അനുമതി നൽകുന്നു

**2)** മൂന്നു സെന്റിൽ മാത്രം നിർമ്മിച്ചിരിക്കുന്ന ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ MCF ന് നിർമ്മാണ പ്രവൃത്തി നടത്തിയതും ഇതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകിയതും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വീഴ്ചയാണ്.

| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ് |
|---|---|

**4.34 പടിയൂർ ഗ്രാമപഞ്ചായത്ത്**

**പടിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 20.05.2024-ലെ SC1 - 249/2024-ാം നമ്പർ കത്തും പടിയൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 29.04.2024-ലെ 2(2)ാം നമ്പർ തീരുമാനവും** (SRG/455/24)

**വിഷയം:-** ആശ്രയ പദ്ധതിയിൽ ചെലവഴിക്കാതെ കിടക്കുന്ന തുക ഉപയോഗിക്കുന്നത് സംബന്ധിച്ച്

പടിയൂർ ഗ്രാമപഞ്ചായത്ത് 2008-09 ൽ വികസനഫണ്ട് (ജനറൽ) ഉപയോഗിച്ച് ആശ്രയ പദ്ധതിക്കായി 8,82,900 രൂപയുടെ പ്രോജക്ട് എടുത്തിരുന്നു. ആശ്രയ പദ്ധതിയുടെ കർമ്മ പദ്ധതി പ്രകാരം 5,08,955 രൂപ ചെലവഴിച്ചു. ബാക്കി തുകയായ 3,73,945 രൂപ ഇരിങ്ങാലക്കുട യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഈ തുക ആശ്രയ ഗുണഭോക്താക്കൾക്ക് ഭക്ഷണം നൽകുന്നതിന് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം:-** **1)** കുടുംബശ്രീയുടെ ചലഞ്ച് ഫണ്ട് ഉപയോഗിച്ച് ആശ്രയ ഗുണഭോക്താക്കൾക്ക് ഭക്ഷണകിറ്റ് നൽകുന്നുണ്ട്. ഈ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് ഇതിനായി പ്രത്യേക വിഹിതം വകയിരുത്തേണ്ടതില്ല എന്നു നിർദ്ദേശിക്കുന്നു.

**2)**ഈ തുക ആശ്രയ കുടുംബത്തിന്റെ മറ്റാവശ്യത്തിനോ അതിദരിദ്ര കുടുംബത്തിനോ ഉപയോഗിക്കാൻ നിർദ്ദേശിക്കുന്നു.

| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ(ഐ.എ) വകുപ്പ് |
|---|---|

**4.35 ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.02.2024-ലെ കത്തും ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 31.01.2024-ലെ 3(4) -ാം നമ്പർ തീരുമാനവും** (SRG/246/24 CC/92/2024)

**വിഷയം:-** RIDF ട്രാഞ്ചെ **XI** ൽ ഉൾപ്പെടുത്തിയ നിർമ്മാണ പ്രവൃത്തിയുടെ ബിൽ തുക നൽകിയത് ക്രമീകരിക്കുന്നത് സംബന്ധിച്ച്

ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിന് അനുവദിച്ച **RIDF** ട്രാഞ്ചെ **XI** ൽ ഉൾപ്പെടുത്തി 2006-07 ൽ തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്തിൽ റോഡ് നിർമ്മാണം തുടങ്ങിയിരുന്നു. എന്നാൽ കരാറുകാരൻ നിർമ്മാണത്തിൽ താമസമുണ്ടാക്കി. നിർമ്മാണം പൂർത്തിയായില്ലെങ്കിലും ബഹു.ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 19.07.2022 ൽ 8,17,569 രൂപ ബ്ലോക്ക് പഞ്ചായത്തിന്റെ **IAY** ഫണ്ടിൽ നിന്ന് എം ബുക്ക് പ്രകാരമുള്ള തുക കരാറുകാരന് നൽകി. ഈ തുക **IAY**യുടെ **SBI** പുലിയൂർ ശാഖയിലെ അക്കൗണ്ടിലേയ്ക്ക് ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് തിരികെ അടയ്ക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. കരാറുകാരൻ

നിർമ്മാണം വൈകിപ്പിച്ചതും ബഹു.ഹൈക്കോടതിയുടെ 15.09.2015-ലെ ഉത്തരവു നടപ്പാക്കാൻ വൈകിയതിനാലുമാണ് ഈ സാഹചര്യമുണ്ടായത്

**തീരുമാനം :-** ബഹു.ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നൽകിയ തുക ക്രമീകരിക്കുന്നതിനാണ് എന്നതിനാൽ അനുമതി നൽകുന്നു. എന്നാൽ 2006-07 ൽ തുടങ്ങിയ പ്രവൃത്തി പൂർത്തിയാക്കിയോ എന്നു പരിശോധിച്ച് നടപടി സ്വീകരിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തി.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് 2)തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ്** |

**4.36 <u>കൊല്ലം കോർപ്പറേഷൻ</u>**

**ബഹു.കൊല്ലം കോർപ്പറേഷൻ മേയറുടെ 30.05.2024-ലെ C1/40/24-ാം നമ്പർ കത്ത് (SRG/481/24)**

**വിഷയം:-** ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് തുക ഡിപ്പോസിറ്റ് ചെയ്യുന്നത് സംബന്ധിച്ച്

കൊല്ലം കോർപ്പറേഷൻ 2024-25 വർഷം താഴെപ്പറയുന്ന പ്രോജക്ടുകൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പാൻ ഉദ്ദേശിക്കുന്നു. ഇതിനായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനെ ഡെപ്പോസിറ്റിംഗ് ഏജൻസിയായി സുലേഖ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തണമെന്നതു സംബന്ധിച്ച്. ക്രമനമ്പർ 3, 4, 5 പദ്ധതി റിവിഷൻ സമയത്ത് എടുക്കാനുദ്ദേശിക്കുന്ന പ്രോജക്ടുകളാണ്.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക |
|---|---|---|---|
| 1 | 1431/24 | വനിതകൾക്ക് ഫിഷ് ബൂത്ത് | 50,00,000 |
| 2 | 549/24 | കൊല്ലം ബീച്ചിൽ ഇൻഡോർ മോഡൽ കടകൾ | 1,00,00,000 |
| 3 | | തങ്കശ്ശേരി ഡച്ച് കോട്ടയ്ക്ക് മുൻപിൽ ഫ്രീഡം പാർക്ക്, എം.ജി. പാർക്കിന് മുൻപിൽ മിറക്കിൾ പാർക്ക് | 90,00,000 |
| 4 | | കൊല്ലം നഗരം ചരിത്ര നഗരം പായ് കപ്പൽ മാതൃകയിൽ തങ്കശ്ശേരി പാർക്ക്, ജോർദ്ദാന്യസ് കത്തലാനി ഇബൻബത്തൂത്ത, മാർക്കോപോളോ എന്നീ വിദേശ സഞ്ചാരികളുടെയും മറ്റ് ചരിത്രകാരന്മാരുടെയും ചരിത്ര ബോർഡ് സ്ഥാപിക്കൽ | 90,00,000 |
| 5 | | മത്സ്യ തൊഴിലാളികൾക്ക് ലോക്കർ റൂം നിർമ്മാണം | 50,00,000 |

**തീരുമാനം :-** മാനദണ്ഡങ്ങൾക്ക് വിധേയമായി നേരിട്ട് നിർവ്വഹണം നടത്തുന്ന വിധം പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരത്തിനുശേഷം ധനവകുപ്പിന്റെ അനുമതിയോടെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് തുക ഡെപ്പോസിറ്റ് ചെയ്യുന്ന രീതി കോർപ്പറേഷന് അവലംബിക്കാവുന്നതാണ്. പ്രോജക്ടുകളുടെ സാങ്കേതിക വിശദാംശങ്ങൾ കൃത്യമായി രേഖപ്പെടുത്തണമെന്നും അവ മാർഗ്ഗരേഖയിലെ നിബന്ധനകൾക്ക് വിധേയമാണെന്നും ജില്ലാ ആസൂത്രണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥനും ഉറപ്പുവരുത്തണം.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്** |

4.37 <u>സ്റ്റുഡന്റ് പോലീസ് കേഡറ്റ്</u>

**തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 05.06.2024-ലെ LSGD/PD/21230/2024 –DPLA1/നമ്പർ കത്ത്** (SRG/517/24)

**വിഷയം:-** സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിക്കായി തദ്ദേശഭരണ സ്ഥാപനങ്ങൾ വിഹിതം നൽകുന്നത് സംബന്ധിച്ച്

നിലവിലെ മാർഗ്ഗരേഖ പ്രകാരം ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും സർക്കാർ/എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂളുകളിലെ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പരിശീലനത്തിനായി സ്കൂൾ ഒന്നിന് പരമാവധി 20000 രൂപ വരെ കേഡറ്റ് **(SPC)** പദ്ധതിക്കായി കോർപ്പറേഷനുകൾക്ക് സ്കൂൾ ഒന്നിന് 75,000 രൂപയും മറ്റ തദ്ദേശഭരണ സ്ഥാപനങ്ങളിലെ സ്കൂളുകളിൽ 50,000 രൂപ വീതവും നൽകുന്ന രീതിയിൽ നിരക്ക് വർദ്ധിപ്പിക്കണമെന്ന ആവശ്യം സംബന്ധിച്ച്

**തീരുമാനം :** പൊതു തീരുമാനം ഖണ്ഡിക 3.17 ബാധകമാണ്.

| | |
|---|---|
| **റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി** | **തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്** |

**(യോഗം ഉച്ചകഴിഞ്ഞ് 1.30 മണിക്ക് അവസാനിച്ചു)**

അനുബന്ധം

**<u>യോഗത്തിൽ പങ്കെടുത്തവർ</u>**

1. ബഹു. തദ്ദേശസ്വയംഭരണ – എക്സൈസ് വകുപ്പ് മന്ത്രി
2. മെമ്പർ, വികേന്ദ്രീകൃതാസൂത്രണ വിഭാഗം, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
3. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
4. സെക്രട്ടറി, ധനകാര്യം – റിസോഴ്സ് വകുപ്പ് (പ്രതിനിധി)
5. മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് (പ്രതിനിധി)
6. പ്രിൻസിപ്പൽ ഡയറക്ടർ & ഗ്രാമവികസന കമ്മീഷണർ, തദ്ദേശസ്വയംഭരണവകുപ്പ്
7. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ (പ്രതിനിധി)
8. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ (പ്രതിനിധി)
9. മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എസ്
10. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ
11. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
12. ഡയറക്ടർ പട്ടികജാതി വികസന വകുപ്പ് (പ്രതിനിധി)
13. ഡയറക്ടർ പട്ടികവർഗ്ഗ വികസന വകുപ്പ് (പ്രതിനിധി)
14. ഡയറക്ടർ ആരോഗ്യ വകുപ്പ് (പ്രതിനിധി)
15. ചീഫ് എഞ്ചിനീയർ, വാട്ടർ അതോറിറ്റി (പ്രതിനിധി)
16. ചീഫ് ടൗൺ പ്ലാനർ
17. മാനേജിംഗ് ഡയറക്ടർ, IMPACT കേരള